

# പ്രകാശം പരത്തുന്ന പ്രസ്ഥാനം

കൂട്ടിൽ മുഹമ്മദലി

# ഖുർആന്റെ യുദ്ധാസമീപനം

# ഖുർആന്റെ യുദ്ധസമീപനം

(പരിഷ്കരിച്ച പതിപ്പ്)

ശൈഖ് മുഹമ്മദ് കാരകുന്ന്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

**QURAANTE YUDHASAMEEPANAM** *(Malayalam)*
*(Religion/Islam)*
*By* SHAYKH MUHAMMED KARAKUNNU
Publishers:
**ISLAMIC PUBLISHING HOUSE,**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail: iphdir@eth.net
First Published: February 2002
Thired Revised Edition: March 2003
Typesetting : Rolex DTP Calicut
Cover : Naser Eramangalam
Printers: Kairali offset Prints, Chalappuram
Rights with the Publishers

Distribution:
I.P.H, M.P. Road, Kozhikode - 673 001, E-mail : iphcalicut@eth.net
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 682035
I.P.H, I.P.H. Tower, P.O. Road, Thrissur-1

**Price Rs : 20.00**

QUY Sub 20, SN 414/9000 ISBN 81-7204-875-0

# താളുകളിൽ


മുഖവുര ........ 9

1. മർദിതരുടെ യുദ്ധം ........ 13
2. ആദ്യയുദ്ധം ........ 19
3. സന്ധി ലംഘിച്ചവരോടുള്ള സമീപനം ........ 24
4. ഖുർആന്റെ യുദ്ധാഹ്വാനവും മതസ്വാതന്ത്ര്യവും ........ 28
5. കപടവിശ്വാസികളോടുള്ള സമീപനം ........ 32
6. ജൂത–ക്രൈസ്തവരോടുള്ള സമീപനം ........ 35
7. യുദ്ധത്തടവുകാരോടുള്ള സമീപനം ........ 39
8. യുദ്ധം ഖുർആനിലും ഋഗ്വേദത്തിലും ........ 42
9. നാലുതരം ബന്ധങ്ങൾ ........ 50
10. ബഹുദൈവാരാധകരും മസ്ജിദുൽ ഹറാമും ........ 56
11. ആരാണ് കാഫിറുകൾ ........ 61

# മുഖവുര

"നിന്നെ ഞാൻ കൊല്ലും!" കലിയിളകിയ ഖാബീൽ കൊലവിളി നടത്തി. "ഇല്ല; നീ എന്നെ കൊല്ലാനായി എന്റെ നേരെ കൈ നീട്ടിയാലും പകരം നിന്നെ കൊല്ലാനായി ഞാൻ നിന്റെ നേരെ കൈ നീട്ടുകയില്ല. കാരണം, പ്രപഞ്ചനാഥനായ അല്ലാഹുവെ ഞാൻ ഭയപ്പെടുന്നു." ഹാബീൽ ശാന്തനായി മൊഴിഞ്ഞു. കൊല ക്രൂരതയാണെന്നും നിത്യനാശത്തിനു നിമിത്തമാണെന്നും അയാൾ ഖാബീലിനെ ഉണർത്തി. പക്ഷേ, ഖാബീലിന്റെ കോപാഗ്നി കെട്ടടങ്ങിയില്ല. ഒരു കൂർത്ത കല്ലെടുത്ത് അയാൾ ഹാബീലിനെ കുത്തിക്കൊന്നു. ഭൂമി ആദ്യമായി മനുഷ്യന്റെ ചുടു ചോര വീണു നനഞ്ഞു. സത്യാസത്യ സമരത്തിന്റെ തുടക്കമായിരുന്നു അത്. ഇന്നും അത് അവിരാമം തുടരുന്നു. ഈ സംഭവത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഖുർആൻ ഒരു മഹാസത്യം വിളംബരം ചെയ്യുന്നു: "കൊലക്കുറ്റത്തിനു പകരമായോ ഭൂമിയിൽ നാശം വിതച്ചതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ കൊന്നാൽ അയാൾ മുഴുവൻ മനുഷ്യരെയും കൊന്നവനെപ്പോലെയാകുന്നു. ആരെങ്കിലും ഒരാൾക്ക് ജീവിതം നൽകിയാൽ അയാൾ മുഴുവൻ മനുഷ്യർക്കും ജീവനേകിയതു പോലെയാണ്." (5:32)

ഇന്നോളമുള്ള മനുഷ്യസമൂഹത്തിന്റെ ചരിത്രം സത്യാസത്യ സംഘട്ടനങ്ങളുടേതാണ്. നന്മയും തിന്മയും ശരിയും തെറ്റും ധർമവും അധർമവും നീതിയും അനീതിയും തമ്മിലുള്ള നിരന്തരസമരം. എന്നും എവിടെയും സന്മാർഗത്തിന്റെ ഭാഗത്ത് നിലയുറപ്പിച്ചത് പ്രവാചകന്മാരും അവരുടെ പാത പിന്തുടർന്ന വിശ്വാസി സമൂഹവുമായിരുന്നു. അതുകൊണ്ടുതന്നെ മുഷ്കും മുഷ്ടിയും വാളും വടിയും കത്തിയും കുന്തവുമായി രംഗം കയ്യടക്കിയിരുന്ന തിന്മയുടെ തേരാളികൾ അവരെ കഠിനമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. വെളിച്ചം തെളിയിക്കുന്ന വിളക്കുകൾ ഊതിക്കെടുത്താനും സത്യത്തിന്റെ ശബ്ദം പുറത്തുവരാതിരിക്കാനും

ഇരുട്ടിന്റെ ശക്തികൾ ആവതും ശ്രമിച്ചുകൊണ്ടേയിരുന്നു. എതിർപ്പിന്റെ നേരിയ സ്വരമോ പ്രതിഷേധത്തിന്റെ കൊച്ചലകളോ ഇല്ലാതെ സ്വൈരമായി വിഹരിക്കാനാണല്ലോ അധർമത്തിന്റെ ആളുകൾ ശ്രമിക്കുക. അതുകൊണ്ടുതന്നെ നന്മയുടെ ഭാഗത്ത് നിലയുറപ്പിച്ചവർ സദാ ആട്ടും തൊഴിയും അടിയും ഇടിയും വെട്ടുംകുത്തും ഏറ്റുവാങ്ങേണ്ടിവരുന്നു. നാടുംവീടും വെടിയാൻ നിർബന്ധിതരാവുന്നു. ഇത്തരം സാഹചര്യങ്ങളിൽ ആയുധമെടുക്കാനും എതിരാളികളെ നേരിടാനും മതം അനുമതി നൽകുന്നു. സത്യത്തിന്റെ സംസ്ഥാപനത്തിനും നീതിയുടെ നടത്തിപ്പിനും ചിലപ്പോഴെങ്കിലും യുദ്ധം അനിവാര്യമായിത്തീരുന്നു. ദൈവത്തിന്റെ അന്ത്യവേദഗ്രന്ഥമായ വിശുദ്ധഖുർആൻ യുദ്ധം അനുവദിക്കാനും ആവശ്യപ്പെടാനുമുള്ള കാരണവും അതുതന്നെ.

ഖുർആൻ പ്രഥമവും പ്രമുഖവുമായ പരിഗണന നൽകുന്നത് കാരുണ്യം, ദയ, വിനയം, വിട്ടുവീഴ്ച പോലുള്ള വിശിഷ്ടഗുണങ്ങൾക്കാണ്. ഖുർആനിൽ കാരുണ്യവുമായി ബന്ധപ്പെട്ട പദങ്ങൾ മുന്നൂറിലേറെയും ക്ഷമയെ സംബന്ധിച്ച പരാമർശം നൂറിലേറെയും തവണ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. സത്യപ്രബോധക സംഘത്തിനു മുമ്പിൽ അതു സമർപ്പിക്കുന്ന മുഖ്യ സന്ദേശവും വിട്ടുവീഴ്ചയുടേതാണ്: "നന്മയും തിന്മയും തുല്യമാവുകയില്ല. അതിനാൽ നീ തിന്മയെ ഏറ്റം ഉത്തമമായ നന്മകൊണ്ട് പ്രതിരോധിക്കുക. അപ്പോൾ നിന്നോട് വൈരത്തിൽ വർത്തിക്കുന്നവൻ ആത്മമിത്രമായി മാറുന്നതു കാണാം. ക്ഷമാശീലർക്കല്ലാതെ ഈ സൽസ്വഭാവം ലഭ്യമല്ല. മഹാഭാഗ്യവാന്മാരല്ലാതെ ഈ മഹിതപദവി പ്രാപിക്കുകയുമില്ല." (ഖുർആൻ 41: 34, 35)

ഇങ്ങനെയെല്ലാമാണെങ്കിലും ഭൂമിയിൽ വേരൂന്നാനും സമൂഹത്തിൽ നിലനിൽക്കാനുമായി സമർപ്പിക്കപ്പെട്ട ജീവിതവ്യവസ്ഥയെന്ന നിലയിൽ ഇസ്‌ലാം യുദ്ധം അനുവദിക്കുകയും അനിവാര്യമായ സാഹചര്യങ്ങളിൽ അതിന് ആഹ്വാനം നൽകുകയും ചെയ്യുന്നു. ഈ അർഥത്തിൽ പ്രവാചകൻ നിരവധി യുദ്ധങ്ങൾ നയിച്ചിട്ടുണ്ട്. ഖുർആനിൽ യുദ്ധസംബന്ധമായ സൂക്തങ്ങളുമുണ്ട്.

എന്നാൽ കാലം കണ്ട ഏറ്റവും ശക്തവും മാനവികവും സമഗ്രവുമായ വിപ്ലവം സൃഷ്ടിച്ച വിശുദ്ധ ഖുർആൻ നിരോധിക്കണമെന്ന ആവശ്യം ചരിത്രത്തിലാദ്യമായി ഉയർന്നുവന്നത് ഇന്ത്യയിലാണ്. ഈയാവശ്യാർഥം കൊൽക്കത്ത ഹൈക്കോടതിയിൽ കേസും വരികയുണ്ടായി. ഖുർആനിലെ ഇരുപത്തിനാല് സൂക്തങ്ങൾ യുദ്ധപ്രേരകങ്ങളും പരമതവിദ്വേഷം വളർത്തുന്ന

വയുമാണെന്ന് ആരോപിച്ചാണ് ഏതാനും കുടിലമനസ്കർ കോടതിയെ സമീപിച്ചത്. കേസ് തള്ളിപ്പോയെങ്കിലും തൽപര കക്ഷികൾ രാജ്യമെങ്ങും ഖുർആനിനെതിരെ വ്യാപകമായ പ്രചാരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനായി ഖുർആനിലെ യുദ്ധസംബന്ധിയായ സൂക്തങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തും അവതരണസാഹചര്യം മറച്ചു വെച്ചും വാലും തലയും വെട്ടിമാറ്റിയും ഉപയോഗിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്ദ്രപ്രസ്ഥ വിശ്വഹിന്ദുപരിഷത്ത് ഖുർആനിൽ നിന്ന് ഇരുപത്തിനാല് സൂക്തങ്ങൾ തെരഞ്ഞെടുത്ത് സ്വന്തമായ അർഥം നൽകി ലഘുലേഖയായി പ്രസിദ്ധീകരിച്ചത് ഇന്ത്യയിലെ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് വ്യാപകമായി പ്രചരിപ്പിക്കപ്പെടുകയുണ്ടായി.

ഈ പശ്ചാത്തലത്തിലാണ് യുദ്ധവുമായി നേർക്കുനേരെ ബന്ധപ്പെട്ട ഖുർആൻ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലവും യഥാർഥ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കുന്ന ഈ കൊച്ചുകൃതി തയ്യാറാക്കിയിരിക്കുന്നത്. നിഷ്പക്ഷരായ വായനക്കാർക്ക് തെറ്റിദ്ധാരണ നീങ്ങാനും സത്യം ബോധ്യമാവാനും ഈ കൃതി സഹായകമായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രപഞ്ചനാഥനായ അല്ലാഹു ഇതൊരു സൽക്കർമമായി സ്വീകരിച്ച് അംഗീകരിക്കുമാറാകട്ടെ.

**-ശൈഖ് മുഹമ്മദ് കാരകുന്ന്**

വെള്ളിമാടുകുന്ന്

**13-01-2002**

# ഒന്ന്

# മർദിതരുടെ യുദ്ധം

**"യുദ്ധത്തിന് ഇരയായവർക്ക് യുദ്ധം** ചെയ്യുവാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. **കാരണം, അവർ മർദിതരാ**ണെന്നതു തന്നെ. അല്ലാഹു അവരെ സഹായിക്കാൻ കഴിവുറ്റവനാണ്; തീർച്ച. സ്വന്തം വീടുകളിൽ നിന്ന് അന്യായമായി കുടിയിറക്കപ്പെട്ടവരാണവർ. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്' എന്നു പ്രഖ്യാപിച്ചതു മാത്രമാണ് അവരുടെ കുറ്റം. അല്ലാഹു ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് പ്രതിരോധിച്ചു കൊണ്ടിരുന്നില്ലെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളും തകർക്കപ്പെടുമായിരുന്നു. അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ തുണക്കുകതന്നെ ചെയ്യും. അല്ലാഹു അതിശക്തനും അജയ്യനുമാണ്." (ഖുർആൻ 22: 39, 40)

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ അതിക്രമം അരുത്. അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല; തീർച്ച. നിങ്ങൾ അവരുമായി ഏറ്റുമുട്ടുന്നത് എവിടെവെച്ചായാലും അവരുമായി യുദ്ധം ചെയ്യുക. അവർ നിങ്ങളെ പുറംതള്ളിയത് എവിടെ നിന്നാണോ അവിടെ നിന്ന് നിങ്ങളവരെയും പുറംതള്ളുക. 'ഫിത്ന' അഥവാ അടിച്ചമർത്തി ആധിപത്യംനേടൽ കൊലയേക്കാൾ ക്രൂരമത്രെ. അവർ നിങ്ങളോട് പോരാടാത്തേടത്തോളം കാലം മസ്ജിദുൽ ഹറാമിന്നടുത്തുവെച്ച് നിങ്ങൾ അവരോടും പടവെട്ടരുത്. എന്നാൽ അവിടെവെച്ചും അവർ നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിൽ നിങ്ങളും അവരോട് പോരാടുക. അതുതന്നെയാണ് അത്തരം സത്യനിഷേധികൾക്കുള്ള പ്രതിഫലം." (ഖുർആൻ 2: 190,191)

"നിങ്ങൾ യുദ്ധത്തിന് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അതു നിങ്ങൾക്ക് അനിഷ്ടകരം തന്നെ. എന്നാൽ ഗുണകരമായ ഒരു കാര്യം നിങ്ങൾക്ക് അരോചകമായി തോന്നിയേക്കാം. ദ്രോഹകരമായ കാര്യം ഇഷ്ടകരമായും തോന്നിയേക്കാം. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നുമില്ല." (ഖുർആൻ 2:216)

യുദ്ധസംബന്ധമായി ആദ്യം അവതീർണമായ സൂക്തങ്ങളാണിവ. ഇതവ

തരിപ്പിക്കപ്പെട്ട ചരിത്രപശ്ചാത്തലം പരിശോധിക്കുന്ന ആർക്കും ഇസ്‌ലാമിൽ യുദ്ധം അനുവദിക്കപ്പെട്ടതെന്തുകൊണ്ടെന്ന് അനായാസം ബോധ്യമാകും.

മക്കയിലെ പ്രമുഖവും പ്രശസ്തവുമായ ഖുറൈശിത്തറവാട്ടിൽ ഹാശിം കുടുംബത്തിൽ അബ്ദുല്ലയുടെയും ആമിനയുടെയും പുത്രനായാണ് മുഹമ്മദ് പിറന്നത്. അദ്ദേഹം നീണ്ട നാലു പതിറ്റാണ്ടുകാലം മക്കാ നിവാസികൾക്കിടയിൽ വിശുദ്ധവും വിനീതവുമായ ജീവിതം നയിച്ചു. വിശ്വസ്തൻ എന്നർഥം വരുന്ന 'അൽഅമീൻ' എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. നാല്പതാമത്തെ വയസ്സിൽ ഹിറാ ഗുഹയിലെ ഏകാന്തവാസത്തിനിടയിൽ ആദ്യമായി ദിവ്യസന്ദേശം ലഭിച്ചു. പിന്നീട് ദൈവനിർദേശമനുസരിച്ച് സ്വജനതയെ സത്യമാർഗത്തിലേക്ക് ക്ഷണിച്ചു. ആദ്യം ഏറ്റം അടുത്തവരെയാണ് സമീപിച്ചത്. തുടക്കത്തിലെ മൂന്നുകൊല്ലം പരമരഹസ്യമായാണ് സത്യപ്രബോധനം നടത്തിയത്. പിന്നീട് പരസ്യമായും.

മുഹമ്മദ്നബി തനിക്കു ലഭിച്ച സത്യസന്ദേശം സമൂഹത്തിന്റെ മുമ്പിൽ സമർപ്പിച്ചു. അവരെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കാൻ പരമാവധി ശ്രമിച്ചു. അക്രമത്തിനും അനീതിക്കുമെതിരെ ശബ്ദിച്ചു. അശ്ലീലതയും നിർലജ്ജതയും അവസാനിപ്പിക്കാനാവശ്യപ്പെട്ടു. സങ്കുചിതമായ ഗോത്രമഹിമയുടെയും കുടിലമായ കുടുംബപ്പെരുമയുടെയും പേരിലുള്ള പൊങ്ങച്ച പ്രകടനങ്ങൾക്കെതിരെ നിലകൊണ്ടു. സാമ്പത്തിക ചൂഷണങ്ങൾക്കും അവയ്ക്ക് കാവലിരിക്കുന്ന വ്യാജദൈവങ്ങൾക്കുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു. ഇതെല്ലാം ഇരുട്ടിന്റെ ശക്തികളെ അത്യന്തം പ്രകോപിതരാക്കി. അവർ മതത്തിന്റെയും ദൈവങ്ങളുടെയും പേരിൽ ജനങ്ങളെ ഇളക്കിവിട്ടു. കുടുംബ ചിന്തകളെയും ഗോത്രവികാരങ്ങളെയും തൊട്ടുണർത്തി. അങ്ങനെ അവർ പ്രവാചകരെയും അനുചരന്മാരെയും കഠിനമായി പീഡിപ്പിച്ചു. കൊടിയ അക്രമമർദനങ്ങളഴിച്ചുവിട്ടു. സുമയ്യയെപ്പോലുള്ളവരെ ക്രൂരമായി കൊലപ്പെടുത്തി. ബിലാൽ, അമ്മാർ, യാസിർ, ഖബ്ബാബ്, ഖുബൈബ് പോലുള്ള പ്രവാചകന്റെ അനുചരന്മാരെ വിവരണാതീതങ്ങളായ ദ്രോഹങ്ങൾക്കിരയാക്കി. ഗത്യന്തരമില്ലാതെ വിശ്വാസികളിലൊരു സംഘം എത്യോപ്യയിലേക്ക് പലായനം ചെയ്തപ്പോൾ അവർക്ക് അവിടെയും സ്വൈരം നൽകാതെ അഭയം ലഭിക്കാതിരിക്കാൻ ആവതും ശ്രമിച്ചു. പ്രവാചകനെയും അവർ വെറുതെ വിട്ടില്ല. പരിഹാസം കൊണ്ടും തെറിപ്പാട്ടുകൊണ്ടും തൃപ്തരാവാതെ, നമസ്കരിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ കഴുത്തിൽ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാല കൊണ്ടിട്ടു. ഇതുകൊണ്ടൊന്നും മതിയാക്കാതെ നബിതിരുമേനിയെയും കൂടെയുള്ള വിശ്വാസികളെയും സാമൂഹ്യ ബഹിഷ്കരണത്തിന് വിധേയരാക്കി. ഈ ഉപരോധം മൂന്നു വർഷം തുടർന്നു.

ഇങ്ങനെ കാലംകണ്ട ഏറ്റവും കൊടിയ അക്രമമർദനങ്ങൾക്കും കൊലക്കും വിധേയമായി മക്കയിൽ വിശ്വാസിസമൂഹം നീണ്ട പതിമൂന്നു വർഷം കഴിച്ചുകൂട്ടി. അവർ പ്രതിരോധത്തിനോ പ്രതികാരത്തിനോ മുതിർന്നില്ല. അതിനവർക്ക് അനുവാദവുമുണ്ടായിരുന്നില്ല. അക്കാര്യം ഖുർആൻ ഇങ്ങനെ ഓർമിപ്പിക്കുന്നു: "ആയുധമെടുക്കാതെ കൈകൾ അടക്കിവെക്കുക, നമസ്കാരം

നിഷ്ഠയോടെ നിർവഹിക്കുക, സകാത്ത് നൽകുക; ഇവ്വിധം നിർദേശിക്കപ്പെട്ട ജനതയെ നീ കണ്ടില്ലേ?" (4:77)

തന്റെ അനുയായികൾ ക്രൂരമായ മർദനങ്ങൾക്കിരയായിക്കൊണ്ടിരുന്നപ്പോൾ അവരോട് ക്ഷമിക്കാനാവശ്യപ്പെടുകയും പരലോകത്ത് ലഭിക്കാനിരിക്കുന്ന പ്രതിഫലത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കുകയുമായിരുന്നു പ്രവാചകൻ ചെയ്തുകൊണ്ടിരുന്നത്. ഖുർആന്റെ നിർദേശവും അതുതന്നെയായിരുന്നു. "വിശ്വസിച്ചവരേ, നിങ്ങൾ ക്ഷമയിലൂടെയും നമസ്കാരത്തിലൂടെയും ദിവ്യസഹായം തേടുക. തീർച്ചയായും അല്ലാഹു ക്ഷമ പാലിക്കുന്നവരോടൊപ്പമാണ്. ദൈവിക മാർഗത്തിൽ വധിക്കപ്പെടുന്നവർ 'മരിച്ചവരാ'ണെന്ന് നിങ്ങൾ പറയരുത്. അല്ല; അവർ ജീവിച്ചിരിക്കുന്നവർ തന്നെയാണ്. പക്ഷേ, അവരുടെ ജീവിതം നിങ്ങൾക്കനുഭവപ്പെടുന്നില്ലെന്നു മാത്രം." (ഖുർആൻ 2:153,154)

കൊടിയ മർദനങ്ങൾക്കിടയിലും പ്രവാചകനും അനുചരന്മാരും പ്രബോധന പ്രവർത്തനങ്ങൾ അഭംഗുരം തുടർന്നു. മക്കാ നിവാസികൾക്ക് മാത്രമല്ല; അവിടെ സന്ദർശനത്തിനെത്തിയവർക്കും സത്യസന്ദേശങ്ങൾ സമർപ്പിച്ചു. അങ്ങനെയാണ് ഒരു ചെറുസംഘം യഥ്രിബു നിവാസികൾ ഇസ്‌ലാം സ്വീകരിക്കാനിടയായത്. പ്രവാചകത്വത്തിന്റെ പന്ത്രണ്ടാം വർഷം ഹജ്ജ് കാലത്ത് എഴുപത്തഞ്ചു പേരടങ്ങുന്ന ഒരു പ്രതിനിധിസംഘം പരമ രഹസ്യമായി രാവിന്റെ ഇരുളിൽ നബി തിരുമേനിയെ സമീപിച്ചു. അവർ സന്മാർഗം സ്വീകരിച്ചതോടൊപ്പം പ്രവാചകന്നും അനുചരന്മാർക്കും യഥ്രിബിൽ അഭയം നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. ഇത് ഇസ്‌ലാമികചരിത്രത്തിലെ ഒരു മഹാസംഭവവും വൻവിജയവുമായിരുന്നു. നബിതിരുമേനി അവരുടെ വാഗ്ദാനം സ്വീകരിച്ച് അവരുമായി കരാറിലേർപ്പെട്ടു. ഇത് രണ്ടാം അഖബാ ഉടമ്പടിയായാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്.

പ്രവാചകനെ സ്വീകരിക്കുക വഴി തങ്ങൾ എന്താണ് ചെയ്യുന്നതെന്ന് യഥ്രിബുകാർ നന്നായി മനസ്സിലാക്കിയിരുന്നു. അവരുടെ സംഘത്തിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗം സഅ്ദ്ബ്നുസുറാറ തന്റെ കൂട്ടുകാരോട് പറഞ്ഞ വാക്കുകൾ ഇത് വ്യക്തമാക്കുന്നു: "യഥ്രിബുകാരേ, നിൽക്കൂ. അല്ലാഹുവിന്റെ ദൂതനാണെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് നാം ഇദ്ദേഹത്തെ സമീപിച്ചത്. ഇദ്ദേഹത്തെ നാം കൂട്ടിക്കൊണ്ടു പോവുന്നത് മുഴുവൻ അറബികളുടേയും ശത്രുത ക്ഷണിച്ചു വരുത്തലായിരിക്കും. തന്മൂലം നിങ്ങളുടെ യുവാക്കളും പ്രിയപ്പെട്ടവരും വധിക്കപ്പെടും. നിങ്ങൾക്കുമേൽ വാളുകൾ ആഞ്ഞുപതിക്കും. ഇതിനെല്ലാമുള്ള സഹനശക്തി നിങ്ങൾക്കുണ്ടെങ്കിൽ ഇദ്ദേഹത്തെ സ്വീകരിച്ചുകൊള്ളുക. പ്രതിഫലം അല്ലാഹുവിങ്കലാണ്. അഥവാ, നിങ്ങൾക്ക് അകമേ ഭയം തോന്നുന്നുവെങ്കിൽ അതു തുറന്നുപറയുകയും ഇദ്ദേഹത്തെ വിട്ടേക്കുകയും ചെയ്യുക. അതായിരിക്കും അല്ലാഹുവിങ്കൽ കൂടുതൽ സ്വീകാര്യം."

യഥ്രിബ് സംഘത്തിലെ മറ്റൊരംഗം അബ്ബാസുബ്നു ഉബാദ പറഞ്ഞു: "ഖസ്റജ് ഗോത്രമേ! ഇദ്ദേഹത്തോട് ഏതുതരം പ്രതിജ്ഞയാണ് നിങ്ങൾ ചെയ്യുന്നത് എന്ന് ആലോചിച്ചു നോക്കിയിട്ടുണ്ടോ? ചുവന്നവരും കറുത്തവരുമായ

സകല മനുഷ്യരോടും യുദ്ധം ചെയ്യുമെന്ന പ്രതിജ്ഞയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങളുടെ സ്വത്തിന് നാശമേൽക്കുകയും നേതാക്കന്മാർ വധിക്കപ്പെടുകയും ചെയ്യുമ്പോൾ ഇദ്ദേഹത്തെ കയ്യൊഴിക്കാമെന്നാണ് കരുതുന്നതെങ്കിൽ അതിപ്പോൾ തന്നെ ചെയ്തേക്കുക. എന്നാലത് ഇഹത്തിലും പരത്തിലും നിന്ദ്യതയും നീചത്വവുമാണ്. സമ്പത്ത് നശിക്കുകയും നേതാക്കൾ വധിക്കപ്പെടുകയും ചെയ്താലും നിങ്ങൾ ചെയ്ത പ്രതിജ്ഞ പാലിക്കുമെങ്കിൽ മാത്രം ഇദ്ദേഹത്തെ സ്വീകരിച്ചുകൊള്ളുക. അല്ലാഹുവാണ് സത്യം; ഇഹത്തിലും പരത്തിലും അതാണുത്തമം."

അപ്പോൾ അവരൊന്നടങ്കം പറഞ്ഞു: "സമ്പത്തിന്റെ നാശവും നേതാക്കളുടെ മരണവും ഞങ്ങൾക്കു പ്രശ്നമല്ല. തീർച്ചയായും ഞങ്ങൾ അദ്ദേഹത്തെ സ്വീകരിക്കും. പ്രതിജ്ഞ പാലിച്ചാൽ ഞങ്ങൾക്കെന്ത് പ്രതിഫലമാണ് ലഭിക്കുക, പ്രവാചകരേ?" അദ്ദേഹം പ്രതിവചിച്ചു: "സ്വർഗം."

രാത്രിയുടെ നിശ്ശബ്ദതയിൽ അഖബയിലെ മലമുകളിലൊന്നിൽവെച്ചു നടന്ന ഈ ഉടമ്പടി ആരും അറിഞ്ഞിരിക്കില്ലെന്നാണ് എല്ലാവരും ധരിച്ചത്. എന്നാൽ ഉടമ്പടി പൂർത്തിയായപ്പോഴേക്കും ഒരാൾ ഉറക്കെ വിളിച്ചു പറയുന്നത് അവർ കേട്ടു: "ഖുറൈശികളേ, മുഹമ്മദും കൂട്ടരും അതാ യുദ്ധത്തിനു വട്ടം കൂട്ടുന്നു."

തങ്ങളുടെ രഹസ്യം ചോർത്തിയ ചാരനെയും കൂട്ടാളികളെയും നേരിടാൻ തയ്യാറായ അബ്ബാസുബ്നു ഉബാദ പ്രവാചകനോടു ചോദിച്ചു: "താങ്കളെ സത്യസന്ദേശവുമായി അയച്ചവനാണ് സത്യം. താങ്കൾ അനുവദിക്കുകയാണെങ്കിൽ ഈ വാളുമായി നാളത്തെ പ്രഭാതത്തിൽ തന്നെ മിനായുടെ മേൽ ഞങ്ങൾ ആക്രമണം നടത്താം."

പ്രവാചകന്റെ പ്രതികരണം ഇതായിരുന്നു: "നാം അതിന് ആജ്ഞാപിക്കപ്പെട്ടിട്ടില്ല. നിങ്ങൾ നിങ്ങളുടെ വിശ്രമസ്ഥലത്തേക്ക് പോയിക്കൊള്ളുക."

പ്രവാചകന്നും അനുചരന്മാർക്കും ആയുധമെടുക്കാൻ അന്നോളം അനുവാദം ലഭിച്ചിരുന്നില്ലെന്ന് ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നു.

കരാറിനെ തുടർന്ന് മക്കയിലെ മുസ്ലിംകൾ ഓരോരുത്തരായി യഥ്രിബിലേക്ക് പലായനം ചെയ്യാൻ തുടങ്ങി. പരമരഹസ്യമായാണ് അവർ മക്കയോടു വിടപറഞ്ഞത്. എന്നാൽ വിശ്വാസികളുടെ ഈ തിരോധാനം ശത്രുക്കളിൽ ആശ്വാസമല്ല; ആശങ്കയാണ് സൃഷ്ടിച്ചത്. തങ്ങൾ മർദനങ്ങൾ കൊണ്ട് അടക്കിനിർത്തിയിരുന്ന പ്രവാചകന്നും അനുയായികൾക്കും സ്വൈരമായി വിഹരിക്കാനും മതപ്രചാരണം നടത്താനും പുതിയ ഇടം ലഭിച്ചത് അവരെ അത്യധികം അലോസരപ്പെടുത്തി. പ്രവാചകന്റെ പലായനം തടയാനും അദ്ദേഹത്തിന്റെ കഥകഴിക്കാനും അവർ തീരുമാനിച്ചു. അതിനായി പദ്ധതി ആസൂത്രണം ചെയ്തു. മക്കയിലെ ബനൂഹാശിമല്ലാത്ത എല്ലാ കുടുംബങ്ങളിൽ നിന്നും ഓരോരുത്തരെ തെരഞ്ഞെടുത്ത് നബിയെ കൊല്ലാൻ ചുമതലപ്പെടുത്തി. അവർ നബിതിരുമേനിയുടെ വീട് വളഞ്ഞു. എന്നാൽ ദിവ്യസഹായത്താൽ പ്രവാചകൻ വിസ്മയകരമാംവിധം രക്ഷപ്പെട്ടു. ഈ സംഭവത്തെപ്പറ്റി ഖുർആൻ

ഇങ്ങനെ പറഞ്ഞു: "നിന്നെ തടവിലാക്കുകയോ വധിച്ചുകളയുകയോ നാടുകടത്തുകയോ ചെയ്യാനായി സത്യനിഷേധികൾ നിനക്കെതിരെ തന്ത്രങ്ങളാവിഷ്കരിച്ചുകൊണ്ടിരുന്ന സന്ദർഭം! അവർ തങ്ങളുടെ തന്ത്രം പ്രയോഗിച്ചുകൊണ്ടിരുന്നു. അല്ലാഹുവോ, അവന്റെ തന്ത്രവും പ്രയോഗിച്ചു. തന്ത്രം പ്രയോഗിക്കുന്നവരിൽ അത്യുത്തമൻ അല്ലാഹുതന്നെ." (8:30)

യഥ്‌രിബുകാർ പ്രവാചകനെ സ്വീകരിച്ചത് പലായനം ചെയ്തെത്തിയ ഒരു ഭയാർഥി എന്ന നിലയിലല്ല. മറിച്ച്, തങ്ങളുടെ മഹാനായ നേതാവും ആദരണീയനായ ഭരണാധികാരിയുമെന്ന നിലയിലാണ്. തങ്ങളുടെ നഗരത്തിന് അവർ പ്രവാചകന്റെ പട്ടണം-മദീനത്തുന്നബി- എന്ന പേരുപോലും നൽകി. ഇത് മക്കയിലെ ശത്രുക്കളെ കൂടുതൽ അലോസരപ്പെടുത്തി. അവർ മദീനക്കാരുടെ നേതാവ് അബ്ദുല്ലാഹിബ്നു ഉബയ്യിനെ സ്വാധീനിക്കാൻ ശ്രമിച്ചു. പ്രവാചകന്റെ ആഗമനത്തിനു മുമ്പ് മദീനക്കാർ അദ്ദേഹത്തെ നേതാവായി തെരഞ്ഞെടുത്തിരുന്നു. അവിടത്തെ പ്രമുഖ ഗോത്രങ്ങളായ ഔസിലെയും ഖസ്റജിലെയും ഭൂരിപക്ഷം ഇസ്‌ലാം സ്വീകരിച്ചതോടെ ഈ ശ്രമം പരാജയപ്പെടുകയായിരുന്നു. അബ്ദുല്ലാഹിബ്നു ഉബയ്യിൽ ഇതുണ്ടാക്കിയ അമർഷം പ്രവാചകന്നും അനുയായികൾക്കുമെതിരെ തിരിച്ചുവിടാൻ ഖുറൈശികൾ ശ്രമിച്ചു. അവർ അദ്ദേഹത്തിനെഴുതി: "നിങ്ങൾ ഞങ്ങളുടെ ആൾക്ക് നിങ്ങളുടെ നാട്ടിൽ അഭയം നൽകിയിരിക്കുകയാണ്. നിങ്ങൾ അയാളെ എതിർക്കുകയോ പുറത്താക്കുകയോ വേണമെന്ന് ഞങ്ങളിതാ ദൈവത്തെ ആണയിട്ടു പറയുന്നു. ഇല്ലെങ്കിൽ ഞങ്ങൾ ഒറ്റക്കെട്ടായി നിങ്ങളെ ആക്രമിക്കും. നിങ്ങളുടെ പുരുഷന്മാരെ വധിക്കുകയും സ്ത്രീകളെ അടിമകളാക്കുകയും ചെയ്യും."

നാടും വീടും സ്വത്തും സ്വന്തക്കാരുമുൾപ്പെടെ എല്ലാം ഉപേക്ഷിച്ച് പലായനം ചെയ്തശേഷവും സ്വൈരം നൽകാതെ ഭീഷണിയും കുഴപ്പം കുത്തിപ്പൊക്കാനുള്ള ശ്രമവും തുടർന്നപ്പോഴാണ് അല്ലാഹു പ്രവാചകന്നും അനുചരന്മാർക്കും യുദ്ധത്തിന് അനുമതി നൽകിയത്. ഹിജ്റ ഒന്നാം വർഷം ദുൽഹജ്ജിലാണ് ഇതുണ്ടായത്. ഇതു സംബന്ധമായ ഖുർആൻ സൂക്തങ്ങൾ ചില വസ്തുതകൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു.

1. യുദ്ധത്തിനിരയായതിനാലാണ് തിരിച്ച് യുദ്ധം ചെയ്യാൻ അനുവദിക്കപ്പെട്ടത്. അഥവാ; സത്യവിശ്വാസികളുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നു.

2. സ്വന്തം വീടുകളിൽ നിന്നും നാട്ടിൽ നിന്നും ആട്ടിയോടിക്കപ്പെട്ട് കടുത്ത അതിക്രമത്തിനും അനീതിക്കും ഇരയായവർക്കാണ് യുദ്ധാനുമതി നൽകപ്പെട്ടത്.

3. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെ'ന്ന് പറഞ്ഞ് വിശ്വാസം പ്രഖ്യാപിച്ചുവെന്നതല്ലാതെ ഒരു തെറ്റും മുസ്‌ലിംകൾ ചെയ്തിരുന്നില്ല. ശത്രുക്കൾക്ക് അവരുടെ മേൽ മറ്റൊരു കുറ്റവും ആരോപിക്കാനുണ്ടായിരുന്നില്ല.

4. ഇത്തരം സന്ദർഭങ്ങളിലും പ്രതിരോധാനുമതി നൽകപ്പെടുന്നില്ലെങ്കിൽ ഭൂമിയിൽ കടുത്ത നാശമാണുണ്ടാവുക. വിവിധ മതസമൂഹങ്ങളുടെ ആരാധ

നാലയങ്ങൾ സുരക്ഷിതമായി നിലനിൽക്കുകയില്ല.

5. ഇങ്ങോട്ടു യുദ്ധം ചെയ്യുന്നവരോടാണ് തിരിച്ചു യുദ്ധം ചെയ്യേണ്ടത്.

6. അത്തരം ഘട്ടങ്ങളിലും പരിധിവിടരുത്. അതിക്രമം അരുത്. ഖുർആൻ 2: 190–ലെ 'അതിക്രമം അരുത്' എന്ന നിർദേശം വിശദീകരിച്ചുകൊണ്ട് സയ്യിദ് അബുൽ അഅ്ലാ മൗദൂദി എഴുതുന്നു: "സത്യമാർഗത്തിൽ പ്രതിബന്ധങ്ങളുണ്ടാക്കാത്തവരുടെ നേരെ നിങ്ങൾ കൈ ഉയർത്തരുത്. യുദ്ധത്തിൽ അനിസ്ലാമിക മാർഗങ്ങളുപയോഗിക്കരുത്. സ്ത്രീകളെയും കുട്ടികളെയും വൃദ്ധന്മാരെയും മുറിവേറ്റവരെയും കയ്യേറ്റം ചെയ്യരുത്. ശത്രുപക്ഷത്ത് കൊല്ലപ്പെട്ടവരെ അംഗഛേദം ചെയ്ത് വികൃതമാക്കരുത്. കൃഷിസ്ഥലങ്ങളെയും കാലികളെയും അനാവശ്യമായി നശിപ്പിക്കരുത്. ഇത്തരം മൃഗീയവും അക്രമപരവുമായ സകല പ്രവൃത്തിയും 'അതിക്രമ'ത്തിന്റെ നിർവചനത്തിൽ പെടുന്നതാണ്. അവയെല്ലാം നബിവചനത്തിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. ബലപ്രയോഗം, കൂടാതെകഴിയാത്തേടത്ത് മാത്രം നടത്തുക, ആവശ്യമുള്ളത്ര മാത്രം നടത്തുക എന്നതാണ് ഈ വാക്യത്തിന്റെ ഉദ്ദേശ്യം."(തഫ്ഹീമുൽ ഖുർആൻ. ഭാഗം 1, പുറം 134)

7. ഇങ്ങോട്ടു ചെയ്ത അതിക്രമങ്ങൾക്ക് തുല്യനിലയിൽ തിരിച്ചടിക്കാൻ അനുവാദമുണ്ട്.

8. ഫിത്ന അഥവാ, വിശ്വാസ സ്വാതന്ത്ര്യമുൾപ്പെടെ മൗലികാവകാശങ്ങൾ നിഷേധിച്ച് അടിച്ചമർത്തി ആധിപത്യം നടത്തൽ കൊലയേക്കാൾ ഗുരുതരവും ക്രൂരവുമാണ്. 'ഫിത്ന'യുടെ വിവക്ഷ സയ്യിദ് മൗദൂദി ഇങ്ങനെ വിശദീകരിക്കുന്നു: "ഇവിടെ ഫിത്ന എന്ന വാക്ക് ഇംഗ്ലീഷിൽ Persecution എന്ന വാക്കിന്റെ അതേ അർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് ഒരു വ്യക്തിയോ പാർട്ടിയോ നിലവിലുള്ള ആദർശ സിദ്ധാന്തങ്ങളുടെ സ്ഥാനത്ത് മറ്റു ചില ആദർശ സിദ്ധാന്തങ്ങൾ സത്യമെന്നുകണ്ട് സ്വീകരിക്കുകയും വിമർശന പ്രബോധനങ്ങൾ വഴി സമുദായത്തിലെ നിലവിലുള്ള വ്യവസ്ഥയിൽ പരിഷ്കരണം വരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്ന ഏക കാരണത്താൽ അവരെ അക്രമമർദനങ്ങൾക്കിരയാക്കുക. മനുഷ്യന്റെ രക്തം ചിന്തുക വളരെ ചീത്ത പ്രവൃത്തി തന്നെ. മനുഷ്യരിലൊരു വിഭാഗം തങ്ങളുടെ ചിന്താപരമായ ആധിപത്യം അന്യരുടെ മേൽ നിർബന്ധപൂർവം വെച്ചുകെട്ടുകയും ജനങ്ങൾ സത്യം സ്വീകരിക്കുന്നതിനെ ബലം പ്രയോഗിച്ചു തടയുകയും സംസ്കരണത്തിനുള്ള ന്യായവും ബുദ്ധിപൂർവവുമായ പരിശ്രമങ്ങളെ തെളിവുകൾകൊണ്ട് നേരിടുന്നതിനു പകരം മൃഗീയശക്തികൊണ്ട് നേരിടാൻ തുടങ്ങുകയും ചെയ്യുമ്പോൾ കൊലപാതകത്തെക്കാൾ കഠിനതരമായ തെറ്റാണ് വാസ്തവത്തിലവർ ചെയ്യുന്നത്."(തഫ്ഹീമുൽ ഖുർആൻ 1/135)

9. യുദ്ധം നിഷിദ്ധമായ മസ്ജിദുൽ ഹറാമിൽ വെച്ചായാലും ശത്രുക്കൾ ഇങ്ങോട്ട് പോരാട്ടം നടത്തിയാൽ തിരിച്ച് പൊരുതാവുന്നതാണ്. എന്നാൽ മറ്റിടങ്ങളിലെന്നപോലെ അവിടെവെച്ചും ആദ്യം യുദ്ധമാരംഭിക്കാവതല്ല.

10. യുദ്ധം അനിവാര്യമായി വരുമ്പോൾ അതിന് ആജ്ഞാപിക്കപ്പെട്ടാൽ വിട്ടുനിൽക്കാവതല്ല. യുദ്ധം അനിഷ്ടകരമാണെങ്കിലും.

യുദ്ധകാര്യത്തിൽ ഇതിനേക്കാൾ ഉദാരവും നീതിപൂർവവും മാനുഷികവും വിട്ടുവീഴ്ചാപരവുമായ സമീപനം സ്വീകരിച്ച മറ്റൊരാദർശമോ മതമോ ജനതയോ ഇന്നോളം ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത. സമകാലീന ലോകത്തും ഇതിനു സമാനത കാണുക സാധ്യമല്ല.

## രണ്ട്

# ആദ്യ യുദ്ധം

"നിന്റെ നാഥൻ മലക്കുകൾക്ക് ബോധനം നൽകിയ സന്ദർഭം. ഞാൻ നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾ വിശ്വാസികളെ ഉറപ്പിച്ചു നിർത്തുക. സത്യനിഷേധികളുടെ മനസ്സുകളിൽ ഞാൻ ഇതാ ഭീതിയുണർത്തുന്നു. നിങ്ങൾ അവരുടെ കണ്ഠങ്ങളിൽ വെട്ടുക. സന്ധികൾ തോറും വെട്ടുക. അവർ അല്ലാഹുവോടും അവന്റെ ദൂതനോടും മാത്സര്യം കാണിച്ചതിനാലാണിത്." (ഖുർആൻ 8: 12, 13)

പ്രവാചക ജീവിതത്തിലെ പ്രഥമ പടയോട്ടത്തിന്റെ പശ്ചാത്തലത്തിൽ അവതീർണമായ വാക്യമാണിത്.

മക്കാ നിവാസികളുടെ സിറിയയിലേക്കുള്ള കച്ചവടയാത്ര മദീന വഴിയായിരുന്നു നടന്നിരുന്നത്. അതിനാൽ മദീനയുടെ നിയന്ത്രണം നബി തിരുമേനിയിലർപ്പിതമായത് മക്കയിലെ ശത്രുക്കളെ അത്യധികം അലോസരപ്പെടുത്തി. അവർ പ്രവാചകന്നും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള നവജാത ഇസ്‌ലാമിക രാഷ്ട്രത്തിനുമെതിരെ പലവിധ ഗൂഢാലോചനകളിലുമേർപ്പെട്ടു. അതിന്റെ ഭാഗമായി, മദീനയിലെ പ്രവാചകസാന്നിധ്യത്തിൽ അസ്വസ്ഥത അനുഭവിച്ചിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യിന് അവരെഴുതി: "നിങ്ങൾ ഞങ്ങളുടെ ആൾക്ക് നിങ്ങളുടെ നാട്ടിൽ അഭയം നൽകിയിരിക്കുകയാണ്. നിങ്ങൾ അയാളെ എതിർക്കുകയോ പുറത്താക്കുകയോ വേണമെന്ന് ഞങ്ങളിതാ ദൈവത്തിൽ സത്യം ചെയ്തു പറയുന്നു. അല്ലെങ്കിൽ ഞങ്ങൾ ഒറ്റക്കെട്ടായി നിങ്ങളെ ആക്രമിക്കും. നിങ്ങളുടെ പുരുഷന്മാരെ വധിക്കും. സ്ത്രീകളെ അടിമകളാക്കും."

ഈ കത്ത് ഉയർത്തിപ്പിടിച്ച് അബ്ദുല്ലാഹിബ്നു ഉബയ്യ് മദീനയിൽ ആഭ്യന്തര പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതോടൊപ്പം പ്രവാചകന്നും അനുയായികൾക്കും അഭയം നൽകിയതിന്റെ പേരിൽ മദീനക്കാരെ ദ്രോഹിക്കാനും ശത്രുക്കൾ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തിരുന്നു. മദീനക്കാരുടെ നേതാവ് സഅദുബ്നു മുആദ് ഉംറ നിർവഹിക്കാനായി മക്കയിലേക്കു പോയപ്പോൾ ശത്രുക്കളുടെ നേതാവ് അബൂജഹ്ൽ അദ്ദേഹത്തോടു

പറഞ്ഞു: "ഞങ്ങളുടെ മതത്തിൽനിന്ന് തെറ്റിയവർക്ക് നിങ്ങൾ അഭയം നൽകിയിരിക്കുന്നു. അവർക്ക് സഹായ സഹകരണങ്ങൾ നൽകുമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. എന്നിട്ട് താനിപ്പോൾ മക്കയിൽ നിർഭയമായി കഅ്ബയെ ത്വവാഫ് ചെയ്യുന്നത്(ചുറ്റുന്നത്) ഞാൻ കാണുകയും ചെയ്യുന്നുവല്ലോ. നീ ഉമയ്യത്തിന്റെ അതിഥിയായിരുന്നില്ലെങ്കിൽ ജീവനുംകൊണ്ട് തിരിച്ചുപോകുമായിരുന്നില്ല."

ഇതുകേട്ട സഅ്ദ് പ്രതിവചിച്ചു: "അല്ലാഹുവാണ! എന്നെ നീ ഇതിൽനിന്ന് തടഞ്ഞാൽ നിന്നെ ഞാൻ ഇതിലും ഗൗരവമായതിൽ നിന്ന് തടയും– മദീനയിലൂടെയുള്ള നിന്റെ യാത്രയിൽനിന്ന്."

മക്കയിലെ എതിരാളികളുടെ ഈ ഗൂഢശ്രമങ്ങളും ക്രൂരചിന്തകളും നന്നായി മനസ്സിലാക്കിയ നബി തിരുമേനി ഖുറൈശികളുടെ നീക്കങ്ങൾ നിരീക്ഷിക്കാനും മദീനയിലൂടെയുള്ള കച്ചവടയാത്ര തടയാനുമായി ചില ചാരസംഘങ്ങളെ നിയോഗിക്കാൻ തുടങ്ങി. ചില സംഘങ്ങൾക്ക് പ്രവാചകൻ തന്നെ നേതൃത്വം നൽകുകയുണ്ടായി. എന്നാൽ യുദ്ധമോ ശത്രുക്കളെ നേരിടലോ ഈ നിരീക്ഷണസംഘങ്ങളുടെ ലക്ഷ്യമായിരുന്നില്ല. തങ്ങളുടെ മേൽ ചാടിവീഴാൻ ധൈര്യപ്പെടാതിരിക്കുമാറ് എതിരാളികളിൽ ഭീതി വളർത്തലും അവരുടെ രഹസ്യനീക്കങ്ങൾ മനസ്സിലാക്കലുമായിരുന്നു മുഖ്യ ഉദ്ദേശ്യം. മക്കക്കാരുടെ കച്ചവടസംഘങ്ങളിൽ ചിലത് രണ്ടായിരത്തോളം ഒട്ടകങ്ങളും അമ്പതിനായിരം ദീനാർ വിലവരുന്ന ചരക്കുകളുമുള്ളവയായിരുന്നു. അവ ഭീഷണിക്കിരയാവുന്നുണ്ടെന്ന് ബോധ്യമായാൽ തങ്ങളുമായി സമാധാനത്തിൽ വർത്തിക്കാൻ ശത്രുക്കൾ നിർബന്ധിതരാവുമെന്ന് പ്രവാചകനും അനുചരന്മാരും പ്രതീക്ഷിച്ചു.

ഹിജ്റ രണ്ടാം വർഷം റജബ് മാസത്തിൽ നബി തിരുമേനി അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ നേതൃത്വത്തിൽ ഒരു സംഘം മുഹാജിറുകളെ നിരീക്ഷകസംഘമായി നിയോഗിച്ചു. രണ്ടു ദിവസത്തെ യാത്രക്കു ശേഷമേ തുറന്നു വായിക്കാവൂ എന്ന നിബന്ധനയോടെ ഒരു കത്ത് അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തു. അതനുസരിച്ച് രണ്ടു നാളുകൾക്കു ശേഷം കത്ത് തുറന്നു നോക്കിയപ്പോൾ അതിൽ ഇങ്ങനെ എഴുതിയിരുന്നു: "ഈ എഴുത്ത് വായിച്ചു കഴിഞ്ഞാൽ മക്കയുടെയും ത്വാഇഫിന്റെയും ഇടയിലുള്ള നഖ്ലവരെ പോവുക. അവിടെ നിന്ന് ഖുറൈശികളുടെ നീക്കങ്ങൾ നിരീക്ഷിച്ച് പഠിച്ച് നമ്മെ വിവരമറിയിക്കുക."

സംഘത്തിലുണ്ടായിരുന്ന സഅ്ദുബ്നു അബീവഖാസുസ്സുഹ്രിയും ഉത്ബതുബ്നു ഗസ്വാനും ശത്രുക്കളുടെ പിടിയിൽപെട്ട തങ്ങളുടെ ഒട്ടകങ്ങളെ തേടിപ്പോയി. എന്നാൽ ഖുറൈശികൾ അവരെയും പിടികൂടി ബന്ധനസ്ഥരാക്കുകയാണുണ്ടായത്. അബ്ദുല്ലാഹിബ്നുജഹ്ശ് അവശേഷിച്ച കൂട്ടുകാരോടൊന്നിച്ച് മുന്നോട്ടുനീങ്ങി. അപ്പോൾ അംറുബ്നുഹദ്റമിയുടെ നേതൃത്വത്തിലുള്ള ഒരു ഖുറൈശി കച്ചവടസംഘം അതുവഴി കടന്നു പോകുന്നുണ്ടായിരുന്നു. നിരീക്ഷകസംഘം അവരെ നേരിട്ടു. അങ്ങനെ അവർ അംറുബ്നുഹദ്റമിയെ വധിക്കുകയും രണ്ടുപേരെ ബന്ദികളാക്കുകയും ചെയ്തു.

കച്ചവടച്ചരക്കുകളോടൊപ്പം രണ്ടു ബന്ദികളെയുമായി അബ്ദുല്ലാഹിബ്നു ജഹ്ശ് പ്രവാചക സന്നിധിയിലെത്തി. എന്നാൽ നബി തിരുമേനി അതൊന്നും ഏറ്റുവാങ്ങാൻ തയ്യാറായില്ല. മാത്രമല്ല അബ്ദുല്ലയെയും സംഘത്തെയും കഠിനമായി കുറ്റപ്പെടുത്തുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: "ഈ വിശുദ്ധ മാസം യുദ്ധം ചെയ്യാൻ ഞാൻ നിങ്ങൾക്ക് അനുവാദം നൽകിയിരുന്നില്ലല്ലോ." ഖുറൈശികൾ ഈ അവസരം നന്നായുപയോഗിച്ചു. യുദ്ധം വിലക്കപ്പെട്ട ആദരണീയ മാസത്തിൽ രക്തം ചിന്തുകയും സ്വത്തു പിടിച്ചെടുക്കുകയും ചെയ്തതിന്റെ പേരിൽ പ്രവാചകനെയും അനുചരന്മാരെയും അവർ രൂക്ഷമായി ആക്ഷേപിച്ചു. ഖുർആൻ രണ്ടാം അധ്യായം 217-ാം സൂക്തം അവതീർണമായത് ഈ പശ്ചാത്തലത്തിലാണ്. അതിങ്ങനെ വായിക്കാം: "പരിശുദ്ധമാസത്തെക്കുറിച്ച് - അതിൽ യുദ്ധം ചെയ്യുന്നതു സംബന്ധിച്ച് - അവർ നിന്നോടു ചോദിക്കുന്നു. പറയുക: അതിൽ യുദ്ധം ചെയ്യൽ ഗുരുതരമായ കാര്യം തന്നെ. എന്നാൽ ദൈവ മാർഗത്തിൽ നിന്ന് ജനത്തെ തടയലും അവനെ തള്ളിപ്പറയലും മസ്ജിദുൽ ഹറാമിൽ നിന്ന് ജനങ്ങളെ തടയലും തദ്ദേശീയരെ അവിടെനിന്ന് ബഹിഷ്കരിക്കലുമാണ് അല്ലാഹുവിങ്കൽ കൂടുതൽ ഗുരുതരം. 'ഫിത്ന' അഥവാ ബല പ്രയോഗത്തിലൂടെ ജനങ്ങളെ വിശ്വാസത്തിൽ നിന്ന് വിലക്കൽ കൊലയെക്കാൾ ഗൗരവമുള്ളതത്രെ. അവർക്കു സാധിക്കുമെങ്കിൽ നിങ്ങളുടെ മതത്തിൽ നിന്ന് നിങ്ങളെ പിന്തിരിപ്പിക്കുന്നതുവരെ അവർ നിങ്ങളോടു യുദ്ധം ചെയ്തുകൊണ്ടിരിക്കും."

ഇത് മുസ്‌ലിംകൾക്ക് അത്യധികം ആശ്വാസമേകി. അവരുടെ വശമുണ്ടായിരുന്ന ബന്ദികളെ ശത്രുക്കളുടെ പിടിയിൽപെട്ടിരുന്ന സഅ്ദിന്നും ഉത്ബക്കും പകരമായി കൈമാറി. എന്നാൽ അവരിലൊരാൾ - ഹകമുബ്നു കൈസാൻ - ഇസ്‌ലാം സ്വീകരിച്ച് മദീനയിൽ തന്നെ തങ്ങുകയാണുണ്ടായത്.

ഈ സംഭവം ഇരുവിഭാഗത്തിലും ജാഗ്രത വളർത്തി. ഭയാശങ്കകൾക്ക് ശക്തി പകർന്നു. ഈ ഘട്ടത്തിലാണ് അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ വമ്പിച്ച ഒരു വ്യാപാരസംഘം സിറിയയിലേക്ക് പുറപ്പെട്ടത്. ഭീഷണിയേതുമില്ലാതെ കച്ചവട സംഘത്തിന്റെ യാത്ര സുഗമമായി നടന്നാൽ അതു സൃഷ്ടിച്ചേക്കാവുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെപ്പറ്റി പ്രവാചകൻ തികച്ചും ബോധവാനായിരുന്നു. അതുകൊണ്ട് തന്നെ അബൂസുഫ്‌യാന്റെ യാത്ര തടയാനുദ്ദേശിച്ച നബിതിരുമേനിയും കൂട്ടുകാരും ഉശൈറയിലേക്ക് പുറപ്പെട്ടു. എങ്കിലും അവരെത്തും മുമ്പെ കച്ചവട സംഘം അതുവഴി കടന്നുപോയിരുന്നു. അതിനാൽ മടക്കയാത്രയിൽ അവരെ നേരിടാമെന്ന് പ്രവാചകൻ തീരുമാനിച്ചു. അതനുസരിച്ച് അനുയായികളെ വിളിച്ചുകൂട്ടി കൂടിയാലോചിച്ചു. എന്നാൽ അബൂസുഫ്‌യാനും സംഘവും വിവരങ്ങളെല്ലാം അന്വേഷിച്ചറിഞ്ഞുകൊണ്ടിരുന്നു. മടക്കയാത്ര തടയപ്പെടാനിടയുണ്ടെന്നു മനസ്സിലാക്കിയ അവർ തങ്ങളുടെ യാത്രാസംഘത്തെ മുഹമ്മദും അനുയായികളും തടഞ്ഞിരിക്കുന്നുവെന്നും സഹായത്തിന് ആളുകളെ അയച്ചു തരണമെന്നും ആവശ്യപ്പെട്ട് ളംളമുബ്നുൽഗിഫാരിയെ മക്കയിലേക്കയച്ചു.

ളംളം മക്കയിൽചെന്ന് തന്റെ ഒട്ടകത്തിന്റെ ചെവികളറുത്ത് മൂക്കുമുറിച്ച്

ജീനി തലകീഴാക്കി സ്വന്തം വസ്ത്രം മുന്നിലും പിന്നിലും പിച്ചിച്ചീന്തി ഒട്ടകപ്പുറത്തു കയറി വിളിച്ചുപറഞ്ഞു: "ഖുറൈശികളേ, നിങ്ങളുടെ സ്വത്തൊക്കെ അബൂസുഫ്‌യാന്റെ വശമാണ്. മുഹമ്മദും കൂട്ടരും അതു തടഞ്ഞുവെച്ചിരിക്കുന്നു. അത് ഇനി നിങ്ങൾക്ക് കിട്ടുമെന്ന് തോന്നുന്നില്ല. അതിനാൽ സഹായിക്കുക."

ഇതുകേട്ട അബൂജഹ്ൽ ജനങ്ങളെ ഒരുമിച്ചുകൂട്ടി. പ്രവാചകനോടും അനുചരന്മാരോടുമുള്ള വെറുപ്പ് പരമാവധി വളർത്താനും അവരെ സമര സജ്ജമാക്കാനും അദ്ദേഹം ആവുംവിധം ശ്രമിച്ചു. അതോടെ ഖുറൈശിത്തലവന്മാരെല്ലാം യുദ്ധത്തിനു സന്നദ്ധമായി. അറുനൂറു കവചധാരികളും നൂറ് കുതിരപ്പടയാളികളുമുൾപ്പെടെ ആയിരത്തോളം യോദ്ധാക്കൾ സർവായുധ സജ്ജരായി പുറപ്പെട്ടു. കച്ചവട സംഘത്തെ രക്ഷപ്പെടുത്തൽ മാത്രമായിരുന്നില്ല അവരുടെ ലക്ഷ്യം. തങ്ങളുടെ ശത്രുക്കളെ ഉന്മൂലനം ചെയ്യലായിരുന്നു ഉദ്ദേശ്യം. അതിനാലാണ് അബൂസുഫ്‌യാന്റെ നേതൃത്വത്തിലുള്ള കച്ചവട സംഘം രക്ഷപ്പെട്ട വിവരമറിഞ്ഞശേഷവും മദീനയെ ആക്രമിക്കാൻ അവർ മുന്നോട്ടു നീങ്ങിയത്.

ശത്രുക്കളുടെ നീക്കങ്ങൾ മനസ്സിലാക്കിയ നബിതിരുമേനി അനുചരന്മാരെ വിളിച്ചുകൂട്ടി വിവരമറിയിച്ചു. വടക്കു ഭാഗത്ത് കച്ചവട സംഘവും തെക്കു ഭാഗത്ത് സൈന്യവും വന്നെത്തുകയാണെന്നും അതിനാൽ ഏതു ഭാഗത്തേക്കാണ് നീങ്ങേണ്ടതെന്നും അവരോടു കൂടിയാലോചിച്ചു. മുഹാജിറുകളുടെ നേതാവ് മിഖ്ദാദും അൻസാറുകളുടെ നായകൻ സഅ്ദുബ്നുമുആദും തീരുമാനം പ്രവാചകനു വിട്ടുകൊടുക്കുകയും എന്തു കല്പിച്ചാലും പൂർണമായും അനുസരിക്കാൻ സന്നദ്ധമാണെന്നറിയിക്കുകയും ചെയ്തു. അതേ തുടർന്ന് കച്ചവട സംഘത്തെയല്ല; തങ്ങളെ തകർക്കാൻ വരുന്ന ഖുറൈശി സൈന്യത്തെയാണ് നേരിടേണ്ടതെന്ന് തീരുമാനമായി.

മദീനയെ ആക്രമിച്ച് കീഴ്പ്പെടുത്താനായി സർവായുധ സജ്ജരായി ഇറങ്ങിത്തിരിച്ച ആയിരത്തോളം വരുന്ന ശത്രുക്കളെ നേരിടാൻ തയ്യാറെടുത്ത മുസ്‌ലിം സൈന്യത്തിലുണ്ടായിരുന്നത് കേവലം മുന്നൂറിൽ പരം പേരായിരുന്നു. രണ്ടോ മൂന്നോ പേർക്കു മാത്രമേ കുതിര ഉണ്ടായിരുന്നുള്ളൂ. എഴുപത് ഒട്ടകമാണ് അവരുടെ വശമുണ്ടായിരുന്നത്. അതിനാൽ മൂന്നും നാലും പേർക്ക് ഓരോ ഒട്ടകത്തിന്മേൽ മാറിമാറി യാത്ര ചെയ്യേണ്ടിവന്നു.

ഇരുവിഭാഗത്തിനും ഈ പോരാട്ടവും അതിന്റെ ഫലവും നിർണായകമായിരുന്നു. എന്നാൽ ഭൗതികമായ ഒരു മാനദണ്ഡമനുസരിച്ചും മുസ്‌ലിംകൾക്ക് ഒട്ടും വിജയസാധ്യത ഉണ്ടായിരുന്നില്ല. മൂന്നിരട്ടി വരുന്ന വൻ സൈന്യത്തെയാണ് അവർക്ക് നേരിടാനുണ്ടായിരുന്നത്. ആയുധ ശേഷിയിലും ശത്രുക്കൾ അനേകമടങ്ങ് മുന്നിലായിരുന്നു. അതോടൊപ്പം യുദ്ധത്തിൽ പരാജയപ്പെട്ടാൽ അത് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സമൂല നാശം അനിവാര്യമാക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ മുസ്‌ലിംകളുടെ വിശ്വാസ ദാർഢ്യവും ആത്മവിശ്വാസവും ധീരതയും മനക്കരുത്തും ഉയരേണ്ടത് അനിവാര്യമായിരുന്നു. അതിനാവശ്യമായ സൂക്തങ്ങളാണ് വിശുദ്ധ ഖുർആനിലെ എട്ടാം അധ്യായത്തിലെ പന്ത്രണ്ടും പതിമൂന്നും സൂക്തങ്ങൾ ഉൾപ്പെടുന്ന ആദ്യഭാഗ

ത്തുള്ളത്.

വിശുദ്ധ ഖുർആനിലെ ഈ സൂക്തങ്ങൾ പകർന്നു നൽകിയ വിശ്വാസ ചൈതന്യവും പ്രവാചകന്റെ ഉപദേശ നിർദേശങ്ങളും മുസ്‌ലിംകളെ വിജയത്തിലേക്കു നയിച്ചു. ഹിജ്റ രണ്ടാം വർഷം റമദാൻ പതിനേഴിനു നടന്ന ബദ്ർ യുദ്ധം സത്യത്തിന്റെ ഐതിഹാസികമായ വിജയത്തിന് വഴിയൊരുക്കി. ഒരു ചെറുസംഘം വൻ ശക്തിയോട് ഏറ്റുമുട്ടി നേടിയ ഈ വിജയം മാനവ ചരിത്രത്തിൽ നിത്യ വിസ്മയമുണർത്തുന്ന മഹാദ്ഭുതമായി നിലകൊള്ളുന്നു.

ബദ്ർ മുസ്‌ലിംകൾ ആസൂത്രണം ചെയ്ത് സംഘടിപ്പിച്ച യുദ്ധമല്ല. അത് പ്രവാചകന്റെയും അനുചരന്മാരുടെയും മേൽ വന്നുചേരുകയായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ അല്ലാഹു നൽകിയ നിർദേശങ്ങളാണ് ഖുർആൻ എട്ടാം അധ്യായത്തിലെ 12, 13 സൂക്തങ്ങളിലുള്ളത്. ഏതു സമയത്തും എവിടെയും മുഴുവൻ സത്യ നിഷേധങ്ങൾക്കും ശത്രുക്കൾക്കും എതിരെ നടപ്പാക്കാനുള്ള കല്പനകളല്ല അവ. മറിച്ച് ബദ്റിലേതുപോലുള്ള അനിവാര്യ സാഹചര്യങ്ങളിൽ മാത്രം പ്രയോഗവൽക്കരിക്കാനുള്ളവയാണ്.

ബദ്റിൽ വിശ്വാസികളെ വിജയത്തിലേക്കു നയിച്ചത് അല്ലാഹുവിന്റെ അപാരമായ സഹായമാണ്. ആ സഹായത്തിന്റെ സ്വഭാവം വിശദീകരിക്കുന്നവ കൂടിയാണ് 8: 12, 13 സൂക്തങ്ങൾ. അല്ലാഹു മലക്കുകളിലൂടെ നിർദേശം നൽകി വിശ്വാസികളിലൂടെ നടപ്പാക്കിയ കാര്യമാണവ വിശദീകരിക്കുന്നത്. യുദ്ധമെന്നാൽ ഹസ്തദാനവും ആലിംഗനവുമല്ലല്ലോ. അത് വെട്ടും കുത്തും കൊലയുമൊക്കെത്തന്നെയാണ്. എന്നാൽ വളരെ അനിവാര്യ സാഹചര്യത്തിൽ അത്യാവശ്യമായത്ര മാത്രമേ അതാകാവൂ എന്ന് ഖുർആൻ നിഷ്കർഷിക്കുന്നു. അതും ശത്രുക്കൾ വിരമിക്കുംവരെ മാത്രം. അതുകൊണ്ടു തന്നെ പ്രവാചകന്റെ കാലത്തുനടന്ന 81 യുദ്ധങ്ങളിലായി 259 വിശ്വാസികളും 759 ശത്രുക്കളുമുൾപ്പെടെ 1018 പേർ മാത്രമാണ് വധിക്കപ്പെട്ടത്. യുദ്ധം അനിവാര്യമായി വന്നപ്പോഴും ജീവനഷ്ടം പരമാവധി കുറയ്ക്കാനാണ് പ്രവാചകനും അനുചരന്മാരും ശ്രമിച്ചത്. ഇസ്‌ലാം ആവശ്യപ്പെടുന്നതും അതുതന്നെ. അറേബ്യയിൽ ഇസ്‌ലാം വരുത്തിയതുപോലുള്ള സമഗ്രവും വ്യാപകവുമായ വിപ്ലവം സൃഷ്ടിക്കാൻ അത്രയും പേരുടെ ജീവനഷ്ടമേ വേണ്ടിവന്നുള്ളൂവെന്നത് എന്നും മഹാ വിസ്മയമായാണനുഭവപ്പെടുന്നത്. എക്കാലത്തെയും ചരിത്രകാരന്മാരെ അദ്ഭുതസ്തബ്ധരാക്കുന്ന ഒന്നത്രെ ഇത്.

ഖുർആൻ എട്ടാം അധ്യായത്തിലെ 7 മുതൽ 17 വരെയും 42 മുതൽ 47 വരെയും മൂന്നാം അധ്യായത്തിലെ 13–ാമത്തെയും സൂക്തങ്ങൾ ഈ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അവതീർണമായവയാണ്.

## മൂന്ന്

# സന്ധി ലംഘിച്ചവരോടുള്ള സമീപനം

"**അ**തിനാൽ യുദ്ധം നിഷിദ്ധമായ മാസങ്ങൾ പിന്നിട്ടാൽ പിന്നെ ബഹുദൈവ വിശ്വാസികളെ എവിടെ കണ്ടാലും കൊന്നുകളയുക. അവരെ ബന്ധികളാക്കുക. ഉപരോധിക്കുക. അവർക്കായി എല്ലാ മർമസ്ഥലങ്ങളിലും പതിയിരിക്കുകയും ചെയ്യുക. അഥവാ, അവർ പശ്ചാത്തപിക്കുകയും നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നുവെങ്കിൽ അവരെ വിട്ടേക്കുക. അല്ലാഹു ഏറെ മാപ്പേകുന്നവനും ദയാപരനുമല്ലോ." (ഖുർആൻ 9:5)

"നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കും. നിന്ദിതരാക്കും. അവർക്കെതിരെ അവൻ നിങ്ങളെ സഹായിക്കും. വിശ്വാസികളായ ജനത്തിന് മനസ്സുഖമേകുകയും ചെയ്യും." (ഖുർആൻ 9: 14)

അവതരണ പശ്ചാത്തലവും മുമ്പും പിമ്പുമുള്ള ഭാഗങ്ങളും അറിയാത്തവരിൽ ഈ സൂക്തങ്ങൾ തെറ്റുധാരണ സൃഷ്ടിക്കാനിടയുണ്ട്. ഇസ്ലാം സ്വീകരിക്കാൻ സന്നദ്ധമാവാത്ത മുഴുവൻ ബഹുദൈവ വിശ്വാസികൾക്കുമെതിരെ യുദ്ധം ചെയ്യാനുള്ള ആഹ്വാനമാണിതെന്നാണ് പ്രത്യക്ഷത്തിൽ തോന്നുക. എന്നാൽ, പ്രവാചകനുമായുണ്ടാക്കിയ സമാധാന സന്ധി ലംഘിച്ച് അതിക്രമത്തിനൊരുങ്ങിയ മക്കയിലെ ബഹുദൈവ വിശ്വാസികളോട് സ്വീകരിക്കേണ്ട സമീപനം വിശദീകരിക്കുന്ന സൂക്തങ്ങളാണിവ. അതുകൊണ്ടുതന്നെ അവർക്കുമാത്രം ബാധകവുമാണ്. ഒമ്പതാം അധ്യായത്തിലെ നാലു മുതൽ പതിനഞ്ചു വരെയുള്ള സൂക്തങ്ങൾ പരിശോധിച്ചാൽ ഇത് അസന്ദിഗ്ധമായി ബോധ്യമാകും.

ഹിജ്റ ഏഴാം വർഷം നബി(സ)യും മക്കയിലെ ശത്രുക്കളും തമ്മിലുണ്ടാക്കിയ ഹുദൈബിയാസന്ധി ലംഘിച്ചവരോടും ലംഘിക്കാത്തവരോടും സ്വീകരിക്കേണ്ട വ്യത്യസ്ത സമീപനങ്ങൾ വിശദീകരിക്കുന്ന വാക്യങ്ങളാണിവയെല്ലാം.

ഹിജ്റ ഏഴാം വർഷം പ്രവാചകനും അനുയായികളും ഉംറ നിർവഹിക്കാനായി മക്കയിലേക്ക് പുറപ്പെട്ടു. യാത്ര ആരാധന നിർവഹിക്കാൻ മാത്രം ലക്ഷ്യംവെച്ചായിരുന്നതിനാൽ ആരും കൂടെ ആയുധമെടുത്തിരുന്നില്ല. എന്നിട്ടും മക്കയിലെ ബഹുദൈവ വിശ്വാസികൾ അവരെ തടയുകയും ഉംറ നിർവഹിക്കുന്നത് വിലക്കുകയും ചെയ്തു. അതേ തുടർന്നുണ്ടായ ദീർഘമായ സംഭാഷണങ്ങൾക്കും ചർച്ചകൾക്കുമൊടുവിലാണ് ഇരുവിഭാഗവും സന്ധിയിൽ ഒപ്പുവെച്ചത്. കരാർ വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ മുസ്‌ലിംകളുടെ താൽപര്യങ്ങൾക്കെതിരായിരുന്നു. എന്നിട്ടും സന്ധി വ്യവസ്ഥകൾ ലംഘിച്ച് അതിക്രമം കാണിച്ചത് ശത്രുക്കളാണ്. ഇവ്വിധം കരാർ ലംഘനം നടത്തി ശത്രുതാപരമായ സമീപനം സ്വീകരിച്ച അതിക്രമകാരികളുടെ കാര്യത്തിൽ അവതീർണമായ വാക്യങ്ങളാണിവ.

എന്നാൽ കരാർ ലംഘിക്കാത്തവരോട് സ്വീകരിക്കേണ്ട സമീപനം നാലാമത്തെയും ഏഴാമത്തെയും സൂക്തങ്ങളിൽ സംശയരഹിതമായി വിവരിച്ചിട്ടുണ്ട്.

“നിങ്ങളുമായി കരാറിലേർപ്പെടുകയും എന്നിട്ട് അത് പാലിക്കുന്നതിൽ വീഴ്ചയൊന്നും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ആരെയും സഹായിക്കാതിരിക്കുകയും ചെയ്ത ബഹുദൈവ വിശ്വാസികൾക്ക് ഇത് ബാധകമല്ല. അങ്ങനെയുള്ളവരോട് നിങ്ങളും കരാറിന്റെ അവധിവരെ അതുപാലിക്കുക. എന്തുകൊണ്ടെന്നാൽ സൂക്ഷ്മതയുള്ളവരെയത്രെ അല്ലാഹു ഇഷ്ടപ്പെടുന്നത്” (9:4)

“സന്ധി ലംഘിച്ച ഈ ബഹുദൈവ വിശ്വാസികൾക്ക് അല്ലാഹുവിനോടും അവന്റെ ദൂതനോടും വല്ല കരാറും നിലനിൽക്കുന്നതെങ്ങനെ? മസ്ജിദുൽ ഹറാമിനരികെ വെച്ച് നിങ്ങളുമായി കരാർ ചെയ്തവരോടൊഴികെ. അവർ നിങ്ങളോട് ശരിയായി വർത്തിക്കുന്നേടത്തോളം നിങ്ങൾ അവരോടും നല്ല നിലയിൽ വർത്തിക്കുക. എന്തെന്നാൽ അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെയാണ് ഇഷ്ടപ്പെടുന്നത്.” (9:7)

യുദ്ധാഹ്വാനം കരാർ ലംഘനം നടത്തിയവരോടാണെന്ന് പന്ത്രണ്ടും പതിമൂന്നും സൂക്തങ്ങൾ ഒരിക്കൽകൂടി വ്യക്തമാക്കുന്നു:

“കരാർ ചെയ്തശേഷം അവർ തങ്ങളുടെ പ്രതിജ്ഞകൾ ലംഘിക്കുകയും നിങ്ങളുടെ മതത്തെ അവഹേളിക്കുകയുമാണെങ്കിൽ സത്യനിഷേധത്തിന്റെ നായകന്മാരോട് നിങ്ങൾ യുദ്ധം ചെയ്യുക. കാരണം അവരുടെ പ്രതിജ്ഞകൾക്ക് ഒട്ടും വിലയില്ല. യുദ്ധം കാരണമായെങ്കിലും അവർ വിരമിച്ചെങ്കിലോ,” “തങ്ങളുടെ പ്രതിജ്ഞകൾ ലംഘിച്ചുകൊണ്ടേയിരിക്കുകയും ദൈവദൂതനെ നാട്ടിൽ നിന്ന് പുറംതള്ളാനൊരുമ്പെടുകയും ചെയ്യുന്ന ജനത്തോട് നിങ്ങൾ യുദ്ധം ചെയ്യുന്നില്ലെന്നോ? അക്രമം ആദ്യം ആരംഭിച്ചത് അവർ തന്നെയായിരുന്നിട്ടും? നിങ്ങളവരെ പേടിക്കുന്നുവോ? അവരേക്കാൾ ഭയപ്പെടാൻ അർഹൻ അല്ലാഹുവത്രെ. നിങ്ങൾ വിശ്വാസികളെങ്കിൽ.” (9 :12,13)

സന്ധിലംഘിച്ച് അതിക്രമം കാണിച്ചവർക്കുപോലും തങ്ങളുടെ നിലപാട് പുനഃപരിശോധിക്കാനും സമീപനത്തിൽ മാറ്റം വരുത്താനും നാലു മാസത്തെ അവധി അനുവദിക്കപ്പെടുകയുണ്ടായി. ഈ അധ്യായം ആരംഭിക്കുന്നതു തന്നെ

അക്കാര്യം വ്യക്തമാക്കിക്കൊണ്ടാണ്. "നിങ്ങളുമായി സന്ധിചെയ്തിരുന്ന ബഹുദൈവ വിശ്വാസികളോട് അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്തു നിന്നുള്ള വിമുക്തി പ്രഖ്യാപനമിതാ: നിങ്ങളിനി നാലു മാസം നാട്ടിൽ സ്വൈരമായി സഞ്ചരിച്ചുകൊള്ളുക. അറിയുക: നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്താനാവില്ല. എന്നാൽ അല്ലാഹു സത്യ നിഷേധികളെ നിന്ദ്യമായി പരാജയപ്പെടുത്തുന്നവനാകുന്നു." (9: 1-2)

സന്ധിലംഘിച്ച് അതിക്രമം കാണിച്ചവർക്ക് നൽകപ്പെട്ട അവധി ഈ പ്രഖ്യാപനമുണ്ടായ ഹിജ്റ ഒമ്പതാം വർഷം ദുൽഹജ്ജ് പത്ത് മുതൽ പത്താം വർഷം റബീഉൽആഖിർ പത്തുവരെയുള്ള നാലു മാസമായിരുന്നു. ചർച്ചാ വിധേയമായ അഞ്ചാം വാക്യത്തിലെ 'യുദ്ധം നിഷിദ്ധമായ മാസങ്ങൾ' എന്നതിന്റെ ഉദ്ദേശ്യം കാലാവധി അനുവദിക്കപ്പെട്ട ഈ നാലു മാസമത്രെ. അതിനിടയിൽ യുക്തമായ ഏതു നിലപാട് സ്വീകരിക്കാനും ശത്രുക്കൾക്ക് അവസരം നൽകപ്പെട്ടിരുന്നു. സുരക്ഷിതമായ സങ്കേതം കണ്ടെത്തി പോകാനാണെങ്കിൽ അതിനും, അതല്ല, ശത്രുതാ നിലപാട് തുടരാനും യുദ്ധം നടത്താനുമാണ് തീരുമാനമെങ്കിൽ അതിന് സജ്ജമാവാനും ആവശ്യമായ സമയം അനുവദിക്കപ്പെടുകയാണുണ്ടായത്. അഥവാ, കാലാവധിക്കുശേഷവും അവരിൽ നിന്ന് ആരെങ്കിലും അഭയം തേടിവന്നാൽ അതനുവദിക്കുകയും അപ്പോഴും അവർക്ക് ഇസ്‌ലാമിനെസ്സംബന്ധിച്ച് പഠിക്കാൻ അവസരമൊരുക്കുകയും ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കാനും ഇല്ലെങ്കിൽ നിരാകരിക്കാനും അനുവാദം നൽകുകയും വേണമെന്നും തുടർന്നുള്ള ആറാം വാക്യം വ്യക്തമാക്കുന്നു. അപ്പോഴവർ ഇസ്‌ലാം സ്വീകരിക്കാതെ സത്യനിഷേധത്തിലുറച്ചു നിന്നാലും അവരെ ദ്രോഹമൊന്നുമേൽപിക്കാതെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചുകൊടുക്കണമെന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്. "ബഹുദൈവ വിശ്വാസികളിലാരെങ്കിലും നിന്നോട് അഭയംതേടി വന്നാൽ ദൈവികവചനം കേൾക്കാൻ നീ അവസരം നൽകുക. പിന്നീട് അവനെ തന്റെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചുകൊടുക്കുക. അവർ അറിവില്ലാത്ത ജനമായതിനാൽ ഈ വിധമാണ് ചെയ്യേണ്ടത്." (9:6)

ദീർഘമായ പത്തൊമ്പത് വർഷം പ്രവാചകനെയും അനുയായികളെയും കഠിനമായി ദ്രോഹിക്കുകയും നാട്ടിൽനിന്ന് ആട്ടിയോടിക്കുകയും നാടുവിട്ട ശേഷവും സ്വൈരം നൽകാതെ യുദ്ധം ചെയ്യുകയും അവസാനം ഇരുപതാമത്തെ വർഷമുണ്ടാക്കിയ സമാധാന സന്ധി ലംഘിച്ച് അതിക്രമം കാണിക്കുകയും ചെയ്ത മക്കയിലെ കൊടിയ ശത്രുക്കളോട് സ്വീകരിക്കേണ്ട നിലപാടാണ് ഈ സൂക്തങ്ങൾ വിശദീകരിക്കുന്നത്. ഇസ്‌ലാമിന്റെ ശത്രുക്കളുടെ സമീപനം എട്ടുമുതൽ പത്ത് വരെയുള്ള വാക്യങ്ങൾ ഒന്നുകൂടി വിശദീകരിക്കുന്നു:

"സന്ധിലംഘിക്കാത്തവരല്ലാത്ത ബഹുദൈവവിശ്വാസികളുടെ കാര്യത്തിൽ വല്ല കരാറും നിലനിൽക്കുന്നതെങ്ങനെ? അവർക്കു നിങ്ങളെ കീഴ്പെടുത്താൻ കഴിഞ്ഞാൽ പിന്നെ അവർ നിങ്ങളുടെ കാര്യത്തിൽ കുടുംബബന്ധങ്ങളോ സന്ധിവ്യവസ്ഥകളോ ഒന്നും തന്നെ പരിഗണിക്കുകയില്ല എന്നിരിക്കെ? സംസാരത്തിൽ അവർ നിങ്ങളെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നു. എന്നാൽ അവരുടെ മനസ്സുകളത് നിരാകരിക്കുകയാണ്. അവരിലേറെപ്പേരും അധർമകാരികളത്രെ.

അവർ തുച്ഛവിലയ്ക്ക് ദൈവികസൂക്തങ്ങൾ വിറ്റിരിക്കുന്നു. അതോടൊപ്പം അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്തിരിക്കുന്നു. എത്രമാത്രം ഹീനമായ പ്രവർത്തനങ്ങളാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. വിശ്വാസിയുടെ കാര്യത്തിൽ അവർ രക്തബന്ധമോ സന്ധിവ്യവസ്ഥയോ പരിഗണിക്കുന്നില്ല. അവർ അതിക്രമം കാണിക്കുന്നവർ തന്നെ." (ഖുർആൻ 9: 8–10)

ഇങ്ങനെയെല്ലാമായിരുന്നിട്ടും അവർക്ക് നാലുമാസത്തെ അവധി അനുവദിക്കുകയും അതിനുശേഷമാണ് ശത്രുത ഉപേക്ഷിച്ച് അഭയംതേടി വരുന്നതെങ്കിലും അഭയമനുവദിക്കുകയും ദൈവിക സന്ദേശം കേൾപ്പിച്ചശേഷം സുരക്ഷിത സ്ഥാനത്ത് എത്തിച്ചുകൊടുക്കുകയും വേണമെന്നാണല്ലോ ഖുർആൻ ആവശ്യപ്പെടുന്നത്. ഇത്രയേറെ അത്യുദാരവും സഹിഷ്ണുതാപരവും വിട്ടുവീഴ്ചാപരവുമായ സമീപനം സ്വീകരിച്ച ആദർശമോ സമൂഹമോ ജനതയോ ഭരണകൂടമോ ലോകത്ത് വേറെ എവിടെയും ഒരിക്കലും ഉണ്ടായിട്ടില്ല.

അതോടൊപ്പം ഇങ്ങോട്ട് യുദ്ധത്തിനു വരാത്ത മുഴുവൻ അമുസ്‌ലിംകളോടും സ്വീകരിക്കേണ്ട സമീപനം ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്: "മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ നിങ്ങളുടെ വാസസ്ഥലങ്ങളിൽ നിന്ന് പുറത്താക്കിയിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കുന്നില്ല. നിസ്സംശയം, നീതിനിഷ്ഠരെ അല്ലാഹു ഇഷ്ടപ്പെടുന്നു." (60:8)

അക്രമത്തിനൊരുങ്ങാത്ത അന്യമതസ്ഥരോട് നല്ല നിലയിൽ വർത്തിക്കാനും നീതിപൂർവം പെരുമാറാനുമുള്ള ആഹ്വാനവും ഈ വിശുദ്ധവചനം ഉൾക്കൊള്ളുന്നു.

## നാല്

# ഖുർആന്റെ യുദ്ധാഹ്വാനവും മതസ്വാതന്ത്ര്യവും

**"ഫിത്ന അവസാനിക്കുകയും ദീൻ അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. അഥവാ, അവർ വിരമിക്കുന്നുവെങ്കിൽ അറിയുക: അക്രമികളോടല്ലാതെ ആരോടും കൈയേറ്റം പാടില്ല." (ഖുർആൻ: 2:193)**

"ഫിത്ന ഇല്ലാതാവുകയും ദീൻ പൂർണമായും അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ അവരോട് സമരം ചെയ്യുക. അഥവാ അവർ ഫിത്നയിൽനിന്ന് വിരമിക്കുകയാണെങ്കിൽ അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം കാണുന്നവനത്രെ." (ഖുർആൻ 8: 39)

ജനങ്ങളെ അടിമകളാക്കി അവരുടെ മേൽ യജമാനരായി വാഴുകയും മൗലിക മനുഷ്യാവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന അതിക്രമകാരികൾക്കെതിരെയുള്ള സമരാഹ്വാനമാണിത്. നാശവും കുഴപ്പവും അതിക്രമവും അവസാനിപ്പിക്കണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യവും സമാധാനവും സ്ഥാപിക്കാനും അതിനായി നിർബന്ധിതാവസ്ഥയിൽ അനിവാര്യമായേടത്തോളം ആയുധമെടുക്കാനും ഇസ്‌ലാം അനുവാദം നൽകുന്നു.

എന്നാൽ, 'ദീൻ അല്ലാഹുവിനാകുക' എന്നതിന്റെ ഉദ്ദേശ്യം എല്ലാവരും ഇസ്‌ലാം സ്വീകരിക്കലാണെന്നും അതിനു സന്നദ്ധമാവാത്തവരോടെല്ലാം യുദ്ധം ചെയ്യാനാണ് ഖുർആൻ ആവശ്യപ്പെടുന്നതെന്നും ചിലർ ബോധപൂർവം പ്രചരിപ്പിക്കുന്നുണ്ട്. ഖുർആൻ പഠിച്ച അതിന്റെ അനുയായികളോ അതിന്റെ ആധികാരിക വ്യാഖ്യാതാക്കളോ ഇത്തരമൊരാശയം അതിൽ നിന്ന് ഇന്നോളം ഉൾക്കൊണ്ടിട്ടില്ല. മാത്രമല്ല, അത് ഖുർആൻ ആദ്യാവസാനം സ്വീകരിച്ച പൊതുനിലപാടിനു വിരുദ്ധവുമാണ്. സമ്പൂർണ മതസ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. മതത്തിൽ ഒരുവിധ നിർബന്ധവും പാടില്ലെന്ന് അത് അനുശാസിക്കുന്നു: "മതത്തിൽ ഒരുവിധ നിർബന്ധവുമില്ല. സന്മാർഗം മിഥ്യാധാരണകളിൽ നിന്ന് വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു" (ഖുർആൻ 2: 256), "നീ വിളംബരം ചെയ്യുക: ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം."

(18:29)

ദൈവത്തിന്റെ പ്രഥമ പ്രബോധകരായ പ്രവാചകന്മാർക്കു പോലും ദൈവിക സന്ദേശം എത്തിക്കുന്ന ഉത്തരവാദിത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ. "ദൈവിക സന്ദേശം സ്പഷ്ടമായി അറിയിക്കലല്ലാതെ മറ്റെന്തെങ്കിലും ദൈവ ദൂതന്മാരുടെ ബാധ്യതയിലുണ്ടോ?" (ഖുർആൻ 16: 35)

ദൈവത്തിന്റെ അന്ത്യദൂതനായ മുഹമ്മദ്നബിക്കും അതിലപ്പുറം ഒരു ഉത്തരവാദിത്വവുമില്ലെന്ന് അല്ലാഹു അറിയിക്കുന്നു: "അഥവാ, അവർ പിന്തിരിഞ്ഞു പോകുന്നുവെങ്കിൽ നിന്നെ അവരുടെ മേൽനോട്ടക്കാരനായി നാം നിയോഗിച്ചിട്ടില്ല. സന്ദേശം എത്തിക്കേണ്ട ബാധ്യത മാത്രമേ നിനക്കുള്ളൂ" (ഖുർആൻ 42:48), "വിധി വ്യക്തമായി എത്തിച്ചുതരുന്ന ഉത്തരവാദിത്വം മാത്രമേ നമ്മുടെ ദൂതന്നുള്ളൂ." (5:92)

ജനത്തെ നിർബന്ധിച്ച് വിശ്വസിപ്പിക്കാൻ നബിതിരുമേനിക്കുപോലും അനുവാദമുണ്ടായിരുന്നില്ല. അല്ലാഹു പറയുന്നു: "ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ? ദൈവഹിതമില്ലാതെ ഒരാൾക്കും വിശ്വാസിയാവുക സാധ്യമല്ല" (10:99). "നബിയേ, നീ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക. നീ ഉദ്ബോധകൻ മാത്രമത്രെ. അവരെ നിർബന്ധിച്ച് വഴിപ്പെടുത്തുന്നവനൊന്നുമല്ല നീ." (88: 21, 22)

ഇങ്ങനെ ഇസ്ലാം വിശ്വാസ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു. മതം ആരുടെ മേലും അടിച്ചേൽപിക്കരുതെന്ന് അനുശാസിക്കുന്നു. ഓരോരുത്തർക്കും സ്വന്തം വിശ്വാസവും വീക്ഷണവും വച്ചുപുലർത്താനും അതനുസരിച്ച് പൂജാ പ്രാർഥനകളും ആചാരാനുഷ്ഠാനങ്ങളും നിർവഹിക്കാനും അവകാശമുണ്ട്. അതിലിടപെടാനോ അത് തടയാനോ ആർക്കും അധികാരമില്ല.

ഇസ്ലാം ആരെയും അതംഗീകരിക്കാൻ നിർബന്ധിക്കുകയില്ല. അങ്ങനെ നിർബന്ധിക്കുന്നതിന് ഇസ്ലാം എതിരാണ്. പ്രവാചകന്റെ കാലം തൊട്ടിന്നോളമുള്ള ചരിത്രാനുഭവവും ഇതിനു സാക്ഷ്യം വഹിക്കുന്നു. മദീനയിലെത്തിയ പ്രവാചകൻ അവിടത്തെ അൻസ്വാറുകളും പലായനം ചെയ്തെത്തിയ മുഹാജിറുകളുമായി ഉടമ്പടിയുണ്ടാക്കി. അതിൽ അവിടത്തെ ജൂതന്മാരുമായി ചില കരാർ വ്യവസ്ഥകൾ പ്രഖ്യാപിക്കുകയും അവർക്ക് ചില വാഗ്ദാനങ്ങൾ നൽകുകയും ചെയ്തു. പ്രസ്തുത പ്രമാണത്തിലിങ്ങനെ കാണാം: "നമ്മുടെ ഭരണ സാഹോദര്യസീമയിൽ പെടുന്ന ജൂതന്മാർക്ക് വർഗാടിസ്ഥാനത്തിലുള്ള പക്ഷപാതപരമായ പെരുമാറ്റങ്ങളിൽ നിന്നും ദ്രോഹങ്ങളിൽ നിന്നും രക്ഷനൽകും. നമ്മുടെ സഹായത്തിനും ദയാപൂർണമായ സംരക്ഷണത്തിനും സ്വന്തം സമുദായാംഗങ്ങളെപ്പോലെ അവർക്കും അവകാശമുണ്ട്. മുസ്ലിംകളുമായി ചേർന്ന് അവർ ഏക ഘടനയുള്ള ഒരു രാഷ്ട്രമായിത്തീരും. മുസ്ലിംകളെപ്പോലെത്തന്നെ അവർക്കും സ്വതന്ത്രമായി തങ്ങളുടെ മതം ആചരിക്കാവുന്നതാണ്."

ജൂതന്മാരെപ്പോലെത്തന്നെ ക്രൈസ്തവ ഗോത്രങ്ങളുമായും പ്രവാചകൻ സന്ധിയിലേർപ്പെട്ടിരുന്നു. അതിലവർക്ക് സമ്പൂർണ മതസ്വാതന്ത്ര്യം ഉറപ്പ് നൽകപ്പെട്ടിരുന്നു. സർ തോമസ് ആർണൾഡ് എഴുതുന്നു: "മുഹമ്മദ് തന്നെ പല അറബ് ക്രൈസ്തവ ഗോത്രങ്ങളുമായും സന്ധിയിലേർപ്പെട്ടിരുന്നു.

അവർക്ക് അദ്ദേഹം സംരക്ഷണവും സ്വന്തം മതം ആചരിക്കാനുള്ള സ്വാതന്ത്ര്യവും ഉറപ്പുവരുത്തി. അവരുടെ പുരോഹിതന്മാർക്കുണ്ടായിരുന്ന സവിശേഷാധികാരങ്ങൾ പഴയപോലെ നിലനിർത്തി." (ഇസ്ലാം: പ്രബോധനവും പ്രചാരവും, പേജ് 60)

പ്രവാചകന്റെ പാത തന്നെയാണ് അദ്ദേഹത്തിന്റെ പിൻമുറക്കാരും സ്വീകരിച്ചത്. രണ്ടാം ഖലീഫ ഉമറുൽഫാറൂഖ് ഈലിയാവാസികൾക്ക് എഴുതിക്കൊടുത്ത രക്ഷാവ്യവസ്ഥകളിലിങ്ങനെ കാണാം: "ദൈവത്തിന്റെ ദാസനും വിശ്വാസികളുടെ നായകനുമായ ഉമർ ഈലിയായിലെ ജനങ്ങൾക്ക് നൽകുന്ന സംരക്ഷണക്കരാറാണിത്. എല്ലാവരുടെയും ജീവന്നും സ്വത്തിനും ചർച്ചുകൾക്കും കുരിശുകൾക്കും മതസംബന്ധമായ എല്ലാറ്റിനും സംരക്ഷണം ഉറപ്പുനൽകുന്നു. ആരുടെയും ചർച്ചുകൾ വാസസ്ഥലമാക്കുകയോ നശിപ്പിക്കുകയോ അരുത്. അവയോ അവയോട് ചേർന്നുനിൽക്കുന്ന വസ്തുവഹകളോ കുറച്ചുകളയരുത്. അതുപോലെത്തന്നെ അവരുടെ സ്വത്തുക്കളോ കുരിശുകളോ പിടിച്ചടക്കരുത്. വിശ്വാസകാര്യത്തിന് ആരുടെമേലും പ്രതിബന്ധമുണ്ടാക്കുകയോ മതംമാറ്റത്തിന് നിർബന്ധിക്കുകയോ അരുത്. ആരെയും ദ്രോഹിക്കാനും പാടില്ല." (ത്വബ്രി, പേജ് 2405)

ഇന്ത്യാ ചരിത്രത്തിൽ കടുത്ത വർഗീയവാദിയും പരമതദ്രോഹിയുമായി മുദ്രകുത്തപ്പെട്ട ഔറംഗസീബ് രാജ്യനിവാസികൾക്ക് പൂർണാർഥത്തിൽ മതസ്വാതന്ത്ര്യം അനുവദിച്ച വ്യക്തിയായിരുന്നു. ബനാറസ് ഗവർണറായിരുന്ന അബുൽഹസന് അദ്ദേഹം നൽകിയ ഉത്തരവിലിങ്ങനെ കാണാം: "നീതിപൂർവകമായ നമ്മുടെ ഈ ഭരണം നടക്കുന്ന കാലത്തുപോലും ബനാറസിലും മറ്റു ചില ദേശങ്ങളിലും താമസിക്കുന്ന ഹിന്ദുപ്രജകളെ ചിലർ വൈരാഗ്യത്താലും വിദ്വേഷത്താലും വിഷമിപ്പിച്ചു കൊണ്ടിരിക്കുന്നതായി നമുക്ക് വിവരം ലഭിച്ചിരിക്കുന്നു. അവിടങ്ങളിലെ ക്ഷേത്രങ്ങളുടെ സംരക്ഷകരായ ബ്രാഹ്മണന്മാരെ അവരുടെ കൃത്യനിർവഹണത്തിൽ നിന്നും ഭയപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതായും നാം മനസ്സിലാക്കുന്നു. നമ്മോടു കൂറും വിശ്വസ്തതയുമുള്ള അബുൽഹസനോട് നാം കൽപിക്കുന്നു. ഈ ഉത്തരവ് കൈവശം കിട്ടിയ ഉടനെത്തന്നെ ഇത്തരം അനാശാസ്യപ്രവർത്തനങ്ങൾ ഇല്ലാതാക്കുകയും ഭാവിയിൽ ബ്രാഹ്മണ പുരോഹിതന്മാരുടെ പ്രവർത്തനങ്ങളിൽ അവർക്ക് യാതൊരു തടസ്സവും ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തുകയും വേണം. ദീർഘകാലം നിലനിൽക്കേണ്ടതും ദൈവദത്തമായി നൽകപ്പെട്ടതുമായ നമ്മുടെ സാമ്രാജ്യത്തിന്റെ ഉയർച്ചയ്ക്കും മനുഷ്യസമൂഹത്തിന്റെ കൂട്ടായ നന്മയ്ക്കും വേണ്ടി അവർ നടത്തുന്ന പ്രാർഥനകൾ അഭംഗുരം തുടരാൻ അനുവദിക്കുകയും വേണം. ഇത് വളരെ അടിയന്തര കാര്യമായി കരുതി ഉടൻ നടപടികൾ സ്വീകരിക്കുക. ഹിജ്റ 1090 റബീഉൽആഖിർ 17" (ഉദ്ധരണം: സി.കെ. കരീം – ചരിത്രപാഠങ്ങൾ, പേജ് 495)

ഔറംഗസീബിന്റ സമീപനത്തെ അലക്സാണ്ടർ ഹാമിൽട്ടൺ ഇങ്ങനെ വിലയിരുത്തുന്നു: "ഹിന്ദുക്കൾക്ക് പരിപൂർണമായ മതസ്വാതന്ത്ര്യം ലഭിക്കുന്നുണ്ടെന്നതിനു പുറമെ ഹൈന്ദവരാജാക്കന്മാരുടെ കീഴിലായിരിക്കുമ്പോഴൊക്കെ അവർ നടത്തിയിരുന്ന വ്രതങ്ങളും ഉത്സവങ്ങളും ഇപ്പോഴും ആഘോ

ഷിക്കുവാനുള്ള സൗകര്യങ്ങളുണ്ട്. മീററ്റ് നഗരത്തിൽ മാത്രം ഹൈന്ദവവിഭാഗത്തിൽ നൂറിൽപരം വ്യത്യസ്ത വിഭാഗങ്ങളുണ്ടെങ്കിലും അവർ തമ്മിൽ പ്രാർഥനകളുടേയോ സിദ്ധാന്തങ്ങളുടെയോ പേരിൽ യാതൊരുവിധ തർക്കവും നടക്കുന്നില്ല. ഏതൊരാൾക്കും അയാളാഗ്രഹിക്കുന്നവിധം ദൈവാർച്ചനകൾ നടത്താനും ആരാധിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. മതധ്വംസനങ്ങൾ അജ്ഞാതമാണ്." (Alexander Hamilton - A new Account of the East Indies Vol.1, pp. 159,162,163 ഉദ്ധരണം: ചരിത്രപാഠങ്ങൾ)

വിശുദ്ധഖുർആനും പ്രവാചകചര്യയും ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം മുസ്‌ലിംകൾ എക്കാലവും പൂർണമായും പ്രയോഗവത്കരിച്ചിരിക്കുന്നുവെന്നതിന് കഴിഞ്ഞ പതിനാലു നൂറ്റാണ്ടു കാലത്തെ ചരിത്രം സാക്ഷിയാണ്. സമകാലിക ലോകത്തിന്റെ അവസ്ഥ പരിശോധിക്കുന്ന ആർക്കും ഇസ്‌ലാം പൂർണ മതസ്വാതന്ത്ര്യം അനുവദിക്കുന്നുവെന്നും അത് മതംമാറ്റത്തിന് ആരെയും നിർബന്ധിക്കുന്നില്ലെന്നും സംശയരഹിതമായി ബോധ്യമാകും.

രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖിന്റെ കാലത്താണ് ഈജിപ്ത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമായത്. അന്നു മുതലിന്നോളം അവിടെ കോപ്റ്റിക് ക്രൈസ്തവർ സ്വൈരജീവിതം നയിച്ചുവരുന്നു. ആധുനിക ഈജിപ്തിൽ അവർക്ക് ആയിരത്തി അഞ്ഞൂറോളം ആരാധനാലയങ്ങളും അഞ്ഞൂറോളം സംഘടനകളുമുണ്ട്. അവയെല്ലാം സ്ഥാപിതമായത് മുസ്‌ലിം ഭരണകാലത്താണ്. ഇസ്‌ലാം മതംമാറ്റത്തിന് നിർബന്ധിച്ചിരുന്നുവെങ്കിൽ പതിനാല് നൂറ്റാണ്ടിനുശേഷവും ഇത്രയേറെ അന്യമതാനുയായികളും അവരുടെ ആരാധനാലയങ്ങളും അവിടെ അവശേഷിക്കുമായിരുന്നില്ല.

നിരവധി നൂറ്റാണ്ടുകൾ മുസ്‌ലിം ആധിപത്യം നിലനിൽക്കുകയും ജനസംഖ്യയിൽ മഹാഭൂരിപക്ഷവും മുസ്‌ലിംകളാവുകയും ചെയ്തിട്ടും മതന്യൂനപക്ഷങ്ങൾ മുസ്‌ലിംനാടുകളിലെല്ലാം നിലനിൽക്കുകയും സ്വൈരത്തോടെയും സമാധാനത്തോടെയും ജീവിക്കുകയും ചെയ്യുന്നുവെന്നത് അനിഷേധ്യമായ വസ്തുതയത്രെ. ഇസ്‌ലാം സമ്പൂർണ മതസ്വാതന്ത്ര്യം അനുവദിച്ചതിനാലും ഖുർആൻ ബഹുമതസമൂഹത്തെ അംഗീകരിക്കുന്നതിനാലുമാണ് ഇത് സാധിതമായത്.

'അതിനാൽ ഫിത്ന ഇല്ലാതാവുകയും ദീൻ അല്ലാഹുവിനായിത്തീരുകയും ചെയ്യുക' എന്നതിന്റെ ഉദ്ദേശ്യം, ഇസ്‌ലാമിന്റെ ശത്രുക്കൾ പ്രചരിപ്പിക്കുന്നതുപോലെ മറ്റെല്ലാ മതങ്ങളെയും ഇല്ലാതാക്കി ഇസ്‌ലാം മാത്രമാകുന്നതുവരെ എന്നല്ല; മറിച്ച്, ഭൂമിയിൽ കുഴപ്പവും അതിക്രമവും ഇല്ലാതാവുകയും മനുഷ്യരുടെ മേൽ മനുഷ്യൻ പരമാധികാരം നടത്തുന്ന അടിമത്താവസ്ഥ അവസാനിച്ച് ദൈവം നൽകിയ സ്വാതന്ത്ര്യത്തിന്റെ സ്വച്ഛാവസ്ഥ സംജാതമാകുന്നതുവരെ എന്നാണ്. മാനവമോചനത്തിന്റെ മഹിതമായ സന്ദേശം ഉയർത്തിപ്പിടിക്കുന്ന ഇസ്‌ലാം മനുഷ്യൻ മനുഷ്യരെ ആജ്ഞാനുവർത്തികളും അടിമകളുമാക്കിവെക്കുന്ന പതിതാവസ്ഥ അംഗീകരിക്കുന്നില്ല. അതവസാനിപ്പിച്ച് മാനവമഹത്വം പ്രകാശിതമാകുന്ന സ്വാതന്ത്ര്യാവസ്ഥ സംജാതമാകുന്നതുവരെ ധർമസമരം നടത്താനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. അതിനാൽ "ഫിത്ന അവസാനിക്കുകയും ദീൻ അല്ലാഹുവിനായിത്തീരുകയും ചെയ്യുക"യെന്നതിന്റെ

യഥാർഥ വിവക്ഷ, മർദനം അവസാനിച്ച് മൗലിക മനുഷ്യാവകാശങ്ങളും മത സ്വാതന്ത്ര്യവും സ്ഥാപിതമാവുകയെന്നാണ്. തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനനായകനും പ്രമുഖ ഇസ്‌ലാമിക ചിന്തകനുമായ റാശിദുൽ ഗനൂശി എഴുതുന്നു: "നമുക്കും മറ്റുള്ളവർക്കും ജീവിക്കാനുള്ള സ്വാതന്ത്ര്യം, അഭിപ്രായപ്രകടന സ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം, അനീതിയിൽനിന്നും അടിച്ചമർത്തലിൽനിന്നുമുള്ള സ്വാതന്ത്ര്യം തുടങ്ങിയ മൗലിക സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അംഗീകരിക്കുന്ന എല്ലാ ഭരണകൂടങ്ങളെയും പൊതുവിൽ നാം അംഗീകരിക്കുന്നുണ്ട്. കാരണം ന്യൂനപക്ഷങ്ങളായി ജീവിക്കാനും ഇസ്‌ലാമിക ജീവിതം നയിക്കാനും മറ്റുള്ളവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാനും അനിവാര്യമായ ഒരു ചട്ടക്കൂട് തരുന്നത് ഈ സ്വാതന്ത്ര്യമാണ്. മക്കക്കാർ ഇസ്‌ലാമിനെ നിരാകരിച്ചപ്പോൾ നബിതിരുമേനി പറഞ്ഞത് 'ജനങ്ങളെ അഭിസംബോധന ചെയ്യാൻ എന്നെ അനുവദിക്കുക' എന്നാണ്. എത്യോപ്യയെ സംബന്ധിച്ച് 'ജനങ്ങളെ അടിച്ചമർത്താത്ത ഒരു ഭരണാധികാരി അവിടെ ഉണ്ട്' എന്നും പറയുകയുണ്ടായി." (ഉദ്ധരണം: പ്രബോധനം വാരിക, 2002 ജൂലൈ 20)

## അഞ്ച്

# കപടവിശ്വാസികളോടുള്ള സമീപനം

"**വി**ശ്വസിച്ചവരേ, നിങ്ങളോടു ചേർന്നു നിൽക്കുന്ന സത്യനിഷേധികളോട് യുദ്ധം ചെയ്യുക. അവർ നിങ്ങളിൽ കാർക്കശ്യം കാണട്ടെ. അറിയുക. അല്ലാഹു ഭക്തന്മാരോടൊപ്പമത്രെ." (9:123)

പ്രത്യക്ഷത്തിൽ തോന്നുക സത്യനിഷേധികളോട് യുദ്ധം ചെയ്യാനുള്ള ആഹ്വാനമാണിതെന്നാണ്. എന്നാൽ, ഖുർആൻ ഇവിടെ പറഞ്ഞത് 'നിങ്ങളോട് ചേർന്നുനിൽക്കുന്ന' സത്യനിഷേധികളെന്നാണ്. കപടവിശ്വാസികളാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. ഇസ്‌ലാമിക സമൂഹത്തിന് വമ്പിച്ച വിപത്തുകൾ വരുത്തിവെച്ച വിഭാഗമായിരുന്നു അവർ. അവിശ്വാസികളായിരിക്കെ മുസ്‌ലിംകളുടെ കൂടെ നിൽക്കുകയും അവരുടെ എല്ലാ രഹസ്യങ്ങളും ശത്രുക്കൾക്ക് ചോർത്തിക്കൊടുക്കുകയും ചെയ്തിരുന്ന കപടവിശ്വാസികൾ സമൂഹത്തിൽ ആശയക്കുഴപ്പവും ഛിദ്രതയുമുണ്ടാക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ഇതേ അധ്യായത്തിലെ 101, 107 വാക്യങ്ങൾ അവരുടെ ഹീനവൃത്തികൾ വ്യക്തമാക്കുന്നുണ്ട്.

"നിങ്ങളുടെ ചുറ്റുമുള്ള ഗ്രാമീണരിൽ നിരവധി പേർ കപടവിശ്വാസികളാകുന്നു. മദീനാവാസികളിലും കപട വിശ്വാസികളുണ്ട്. കാപട്യത്തിൽ അവർ ഉദ്ധതരായിരിക്കുന്നു. നിങ്ങൾക്ക് അവരെ അറിയില്ല. നാം അറിയുന്നുണ്ട്. നാം അവർക്ക് ഇരട്ടി ശിക്ഷ നൽകുന്നതാണ്. പിന്നെ അവർ കൂടുതൽ കഠിനമായ ശിക്ഷയിലേക്ക് മടക്കപ്പെടുന്നതാണ്." (9:101)

സത്യനിഷേധവും മതപരിത്യാഗവും രഹസ്യമായി പ്രചരിപ്പിക്കുന്നവർ, ശത്രുക്കൾക്കുവേണ്ടി ചാരപ്പണി നടത്തുന്നവർ, സമുദായത്തിൽ ശൈഥില്യം സൃഷ്ടിക്കുന്നവർ, ഭൗതിക താൽപര്യങ്ങൾക്കായി മുസ്‌ലിംകളായി അഭിനയിക്കുന്നവർ, മുസ്‌ലിംകളുടെ അടുത്തുവരുമ്പോൾ അവരുടെ കൂടെയുള്ളവരായും ശത്രുപക്ഷത്തെത്തുമ്പോൾ അവരോടൊപ്പവും നിൽക്കുന്നവർ, പ്രത്യക്ഷത്തിൽ മുസ്‌ലിംകളായി അഭിനയിക്കുകയും ഇസ്‌ലാമിനെതിരെ പൊരുതുന്നതിൽ ശത്രുക്കൾക്ക് സഹായം ചെയ്തുകൊടുക്കുകയും ചെയ്യുന്നവർ

എന്നിങ്ങനെ വിവിധയിനം കപടവിശ്വാസികളുണ്ട്. ഓരോ വിഭാഗത്തോടും സ്വീകരിക്കേണ്ട സമീപനം വ്യത്യസ്തമാണ്. ഖുർആൻ കർക്കശമായ സമീപനം സ്വീകരിക്കാൻ കല്പിച്ചത് നാട്ടിൽ കുഴപ്പമുണ്ടാക്കുകയും പ്രവാചകനെ വധിക്കാൻ ശ്രമിക്കുകയും ഇസ്ലാമിക സമൂഹത്തിനും രാഷ്ട്രത്തിനുമെതിരെ ചാരപ്പണി നടത്തുകയും ശത്രുക്കളുടെ പക്ഷം ചേർന്ന് ഇസ്ലാമിക സമൂഹത്തെ നശിപ്പിക്കാൻ ശ്രമിക്കുകയും രാജ്യത്ത് ആഭ്യന്തര കുഴപ്പം കുത്തിപ്പൊക്കാൻ ഗൂഢശ്രമം നടത്തുകയും ചെയ്ത കപടവിശ്വാസികൾക്കെതിരെയാണ്.

പ്രവാചകനെതിരെ ഗൂഢാലോചന നടത്തിയതിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു: "വായകൊണ്ട് അവർ പറയും: 'ഞങ്ങൾ അനുസരണയുള്ളവരാകുന്നു.' നിന്റെ സാന്നിധ്യത്തിൽനിന്ന് പിരിഞ്ഞുപോയാലോ അവരിലൊരു വിഭാഗം രാത്രി സമ്മേളിച്ച് നിനക്കെതിരെ ഗൂഢാലോചന നടത്തുന്നു." (4: 81)

ഇസ്ലാമിക സമൂഹത്തിനെതിരെ അവർ നടത്തിയിരുന്ന ഗൂഢാലോചനയെക്കുറിച്ച് ഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു: "ഗൂഢാലോചന നടത്തുന്നത് നിരോധിക്കപ്പെട്ടവരെ നീ കാണുന്നില്ലേ? ഏതൊന്നിൽ നിന്നാണോ അവരെ വിലക്കിയിട്ടുള്ളത് അതിലേക്ക് തന്നെ അവർ മടങ്ങിപ്പോകുന്നു. കുറ്റകരവും ശത്രുതാപരവും പ്രവാചക ധിക്കാരപരവുമായ കാര്യങ്ങൾ അവർ രഹസ്യമായി മന്ത്രിക്കുന്നു" (58: 8).

ഇസ്ലാമിക സമൂഹത്തോട് അവർ പുലർത്തിയിരുന്ന സമീപനം ഖുർആൻ വ്യക്തമാക്കുന്നു: "നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയുന്നു: 'ഞങ്ങളും വിശ്വസിച്ചിരിക്കുന്നു.' പിരിഞ്ഞുപോയാലോ നിങ്ങളോടുള്ള വിദ്വേഷത്താൽ അവർ വിരലുകൾ കടിക്കുന്നു." (3: 119)

"നിങ്ങൾക്ക് വല്ല ഗുണവും വന്നാൽ അതവരെ വിഷമിപ്പിക്കുന്നു. വല്ല വിപത്തുമാണ് നിങ്ങൾക്കുണ്ടാവുന്നതെങ്കിലോ അതവരെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു" (3: 120). "കുഴപ്പം കുത്തിപ്പൊക്കുന്നവരാണവർ. കുഴപ്പത്തിനവസരം കിട്ടുമ്പോഴെല്ലാം അതിലവർ ചാടിവീഴുന്നു." (4: 91)

പ്രവാചകന്റെ അനുയായികളെ സാമ്പത്തിക ഉപരോധത്തിന് ശ്രമിച്ചവരായിരുന്നു കപടവിശ്വാസികൾ: "ദൈവദൂതന്റെ കൂട്ടുകാർക്ക് ചെലവഴിക്കുന്നത് നിർത്തിവെക്കുക; അങ്ങനെ അവർ പിരിഞ്ഞു പോയിക്കൊള്ളും എന്നു പറയുന്നവരാണവർ." (63: 7)

പ്രവാചകനെയും അനുയായികളെയും മദീനയിൽ നിന്ന് പുറന്തള്ളുമെന്ന് പ്രചരിപ്പിച്ചവരുമായിരുന്നു: "അവർ പറയുന്നു: 'മദീനയിൽ മടങ്ങിയെത്തിയാൽ പ്രതാപമുള്ളവർ പതിതരെ പുറത്താക്കുക തന്നെ ചെയ്യും.' സത്യത്തിൽ, പ്രതാപം ദൈവത്തിനും അവന്റെ ദൂതന്നും വിശ്വാസികൾക്കുമുള്ളതാണ്. എന്നാൽ ഈ കപടന്മാർ അതറിയുന്നില്ല." (63: 8)

അവർ തിന്മയുടെ പ്രചാരകരായിരുന്നു. ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരും. "കപടവിശ്വാസികളും കപടവിശ്വാസിനികളും ഒരേ ഗണത്തിൽ പെട്ടവരാകുന്നു. അവർ തിന്മ കല്പിക്കുന്നു. നന്മ നിരോധിക്കുന്നു. സ്വകരങ്ങളെ നന്മയിൽനിന്ന് തടഞ്ഞുവെക്കുകയും ചെയ്യുന്നു." (9: 67)

"ഭൂമിയിൽ കുഴപ്പമുണ്ടാക്കാതിരിക്കുവിൻ എന്ന് അവരോടു പറയുമ്പോൾ 'ഞങ്ങൾ നന്മ ചെയ്യുന്നവർ മാത്രമാകുന്നു' എന്ന് അവർ മറുപടി നൽകുന്നു. അറിയുക: അവർ തന്നെയാണ് കുഴപ്പം കുത്തിപ്പൊക്കുന്നവർ." (2: 11, 12)

പ്രവാചകനെതിരെ നിരവധി യുദ്ധങ്ങളിൽ ശത്രുക്കളെ സഹായിച്ച അബൂ ആമിറിനെ കുടിയിരുത്താനും റോമക്കാരോടൊപ്പം ചേർന്ന് പ്രവാചകന്നും ഇസ്‌ലാമിക രാഷ്ട്രത്തിനുമെതിരെ ഗൂഢാലോചന നടത്താനുള്ള കേന്ദ്രമായും സമൂഹത്തിൽ ആഭ്യന്തര ശൈഥില്യമുണ്ടാക്കാനുമായി പള്ളി പണിതവരുമാണവർ: "ഇങ്ങനെ ഒരു വിഭാഗമുണ്ട്. വിപത്തു വരുത്താനും സത്യത്തെ നിഷേധിക്കാനും സത്യവിശ്വാസികൾക്കിടയിൽ ഛിദ്രത വളർത്താനും, നേരത്തെ അല്ലാഹുവോടും അവന്റെ ദൂതനോടും യുദ്ധം ചെയ്തിട്ടുള്ള ഒരുവന്ന് ഗൂഢസങ്കേതം ഒരുക്കാനുമായി അവർ ഒരു പള്ളി നിർമിച്ചു. 'നന്മയല്ലാതൊന്നും ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലെ'ന്ന് അവർ സത്യം ചെയ്തു പറയും. എന്നാൽ അവർ തീർത്തും കള്ളം പറയുന്നവരാണെന്നതിന് ദൈവം സാക്ഷിയാണ്." (9: 107)

തബൂക്ക് യുദ്ധം കഴിഞ്ഞ് മടങ്ങുന്ന മുസ്‌ലിം സൈന്യം ഒരു പർവത പ്രാന്തത്തിലെത്തി. രാത്രി മലഞ്ചെരിവിലൂടെ പോകുമ്പോൾ നബിതിരുമേനിയെ ആഴമുള്ള കൊക്കയിലേക്ക് തള്ളി വീഴ്ത്താൻ കപടവിശ്വാസികൾ തീരുമാനിച്ചു. പ്രവാചകശിഷ്യൻ ഹുദൈഫയുടെ സമർഥമായ ഇടപെടലാണ് ഇതിൽനിന്നവരെ പിന്തിരിപ്പിച്ചത്. (തഫ്ഹീമുൽ ഖുർആൻ 2: 202 കാണുക)

ഇങ്ങനെ ഇസ്‌ലാമിക സമൂഹത്തെയും രാഷ്ട്രത്തെയും നശിപ്പിക്കാനായി മുസ്‌ലിം സമുദായത്തിൽ നുഴഞ്ഞു കയറിയവരും ശത്രുക്കൾക്കുവേണ്ടി ചാരപ്പണി നടത്തിയവരും ഗൂഢാലോചനയിലേർപ്പെട്ടവരും ആഭ്യന്തര കുഴപ്പവും ഭിന്നിപ്പും ഉണ്ടാക്കാൻ ശ്രമിച്ചവരുമായ കപടവിശ്വാസികളോടു സ്വീകരിക്കേണ്ട സമീപനമാണ് ഖുർആൻ വിശദീകരിച്ചത്. ആരാണ് ഖുർആൻ പരിചയപ്പെടുത്തുന്ന കപടവിശ്വാസികളെന്നു വ്യക്തമാക്കാതെ അവരോടു സ്വീകരിക്കേണ്ട സമീപനം മാത്രം ഉദ്ധരിക്കുന്നത് തെറ്റിദ്ധാരണ സൃഷ്ടിക്കാനേ ഉപകരിക്കുകയുള്ളൂ.

രാജ്യം ശത്രുക്കളോട് യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കെ ശത്രുക്കളെ സഹായിക്കുകയും നാട്ടുകാർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുകയും ചാരപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നതുൾപ്പെടെ സകല വിദ്രോഹ വൃത്തികളിലും വ്യാപൃതരാവുന്ന കപടവിശ്വാസികളായ രാജ്യദ്രോഹികളെ പൊറുപ്പിക്കാനാർക്കും സാധ്യമല്ല. അതുകൊണ്ടുതന്നെയാണ് വളരെ കർക്കശമായ സമീപനം ഖുർആൻ അവരോടു സ്വീകരിച്ചത്: "കപടവിശ്വാസികളും രോഗബാധിതമായ മനസ്സുള്ളവരും മദീനയിൽ സംഭ്രമജനകമായ വാർത്തകൾ പരത്തുന്നവരും തങ്ങളുടെ ചെയ്തികളിൽ നിന്ന് വിരമിക്കുന്നില്ലെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാൻ തീർച്ചയായും നാം നിന്നെ എഴുന്നേല്പിക്കുന്നതാണ്. പിന്നെ വളരെക്കുറച്ചേ അവർക്ക് ഈ പട്ടണത്തിൽ നിന്നോടൊപ്പം താമസിക്കാൻ കഴിയുകയുള്ളൂ. നാനാഭാഗത്തുനിന്നും അവരുടെ മേൽ ശാപവർഷം ഉണ്ടാകും. എവിടെ കണ്ടെത്തിയാലും പിടികൂടപ്പെടുകയും വഷളാംവണ്ണം വധിക്കപ്പെടുകയും ചെയ്യും. ഇത്തരം ആളുകളുടെ കാര്യത്തിൽ നേരത്തെ തുടർന്നു വന്നിട്ടുള്ള ദൈവിക നടപടിയാണിത്. അല്ലാഹുവിന്റെ നടപടിക്രമത്തിലൊരു

മാറ്റവും നിനക്കു കാണാനാവില്ല." (ഖുർആൻ 33: 60, 62)

അകമേ അവിശ്വാസികളായിരിക്കെ മുസ്‌ലിംകളോട് ചേർന്നുനിന്ന് അവരെ വഞ്ചിക്കുകയും വിപത്തിലകപ്പെടുത്തുകയും ചെയ്ത കപട വിശ്വാസികൾക്കെതിരെ പൊരുതാനാണ് 9:123–ാം വാക്യം ആഹ്വാനം ചെയ്യുന്നത്. പുറമെയുള്ള അവിശ്വാസികൾക്കെതിരെ യുദ്ധം ചെയ്യാനല്ല. 4–ാം അധ്യായത്തിലെ 89–91 വാക്യങ്ങൾ വധിക്കാനാവശ്യപ്പെടുന്നതും ഇതേ സമീപനം സ്വീകരിച്ച കപടന്മാരെയത്രെ.

"തങ്ങൾ എവ്വിധം സത്യം നിഷേധിച്ചുവോ അവ്വിധം നിങ്ങളും സത്യം നിഷേധിക്കണമെന്നും അങ്ങനെ നിങ്ങളെല്ലാവരും സമന്മാരാവണമെന്നുമാണ് അവരാഗ്രഹിക്കുന്നത്. അതിനാൽ ദൈവികമാർഗത്തിൽ സ്വദേശം വെടിഞ്ഞു വരുന്നതുവരെ അവരിൽ ആരെയും നിങ്ങൾ ആത്മമിത്രങ്ങളായി സ്വീകരിക്കരുത്. സ്വദേശം വെടിയാൻ സന്നദ്ധമാകുന്നില്ലെങ്കിൽ അവരെ കണ്ടേടത്തുവെച്ച് പിടികൂടുകയും വധിക്കുകയും ചെയ്യുക. അവരിലാരെയും നിങ്ങൾ സ്വന്തം തോഴനോ തുണയോ ആക്കാതിരിക്കുക. നിങ്ങളുമായി കരാറിലേർപ്പെട്ട ജനതയുമായി കൂടിച്ചേർന്ന കപടന്മാർ ഈ വിധിയിൽ നിന്ന് ഒഴിവാകുന്നു. അപ്രകാരം നിങ്ങളോടോ സ്വന്തം ജനത്തോടോ യുദ്ധം ചെയ്യാൻ മനസ്സൊട്ടും അനുവദിക്കാതെ നിങ്ങളെ സമീപിക്കുന്ന കപടവിശ്വാസികളും അതിൽ നിന്നൊഴിവാകുന്നു. അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ അവരെ നിങ്ങൾക്കെതിരെ നിയോഗിക്കുകയും അങ്ങനെ അവർ നിങ്ങളോട് പോരാടുകയും ചെയ്യുമായിരുന്നു. അവർ നിങ്ങളോട് യുദ്ധം ചെയ്യാതെ മാറിനിൽക്കുകയും നിങ്ങളുടെ നേരെ സമാധാന ഹസ്തം നീട്ടുകയും ചെയ്യുന്നുവെങ്കിൽപിന്നെ അവരെ അക്രമിക്കാൻ അല്ലാഹു ഒരു വഴിയും നിങ്ങൾക്ക് അനുവദിച്ചു തന്നിട്ടില്ല. എന്നാൽ, മറ്റൊരു വിഭാഗം കപടവിശ്വാസികളെ നിങ്ങൾക്കു കാണാം. അവർ നിങ്ങളോടും സ്വജനത്തോടും സമാധാനത്തിൽ കഴിയാനാഗ്രഹിക്കുന്നു. പക്ഷേ, കുഴപ്പത്തിനവസരം കിട്ടുമ്പോഴെല്ലാം അവരതിൽ പൂണ്ടു പിടിക്കുന്നു. ഇക്കൂട്ടർ നിങ്ങൾക്കെതിരെ വരുന്നതിൽനിന്ന് വിട്ടുനിൽക്കുകയും നിങ്ങളോട് സന്ധിക്കും സമാധാനത്തിനും അപേക്ഷിക്കുകയും സ്വകരങ്ങൾ അടക്കിവെക്കുകയും ചെയ്യുന്നില്ലെങ്കിൽ എവിടെവെച്ചു കണ്ടാലും അവരെ പിടികൂടുകയും വധിക്കുകയും ചെയ്യുക. അവർക്കെതിരെ നിൽക്കാൻ നാം നിങ്ങൾക്ക് വ്യക്തമായ ന്യായവും തെളിവും നൽകിയിരിക്കുന്നു."(4: 89–91)

ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഏറെ ദ്രോഹമേൽപിച്ച കപടവിശ്വാസികളോടുപോലും ഇങ്ങോട്ടു യുദ്ധം ചെയ്യുകയോ ശത്രുസമൂഹത്തോട് ചേർന്നുനിൽക്കുകയോ സംഭ്രമജനകവും വ്യാജവുമായ വാർത്തകൾ പ്രചരിപ്പിക്കുകയോ ചെയ്യുന്നുവെങ്കിൽ മാത്രമേ സായുധമായി നേരിടാവൂ എന്നും അവർ തങ്ങളുടെ കരങ്ങൾ പിൻവലിച്ചാൽ പിന്നെ അവർക്കെതിരെ നടപടി സ്വീകരിക്കരുതെന്നുമാണ് ഉപര്യുക്ത വാക്യങ്ങൾ ആവശ്യപ്പെടുന്നത്. കപട വിശ്വാസികളോടുപോലും എത്ര ഉദാരമായ നിലപാടാണ് ഖുർആൻ സ്വീകരിച്ചതെന്ന് ഈ വിശുദ്ധ വചനങ്ങൾ സുതരാം വ്യക്തമാക്കുന്നു.

## ആറ്

# ജൂത-ക്രൈസ്തവരോടുള്ള സമീപനം

**"വിശ്വസിച്ചവരേ, നിങ്ങൾ ജൂതന്മാരെയും ക്രിസ്ത്യാനികളെയും ആത്മമിത്രങ്ങളാക്കരുത്. അവരന്യോന്യം ആത്മമിത്രങ്ങളാകുന്നു. അഥവാ, നിങ്ങളാരെങ്കിലും അവരെ ആത്മമിത്രമാക്കുകയാണെങ്കിൽ അയാളും അവരിൽപെട്ടവനായി ഗണിക്കപ്പെടും. അക്രമികളായ ജനത്തെ അല്ലാഹു നേർവഴിയിൽ നയിക്കുകയില്ല; തീർച്ച."** (ഖുർആൻ 5:51)

ഹിജ്റവർഷം ആറിൽ മുസ്‌ലിംകളും മക്കയിലെ ശത്രുക്കളും തമ്മിലുണ്ടായ ഹുദൈബിയാസന്ധിക്കു ശേഷമാണ് ഈ വാക്യം അവതീർണമായത്. സന്ധി മദീനയിലെ ജൂതന്മാരെയും ക്രിസ്ത്യാനികളെയും അത്യധികം അസ്വസ്ഥരാക്കി. അതുകൊണ്ടുതന്നെ ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള അവരുടെ വെറുപ്പും വിദ്വേഷവും മൂർഛിച്ചു. പ്രവാചകനെയും അനുയായികളെയും നശിപ്പിക്കാൻ അവർ പലതരം ഗൂഢാലോചനകളും നടത്തിക്കൊണ്ടിരുന്നു. അതൊക്കെയും പരാജയപ്പെടുത്താൻ മുസ്‌ലിംകളും പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടിരുന്നു.

സാമ്പത്തിക ശേഷിയിലും ജീവിത സൗകര്യങ്ങളിലും ഏറെ മെച്ചപ്പെട്ട അവസ്ഥയിലായിരുന്നു മദീനയിലെ ജൂതന്മാരും ക്രിസ്ത്യാനികളും. ഫലസമൃദ്ധമായ പ്രദേശങ്ങളൊക്കെയും അവരുടെ വശമായിരുന്നു. അതോടൊപ്പം മദീനാ നിവാസികളിൽ നല്ലൊരു വിഭാഗം അവരോട് പലിശക്ക് കടം വാങ്ങിയവരുമായിരുന്നു. അതിനാൽ പ്രത്യക്ഷത്തിൽ മുസ്‌ലിം പക്ഷത്തുള്ളവരിൽ തന്നെ ചിലർ അവരുമായി രഹസ്യമായി ഉറ്റബന്ധം പുലർത്തിയിരുന്നു. പ്രത്യേകിച്ചും കപടവിശ്വാസികൾ. വിജയിക്കുന്ന ഭാഗത്തേക്ക് നിൽക്കാമെന്ന് കരുതിയ അവർ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരുന്നു. അതിനാൽ അവരിലൂടെ പ്രവാചകന്റെയും അനുചരന്മാരുടെയും പല പരിപാടികളും പദ്ധതികളും ശത്രുപക്ഷം അറിയാൻ സാധ്യതയുണ്ടായിരുന്നു. അത് തീർത്തും ഇല്ലാതാക്കാനായി അവതീർണമായതാണ് അൽ മാഇദ അധ്യായത്തിലെ ഉപര്യുക്തസൂക്തം.

ഇന്ത്യയും പാകിസ്ഥാനും ശത്രുതയിലായിരിക്കെ സ്വകാര്യതകളും രഹസ്യങ്ങളും സൂക്ഷിക്കാതിരിക്കുമാറ് പാകിസ്ഥാനിയെ ആത്മമിത്രമായി സ്വീകരിക്കുന്നത് ഇന്ത്യ, രാജ്യദ്രോഹമായാണല്ലോ ഗണിക്കുക. ഭരണകൂടം അതിനെ ശക്തിയായി വിലക്കുകയും ചെയ്യും. അപ്രകാരം തന്നെ ആദർശ ശത്രുത നിലനിൽക്കുന്ന സാഹചര്യത്തിൽ എതിർപക്ഷത്തുള്ളവരുമായി കലവറയില്ലാത്ത ബന്ധം പുലർത്തുന്നത് ആദർശത്തെ വഞ്ചിക്കലാണ്. അത്തരം ആദർശദ്രോഹവൃത്തികൾ വിലക്കപ്പെടുകയും ചെയ്യും.

ഖുർആൻ 5:51-ലെ ഉദ്ധൃതവാക്യം ശത്രുതയിൽ വർത്തിച്ചിരുന്ന ജൂത-ക്രൈസ്തവ സമൂഹങ്ങളോട് സ്വീകരിക്കേണ്ട സമീപനമാണ് വ്യക്തമാക്കുന്നത്. അവരെ ആത്മമിത്രങ്ങളാക്കുന്നത് വിലക്കുകയാണ് ഈ വിശുദ്ധവചനം. ഇത് ഇരുവിഭാഗങ്ങളെയും മാറിമാറി സമീപിച്ച് തങ്ങളുടെ ഭൗതിക താൽപര്യം സംരക്ഷിക്കാൻ ശ്രമിച്ചിരുന്ന കപടന്മാർക്കുള്ള താക്കീതു കൂടിയാണ്.

മദീനയിലെ ജൂതസമൂഹം മുസ്‌ലിംകളുമായി സന്ധി ചെയ്തിരുന്നുവെങ്കിലും അവർ ഇസ്‌ലാമിനോടും പ്രവാചകനോടും അദ്ദേഹത്തിന്റെ അനുചരന്മാരോടും കടുത്ത ശത്രുതയും വിദ്വേഷവും വെച്ചുപുലർത്തിയിരുന്നു. ബദ്ർ യുദ്ധമുണ്ടായപ്പോൾ അതോടെ ഇസ്‌ലാമും മുസ്‌ലിംകളും നശിക്കുമെന്നവർ പ്രതീക്ഷിച്ചു. ഫലം മറിച്ചായതോടെ അവരുടെ അസൂയ വളരെയേറെ വർധിച്ചു. അവരുടെ നേതാവ് കഅബുബ്നുൽ അശ്റഫ് മക്കയിൽ പോയി ശത്രുക്കളെ അനുശോചനമറിയിക്കുകയും അവരെ പ്രതികാരത്തിനു പ്രേരിപ്പിക്കുകയും ചെയ്തു. അതേക്കുറിച്ച് പരാതി പറഞ്ഞ പ്രവാചകനെ ഭീഷണിപ്പെടുത്തി. ബദ്ർ യുദ്ധത്തിൽ ഇസ്‌ലാമിക രാഷ്ട്രത്തിനും സമൂഹത്തിനുമെതിരെ പടവെട്ടി വധിക്കപ്പെട്ട ശത്രുക്കളുടെ നേതാക്കളെപ്പറ്റി ഒരു ജൂതനേതാവ് പറഞ്ഞു: “ശ്രേഷ്ഠ ജനങ്ങളും ജനനേതാക്കളും അറബികളുടെ രാജാക്കന്മാരും സമാധാനത്തിന്റെ വക്താക്കളും വധിക്കപ്പെട്ടു പോയി. ഇനി ഭൂമിക്കകമാണ് അതിന്റെ പുറത്തെക്കാളുത്തമം”(ഉദ്ധരണം: ഹൈക്കൽ: ‘മുഹമ്മദ്’: പുറം 305). അതോടൊപ്പം മദീനയിലെ കപടവിശ്വാസികളുമായും ബന്ധം സ്ഥാപിച്ചു. മദീനയിലെ പ്രമുഖ ഗോത്രങ്ങളായ ഔസിനും ഖസ്റജിനുമിടയിൽ ശത്രുതയും മാത്സര്യവും വളർത്താൻ ഗൂഢാലോചന നടത്തി. ഈ കൊടുംവഞ്ചന കാണിച്ചവർക്കെതിരെയും നടപടി സ്വീകരിക്കാൻ ഖുർആൻ നിർദേശിക്കുന്നു: “നീയുമായി കരാറിലേർപ്പെടുകയും ഒട്ടും ദൈവഭയമില്ലാതെ എല്ലാ ഘട്ടങ്ങളിലും അതു ലംഘിക്കുകയും ചെയ്യുന്നവരോ, അവരെ നിങ്ങൾ യുദ്ധത്തിൽ കണ്ടുമുട്ടുന്നപക്ഷം അവർക്കു പിറകിലുള്ളവരെകൂടി വിരട്ടിയോടിക്കത്തക്കവിധം വകവരുത്തുക. കരാർ ലംഘകരുടെ ഈ പരിണതിയിൽനിന്ന് അവർ പാഠം പഠിച്ചെങ്കിലോ. നിങ്ങൾ ഒരു സമൂഹത്തിൽനിന്ന് വഞ്ചനയുണ്ടാകുമെന്ന് ആശങ്കിക്കുന്നുവെങ്കിൽ അപ്പോൾ അവരുമായുള്ള കരാറിനെ ഇരുകൂട്ടരും അറിയുന്ന നിലയിൽ പരസ്യമായി അവരുടെ മുന്നിലേക്ക് എറിയുക. ഉറപ്പായും വഞ്ചകന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.”(8: 56-58)

വഞ്ചനയിലൂടെ കരാർ ലംഘിക്കുന്നവരോടു പോലും അത് പരസ്യമാക്കി, കരാർ നിലനിൽക്കുന്നില്ലെന്ന് തുറന്നുപ്രഖ്യാപിച്ച ശേഷമേ ആയുധമെടു

ക്കാവൂ എന്ന് ഇതിലൂടെ പഠിപ്പിക്കുന്ന ഖുർആൻ ശത്രുക്കൾ സന്ധിക്കൊരുങ്ങിയാൽ വഴങ്ങണമെന്ന് നിർദേശിക്കുന്നു: "അവർ സന്ധിയിലേക്കും സമാധാനത്തിലേക്കും ചായുന്നുവെങ്കിൽ നീയും അതിനു സന്നദ്ധമാവുക. അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുക. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനും തന്നെ; തീർച്ച."(8: 61)

മുസ്‌ലിംകളുമായി കരാറിലേർപ്പെട്ടിരുന്ന നളീർ ഗോത്രത്തിലെ ജൂത നേതാക്കളായ ഹുയയ്യുബ്നു അഖ്തബ്, സലാമുബ്നു അബീഹുഖൈഖ്, കിനാന ഇബ്നു അബീ ഹുഖൈഖ് തുടങ്ങിയവരും വാഇൽ വംശജനായ ഹവാദ ഇബിനു ഖൈസ്, അബൂ അമ്മാർ തുടങ്ങിയവരും മക്കയിൽ വന്ന് മുസ്‌ലിംകളുടെ ശത്രുക്കളായ ഖുറൈശികളെ സമീപിച്ചു. അവരെ പ്രവാചകന്നും മദീനാ കേന്ദ്രമായുള്ള ഇസ്‌ലാമിക രാഷ്ട്രത്തിനുമെതിരെ യുദ്ധത്തിനു പ്രേരിപ്പിച്ചു. അപ്പോൾ മക്കക്കാർ ഹുയയ്യിനോട് ജൂതഗോത്രങ്ങളുടെ നിലപാടിനെക്കുറിച്ചു ചോദിച്ചു. അദ്ദേഹം പറഞ്ഞു: "ഞാൻ അവരെ ഖൈബറിനും മദീനക്കുമിടയിൽ നിർത്തിയിരിക്കുകയാണ്. മുഹമ്മദിനെതിരെ പുറപ്പെടാൻ നിങ്ങളുടെ ആഗമനവും പ്രതീക്ഷിച്ചിരിക്കുകയാണവർ." ഖുറൈളാ ഗോത്രത്തെക്കുറിച്ചു ചോദിച്ചപ്പോൾ ഹുയയ്യ് പറഞ്ഞു: "മുഹമ്മദിനെ കെണിയിൽപെടുത്താൻ അവർ മദീനയിൽ തന്നെ നിൽക്കുകയാണ്. നിങ്ങൾ അവിടെ എത്തിയാലുടനെ അവർ നിങ്ങളോടൊപ്പം ചേരും."

തുടർന്ന് മക്കക്കാർ ചോദിച്ചു: "ജൂതന്മാരേ, നിങ്ങൾ ഒരു വേദഗ്രന്ഥത്തിന്റെ ആൾക്കാരാണ്. ഞങ്ങളും മുഹമ്മദും തമ്മിലുള്ള അഭിപ്രായഭിന്നതകളെപ്പറ്റി അറിവുള്ളവരുമാണ്. അതിനാൽ പറയൂ! ആരുടെ മതമാണ് നല്ലത്? ഞങ്ങളുടേതോ അവന്റേതോ?"

"നിങ്ങളുടേതാണ് അവന്റേതിനേക്കാളുത്തമം. അവനെ അപേക്ഷിച്ച് സത്യത്തിൽ നിലകൊള്ളുന്നത് നിങ്ങളാണ്." ജൂതനേതാക്കൾ മനസ്സിലുള്ളത് മറച്ചുവെച്ച് കള്ളം പറയുകയായിരുന്നു. ഡോക്ടർ ഇസ്രാഈൽ വിൽഫിന്സ്റ്റൺ "ദ ജ്യൂസ് ഇൻ അറേബ്യ' എന്ന കൃതിയിൽ ഈ വഞ്ചനയെക്കുറിച്ച് എഴുതുന്നു: "ഇത്തരം ഭീമമായ അബദ്ധം അവർക്ക് സംഭവിച്ചു കൂടാത്തതായിരുന്നു. തങ്ങളുടെ അഭ്യർഥന നിരാകരിക്കപ്പെടുമെങ്കിൽ പോലും വിഗ്രഹാരാധന ഇസ്‌ലാമിലെ ഏകദൈവത്വത്തെക്കാൾ ശ്രേഷ്ഠമാണെന്ന് അവർ ഖുറൈശി നേതാക്കളുടെ മുമ്പിൽ പ്രഖ്യാപിക്കാൻ പാടുണ്ടായിരുന്നില്ല. വിഗ്രഹാരാധകരായ ജനങ്ങൾക്കിടയിൽ ഏകദൈവത്വത്തിന്റെ ധ്വജവാഹകരായിരുന്നവരാണവർ. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഏകദൈവത്തിൽ വിശ്വസിച്ചതിന്റെ പേരിൽ മാത്രം വധത്തിനും മർദനത്തിനും വിധേയരാവുകയും വർണനാതീതമായ ത്യാഗങ്ങൾ സഹിക്കുകയും ചെയ്ത ഇസ്രായീൽ സന്തതികൾ ഈ വിഗ്രഹാരാധകരെ ഒറ്റപ്പെടുത്താൻ സ്വന്തം ജീവനും പ്രിയപ്പെട്ട സകലതും ബലി കൊടുക്കേണ്ടതായിരുന്നു. അതു ചെയ്തില്ലെന്നതോ പോകട്ടെ, വിഗ്രഹാരാധകരുമായി സഖ്യമുണ്ടാക്കുക വഴി തങ്ങൾക്കെതിരെ തന്നെ യുദ്ധം പ്രഖ്യാപിക്കുകയാണ് അവർ ചെയ്തത്."(ഉദ്ധരണം: മുഹമ്മദ് ഹുസൈൻ ഹൈക്കൽ, 'മുഹമ്മദ്', പുറം 370, 371)

മക്കയിലെ ഖുറൈശികളെ യുദ്ധത്തിനു പ്രേരിപ്പിച്ച് രംഗത്തിറക്കിയ ഹുയയ്യുബ്നു അഖ്തബ് പ്രവാചകനുമായി ഉടമ്പടിയിലായിരുന്ന ഖുറൈളാ ഗോത്രത്തെ സമീപിച്ച് കരാർ ലംഘിച്ച് അവരോടൊപ്പം ചേരാൻ പ്രേരിപ്പിച്ചു. ഖുറൈളാ ഗോത്ര നായകൻ കഅ്ബുബ്നു അസദ് ആദ്യം അതിനു വഴങ്ങിയില്ല. അപ്പോൾ ഹുയയ്യ് ഇങ്ങനെ അറിയിച്ചു: "അല്ലയോ കഅ്ബ്? അഭൂതപൂർവമായ ശക്തി സംഭരിച്ചാണ് ഞാൻ വന്നിരിക്കുന്നത്. ഖുറൈശി-ഗത്ഫാൻ ഗോത്രങ്ങളോടും അവരുടെ മുഴുവൻ നേതാക്കളോടും കൂടിയാണ് ഞാൻ ആഗതനായിരിക്കുന്നത്. മുഹമ്മദിനെയും അനുയായികളെയും വേരോടെ പിഴുതെറിയാതെ തിരിച്ചുപോവില്ലെന്ന് അവർ ദൃഢ പ്രതിജ്ഞ ചെയ്തിരിക്കുന്നു."

ഹുയയ്യിന്റെ ഈ വാക്കുകൾ കഅ്ബിനെ സ്വാധീനിച്ചു. അയാൾ ഉടമ്പടി ലംഘിച്ച് ശത്രുക്കളോടൊപ്പം ചേരാൻ തീരുമാനിച്ചു. ഈ വഞ്ചനയിൽനിന്ന് പിന്മാറാൻ ആവശ്യപ്പെട്ട മദീനയിലെ ഔസ് ഗോത്രനായകനോട് അദ്ദേഹം ഇങ്ങനെ പറയുകയും ചെയ്തു: "ആരാണീ ദൈവദൂതൻ? ഞങ്ങളും മുഹമ്മദുമായി ഒരു ഉടമ്പടിയുമില്ല."

തുടർന്ന് ഖുറൈളാ ഗോത്രം ശത്രുക്കളുമായി ചേർന്ന് മുസ്‌ലിംകളെ പിന്നിൽനിന്ന് ആക്രമിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ നടത്തി. പ്രവാചകന്നും അനുയായികൾക്കുമെതിരെ ഉപരോധത്തിൽ പങ്കുചേരുകയും ചെയ്തു. എന്നിട്ടും ഒരു തുള്ളി രക്തം പോലും ഒഴുക്കാതെതന്നെ ശത്രുക്കളുടെ കൂട്ടായ ഈ ആക്രമണശ്രമം പരാജയപ്പെടുകയായിരുന്നു. അതോടെ പ്രവാചകനും അനുചരന്മാരും ഖുറൈളാ ഗോത്രക്കാരെ ഉപരോധിക്കുകയും അവർ തന്നെ തെരഞ്ഞെടുത്ത മാധ്യസ്ഥന്റെ വിധി നടപ്പാക്കുകയും ചെയ്തു. ഈ സംഭവം ഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു: "അല്ലാഹു സത്യനിഷേധികളെ പിന്നോട്ടു തള്ളി. യാതൊന്നും നേടാതെ, ഉള്ളിൽ തിളച്ചുമറിയുന്ന രോഷവുമായി അവർ തിരിച്ചുപോയി. വിശ്വാസികളുടെ ഭാഗത്തു പൊരുതാൻ അല്ലാഹു തന്നെ മതിയായി. അല്ലാഹു അതിശക്തനും അജയ്യനുമത്രെ. പിന്നെ വേദക്കാരിൽ ഈ ആക്രമണകാരികളെ സഹായിച്ചവരെ അല്ലാഹു അവരുടെ കോട്ടകളിൽനിന്ന് ഇറക്കിവിട്ടു. അവരുടെ ഹൃദയങ്ങളിൽ ഭീതി നിറക്കുകയും ചെയ്തു. ഇന്ന് അവരിലൊരു വിഭാഗത്തെ നിങ്ങൾ വധിച്ചുകൊണ്ടിരിക്കുന്നു. മറ്റൊരു വിഭാഗത്തെ ബന്ധനസ്ഥരാക്കിക്കൊണ്ടുമിരിക്കുന്നു. അവൻ നിങ്ങളെ അവരുടെ നിലങ്ങളുടെയും വീടുകളുടെയും സമ്പത്തിന്റെയും അവകാശികളാക്കി. നിങ്ങൾ ഒരിക്കലും കാലൂന്നിയിട്ടില്ലാത്ത പ്രദേശങ്ങളും തന്നു. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുറ്റവൻ തന്നെ."(33: 25–27)

ഇസ്‌ലാമിക സമൂഹത്തെ നാമാവശേഷമാക്കാൻ ശത്രുക്കളുമായി ചേർന്ന് വഞ്ചനയും ഗൂഢാലോചനയും നടത്തിയ രാജ്യദ്രോഹികളെ വെറുതെ വിടണമെന്ന് ആരും പറയുകയില്ലല്ലോ. ഉള്ളിൽ നിന്ന് തങ്ങളെ നശിപ്പിക്കാൻ ശ്രമിച്ചവർക്കെതിരെ കർക്കശമായ നിലപാടു സ്വീകരിച്ച ഇസ്‌ലാം, പരസ്പര ശത്രുത നിലനിൽക്കാത്ത പശ്ചാത്തലത്തിൽ മുസ്‌ലിംകൾ ജൂത- ക്രൈസ്തവരുമായി നല്ല ബന്ധം പുലർത്തണമെന്നും വേദാവകാശികളെന്ന നിലയിൽ ചില കാര്യങ്ങളിൽ ആദർശൈക്യമുള്ള അവരാണ് മുസ്‌ലിംകളോട് അടുത്തുനിൽക്കുന്ന

തെന്നും പഠിപ്പിക്കുന്നു. എന്നല്ല, അവരുടെ ഭക്ഷണവും അവരുമായുള്ള വിവാഹബന്ധവും അനുവദനീയമാക്കുകയും ചെയ്തിരിക്കുന്നു. ഖുർആൻ പറയുന്നു: "ഇന്ന് നല്ല വസ്തുക്കളൊക്കെയും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദക്കാരുടെ ഭക്ഷണം നിങ്ങൾക്കും നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാകുന്നു. സത്യവിശ്വാസിനികളായ ചാരിത്രവതികളും നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്രവതികളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു- പരസ്യമായ വ്യഭിചാരികളോ രഹസ്യ ജാരന്മാരോ ആകാതെ വിവാഹ മൂല്യം നൽകിക്കൊണ്ട് വിവാഹത്തിലൂടെ നിങ്ങളവരെ സംരക്ഷിക്കുകയാണെങ്കിൽ. വിശ്വാസത്തിന്റെ വഴിയിൽ ചരിക്കാൻ വിസമ്മതിക്കുന്നവനാരോ, അവന്റെ കർമങ്ങളത്രയും വ്യർഥമായിപ്പോകുന്നു. പരലോകത്ത് അവൻ പാപ്പരായിരിക്കും." (5:5)

നബിതിരുമേനി ജൂത-ക്രൈസ്തവരുടെ ഭക്ഷണം കഴിച്ചിരുന്നു. അവരുമായി ഉറ്റബന്ധം പുലർത്തുകയും ചെയ്തിരുന്നു. പ്രവാചകന്റെ ദേഹ വിയോഗ വേളയിൽ അദ്ദേഹത്തിന്റെ പടയങ്കി ഒരു യഹൂദന്റെ വശം പണയത്തിലായിരുന്നു. പ്രവാചകൻ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ആസ്ഥാനം കൂടിയായ തന്റെ പള്ളിയിൽ വേദക്കാർക്ക് പ്രവേശനാനുമതി നൽകുക മാത്രമല്ല, അവർക്ക് പ്രാർഥനക്ക് സൗകര്യമൊരുക്കിക്കൊടുക്കുക കൂടി ചെയ്തിരുന്നു. അതോടൊപ്പം അമുസ്‌ലിംകളോട് മോശമായി പെരുമാറുന്നത് അവിടന്ന് ശക്തമായി വിലക്കുകയും ചെയ്തു. നബിതിരുമേനി അരുൾ ചെയ്യുന്നു: "സൂക്ഷിച്ചുകൊള്ളുക. അമുസ്‌ലിം പൗരന്മാരെ ആരെങ്കിലും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിനതീതമായ നികുതിഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവനെതിരെ ഞാൻ തന്നെ പരാതി ബോധിപ്പിക്കുന്നതാണ്" (അബൂദാവൂദ്). വിശുദ്ധ ഖുർആനും പ്രവാചക ചര്യയും ആവശ്യപ്പെടും വിധം ജൂത-ക്രൈസ്തവരുൾപ്പെടെ മുഴുവൻ അമുസ്‌ലിംകളോടും തികഞ്ഞ സൗഹൃദവും ഉറ്റ ബന്ധവുമാണ് ഇസ്‌ലാമിക സമൂഹം ഇന്നോളം പുലർത്തിപ്പോന്നത്. സമകാലീന സമൂഹത്തിന്റെ സ്ഥിതിയും ഭിന്നമല്ല.

ഖലീഫാ ഉമറുൽ ഫാറൂഖ് ഉൾപ്പെടെ പല ഭരണാധികാരികളും അമുസ്‌ലിംകളെ ഭരണ നടത്തിപ്പിൽ പങ്കാളികളാക്കുക പോലും ചെയ്തിരുന്നു. മദീനയിലെ ചീഫ് അക്കൗണ്ടന്റായി ഉമറുൽ ഫാറൂഖ് നിയമിച്ചത് ഒരു ഗ്രീക്ക് ക്രിസ്ത്യാനിയെയായിരുന്നു.

തോമസ് ആർണോൾഡ് എഴുതുന്നു: "മുആവിയ (ക്രി. 661-680) ക്രിസ്ത്യാനികളെ ധാരാളമായി ഉദ്യോഗത്തിൽ നിയമിച്ചിരുന്നു. ഭരണവംശത്തിലെ ബാക്കിയുള്ളവരും ആ ശീലം തുടർന്നു. ക്രിസ്ത്യാനികൾ പലപ്പോഴും രാജധാനിയിൽ ഉന്നതസ്ഥാനം വഹിച്ചു. ആസ്ഥാന കവിയായിരുന്ന അൽ അഖ്തൽ ഒരു ക്രിസ്ത്യാനിയായിരുന്നു. ദമസ്കസിലെ പുണ്യവാളനായ യോഹന്നാന്റെ പിതാവ് ഖലീഫാ അബ്ദുൽ മലികിന്റെ ഉപദേഷ്ടാവായിരുന്നു. ഖലീഫാ അൽമുഅ്തസ്സിന്റെ കാലത്ത് രണ്ടു ക്രൈസ്തവ സഹോദരന്മാർ അദ്ദേഹത്തിന്റെ വിശ്വസ്തരായ അനുചരന്മാരായിരുന്നു. അതിൽ സൽമുയ്യ ഏതാ

ണ്ടൊരു വിദേശകാര്യ സെക്രട്ടറിയുടെ സ്ഥാനത്താണുണ്ടായിരുന്നത്. അയാൾ ഒപ്പിടാത്ത ഒരു രാജകീയ രേഖയ്ക്കും ആധികാരികത ഉണ്ടായിരുന്നില്ല. അപരനായ ഇബ്റാഹീം, രാജാവിന്റെ മുദ്രയുടെ സംരക്ഷകനായിരുന്നു. പൊതു ഖജനാവിന്റെ മേൽനോട്ടമായിരുന്നു അയാളുടെ ചുമതല...

"ഇബ്റാഹീമിനോട് ഖലീഫക്ക് വലിയ സ്നേഹമായിരുന്നു. രോഗശയ്യയിൽ കിടക്കുമ്പോൾ അദ്ദേഹം ഇബ്റാഹീമിനെ സന്ദർശിച്ചു. ഇബ്റാഹീം മരിച്ചപ്പോൾ ഖലീഫ വല്ലാതെ ദുഃഖിതനായി. സംസ്കരിക്കുന്നതിനുമുമ്പ് മൃതദേഹം കൊട്ടാരത്തിലേക്ക് കൊണ്ടുവരാൻ കൽപിച്ചു. അവിടെ വെച്ചാണ് ക്രിസ്തീയ മതാചാരപ്രകാരം മരണാനന്തര ചടങ്ങുകൾ നിർവഹിക്കപ്പെട്ടത്." (ഇസ്ലാം പ്രബോധനവും പ്രചാരവും, പേ. 76)

അദ്ദേഹം തന്നെ തുടരുന്നു: "അൽ മുഅ്തദിന്റെ ഭരണകാലത്ത് അൻബറിലെ ഗവർണറായിരുന്ന ഉമറുബ്നു യൂസുഫ് ക്രിസ്ത്യാനിയായിരുന്നു. ഒരു ക്രിസ്ത്യാനി യോഗ്യനാണെങ്കിൽ ആ പദവി അദ്ദേഹത്തിന് നൽകാം എന്നാണ് നിയമനം അംഗീകരിച്ചുകൊണ്ട് ഖലീഫ പറഞ്ഞത്. അൽ മുഅ്തമിദിന്റെ കാലത്ത് ഫലത്തിൽ ഖലീഫയായിരുന്ന അൽമുവഫ്ഫിഖ് സൈന്യത്തിന്റെ മേൽനോട്ടം ഇസ്രാഈൽ എന്ന ഒരു ക്രിസ്ത്യാനിക്കാണ് നൽകിയിരുന്നത്. അദ്ദേഹത്തിന്റെ പുത്രൻ അൽമുഅ്തദിന് മാലികുബ്നു വലീദ് എന്ന ക്രിസ്ത്യാനിയായ സെക്രട്ടറിയുണ്ടായിരുന്നു. പിന്നീട് അൽമുഖ്തദറിന്റെ കാലത്ത് യുദ്ധ വകുപ്പിന്റെ മേൽനോട്ടം വഹിച്ചിരുന്നത് ഒരു ക്രിസ്ത്യാനിയായിരുന്നു." (Ibid പേ. 77, 78)

ഇന്ത്യയിൽ ഇസ്ലാമിക ഭരണം നടത്തുന്നതിൽ താരതമ്യേന നിഷ്കർഷ പുലർത്തിയിരുന്ന ഔറംഗസീബ് അമുസ്ലിംകളോട് ഉറ്റബന്ധവും തികഞ്ഞ സൗഹൃദവുമാണ് പുലർത്തിയിരുന്നത്. ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റി ജേണൽ പ്രസിദ്ധീകരിച്ച ഔറംഗസീബിന്റെ ഉത്തരവുകളിലൊന്നിൽ ഇങ്ങനെ കാണാം: "മഹാനായ രാജാധിരാജ മാൻസിംഗ് നമ്മുടെ സന്നിധിയിൽ സമർപ്പിച്ച നിവേദനത്തിൽ പറയുന്നത് അദ്ദേഹത്തിന്റെ ധർമാചാര്യനായ ഭഗവത് എന്ന ബ്രാഹ്മണ പുരോഹിതന് താമസിക്കുന്നതിനായി ബനാറസിൽ ഗംഗയുടെ തീരത്ത് മാധവരോ മൊഹല്ലയിൽ ഒരു ഭവനം നിർമിച്ചെന്നും ചില സാമൂഹിക ദ്രോഹികൾ ഭഗവതിനെ ഭയപ്പെടുത്തി ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിന് ഉടൻ പരിഹാരമുണ്ടാക്കണമെന്നുമാണ്. നാം കല്പിക്കുന്നതെന്തെന്നാൽ, ഈ ആജ്ഞ അവിടെ കിട്ടിയ ഉടനെ ഇപ്പോഴുള്ളവരും ഭാവിയിൽ നിയമിതരാവാൻ ഇടയുള്ളവരുമായ ഉദ്യോഗസ്ഥന്മാരോട് ഈ സ്ഥലം നമുക്ക് ജന്മാവകാശമുള്ളതാണെന്നും രഞ്ജീവന്നും അദ്ദേഹത്തിന്റെ സന്താന പരമ്പരകൾക്കുമായി കരമില്ലാതെ ഇനാമായി നാം നൽകിയിരിക്കുന്നതാണെന്നും നിർദേശിക്കണം. അവിടെ ബ്രാഹ്മണ പുരോഹിതന്മാർക്കും ഭക്തജനങ്ങൾക്കുമായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ നിർമിക്കുന്നതിന് യാതൊരുവിധ തടസ്സങ്ങളും ഉണ്ടാകുന്നതല്ലെന്ന് അറിയിക്കണം. അവർ സമാധാനപരമായി അവരുടെ ജോലികളിൽ വ്യാപൃതരാവുകയും ദൈവികമായി ലഭിച്ചതും അനശ്വരമായി നിലനിൽക്കേണ്ടതുമായ നമ്മുടെ രാജ്യാഭിവൃദ്ധിക്കുവേണ്ടി

പ്രാർഥന നടത്തുകയും ചെയ്യുന്നതിന് ആരും യാതൊരുവിധ പ്രതിബന്ധവും സൃഷ്ടിക്കാതിരിക്കുകയും വേണം." (ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റി ജേണൽ 1911, പേ. 689. ഉദ്ധരണം: ചരിത്ര പഠനങ്ങൾ, പേ. 497)

ഭരണാധികാരികളും സാധാരണക്കാരുമുൾപ്പെടെ ഇസ്‌ലാമിക സമൂഹം ജൂത–ക്രൈസ്തവരടക്കമുള്ള വ്യത്യസ്ത വിഭാഗക്കാരായ അമുസ്‌ലിംകളോട് സ്വീകരിച്ച സമീപനം സൗഹൃദത്തിന്റേതും ഉറ്റ ബന്ധത്തിന്റേതുമായിരുന്നുവെന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. വിശുദ്ധ ഖുർആനും പ്രവാചക ചര്യയും ആവശ്യപ്പെടുന്നതും അതുതന്നെ. ആദർശ വിരോധവും ശത്രുതയും പുലർത്തുന്നവരെ ആത്മമിത്രങ്ങളാക്കരുതെന്നാണ് ഖുർആൻ 5: 51-ാം വാക്യം ആവശ്യപ്പെടുന്നതെന്നർഥം.

ഏഴ്

# യുദ്ധത്തടവുകാരോടുള്ള സമീപനം

"നിങ്ങൾ സത്യനിഷേധികളുമായി ഏറ്റുമുട്ടിയാൽ പിടലിക്കു വെട്ടുക. അങ്ങനെ നിങ്ങളവരെ കീഴ്പ്പെടുത്തിയാൽ പിന്നെ അവരെ തടവുകാരായി പിടിച്ചു കെട്ടുക. പിന്നീട് ഔദാര്യം കാണിക്കുകയോ മോചനദ്രവ്യം വാങ്ങുകയോ ചെയ്യാവുന്നതാണ്. യുദ്ധം അവസാനിക്കുന്നതുവരെ ഇതാണ് നിങ്ങൾക്ക് നിർവ ഹിക്കാനുള്ളത്." (ഖുർആൻ 47:4)

ഇസ്ലാമിന്റെ വിമർശകർ, മുസ്ലിംകളെ ക്രൂരതയ്ക്ക് പ്രേരിപ്പിക്കുന്ന വാക്യങ്ങളിലൊന്നായാണ് ഇതിനെ പരിചയപ്പെടുത്താറുള്ളത്. അവതരണ പശ്ചാത്തലമോ ഉള്ളടക്കമോ തീരെ പരിശോധിക്കാതെയാണ് വിമർശകരുടെ ആരോപണമെന്ന് അൽപം ആലോചിക്കുന്ന ആർക്കും ബോധ്യമാകും.

മക്കയിൽ വെച്ച് കഠിന പീഡനങ്ങൾക്കിരയായ മുസ്ലിംകൾ പരമാവധി സഹിച്ചും ക്ഷമിച്ചും കഴിഞ്ഞുകൂടി. അന്നൊന്നും ആയുധ പ്രയോഗത്തിനോ പ്രതികാരത്തിനോ മുസ്ലിംകൾക്ക് അനുവാദമുണ്ടായിരുന്നില്ല. പലായന ത്തിനു ശേഷം മദീനയിലെത്തിയിട്ടും ശത്രുക്കളുടെ വിരോധത്തിന് വിരാമമു ണ്ടായില്ല. അവർ എതിർപ്പ് തുടരുകയും മുസ്ലിംകളെയും അവരുടെ നേതൃ ത്വത്തിൽ രൂപംകൊണ്ട മദീനയിലെ നവജാത ഇസ്ലാമിക രാഷ്ട്രത്തെയും നശിപ്പിക്കാൻ നിരന്തരം ശ്രമിക്കുകയും പലതരം ഗൂഢപദ്ധതികളും ആവിഷ്ക രിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് മുസ്ലിംകൾക്ക് യുദ്ധാനു മതി ലഭിച്ചത്.

യുദ്ധത്തിന് അനുമതിയും ആഹ്വാനവും ലഭിച്ചശേഷം പോരാട്ടം തുടങ്ങു ന്നതിനു മുമ്പ് അവതീർണമായ വാക്യമാണ് ഇവിടെ വിമർശന വിധേയമാ യത്. അഥവാ, പ്രവാചക ജീവിതത്തിലുണ്ടായ പ്രഥമ യുദ്ധമായ ബദ്റിനു മുമ്പാണ് ഇത് അവതീർണമായത്. 47-ാം അധ്യായത്തിലെ ഈ നാലാം വാക്യം മുന്നോട്ടു വെക്കുന്ന കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. യുദ്ധമുണ്ടായാൽ പടക്കളത്തിൽ സ്വീകരിക്കേണ്ട സമീപനമാണ് ഖുർആൻ വിശദീകരിക്കുന്നത്. അഥവാ, ഇത് യുദ്ധാഹ്വാനമല്ല; യുദ്ധത്തിൽ

സ്വീകരിക്കേണ്ട സമീപനത്തെ സംബന്ധിച്ച നിർദേശമാണ്. 2. ഇസ്‌ലാമിലെ യുദ്ധം യുദ്ധമില്ലാത്ത അവസ്ഥ ലക്ഷ്യം വെച്ചുള്ളവയാണ്. അത് വിജയിക്കുകയും യുദ്ധമില്ലാത്ത സാഹചര്യം സംജാതമാവുകയും വേണമെങ്കിൽ മർദകരും യുദ്ധക്കൊതിയരുമായ ശക്തികളെ പരാജയപ്പെടുത്തുകയും കീഴ്പ്പെടുത്തുകയും വേണം. അതിനുള്ള ആഹ്വാനമാണ് ഖുർആൻ നൽകുന്നത്. 3. ശത്രു പരാജിതമായി കീഴടങ്ങിയാൽ കൈയിൽ കിട്ടുന്നവരെയൊക്കെ കൊന്നൊടുക്കുന്ന സമീപനമാണ് പൊതുവെ സ്വീകരിക്കപ്പെടാറുള്ളത്. 1917-ലെ ഒക്ടോബർ വിപ്ലവത്തിൽ പരാജിതരായ ജോർജ്ജ് രണ്ടാമൻ നിക്കോളസ്സും കുടുംബവും -പരിചാരകർ ഉൾപ്പെടെ- ക്രൂരമായി കൊലചെയ്യപ്പെടുകയാണുണ്ടായത്. കുടുംബാംഗങ്ങളെ കൊല്ലുന്നതു കണ്ട് പേടിച്ചരണ്ട പരിചാരിക മൃതശരീരങ്ങൾക്കു മുകളിലൂടെ അങ്ങുമിങ്ങും ഓടി തട്ടിത്തടഞ്ഞ് വീഴുകയും പിടഞ്ഞെഴുന്നേൽക്കുകയും ചെയ്തു. ഇതൊന്നും ആ കൊലയാളികളിൽ ഒട്ടും കാരുണ്യമുണർത്തിയില്ല. അവസാനം അവർ അവളെയും അടിച്ചും കുത്തിയും കൊന്നു. എന്നിട്ടും തൃപ്തിവരാതെ അവയെല്ലാം വെട്ടിനുറുക്കി. അവസാനം എല്ലാം ഒരു ഖനിക്കുള്ളിലിട്ടു മൂടി. ഹിരോഷിമയിലും നാഗസാക്കിയിലും, ഗൾഫ് യുദ്ധവേളയിൽ ഇറാഖിലും ക്രൂരമായി കൊലചെയ്യപ്പെട്ടത് നിരപരാധികളായിരുന്നു. സമാധാനത്തിന്റെ പേരിൽ രൂപംകൊള്ളുകയും ആ പേരിൽ നിലനിൽക്കുകയും ചെയ്യുന്ന ഐക്യ രാഷ്ട്രസഭ പോലും നിരപരാധരെ കൂട്ടക്കൊല നടത്തുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നില്ല.

എന്നാൽ, ഖുർആൻ നിരപരാധരെ കൊല്ലാൻ അനുവദിക്കുന്നില്ലെന്നു മാത്രമല്ല, യുദ്ധം അവസാനിച്ച് ശത്രു കീഴൊതുങ്ങുന്നതോടെ ആയുധ പ്രയോഗം അവസാനിപ്പിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. അനിവാര്യ സാഹചര്യത്തിൽ യുദ്ധം അനുവദിക്കുന്ന ഇസ്‌ലാം മരണം പരമാവധി കുറക്കണമെന്ന് കണിശമായി കൽപിക്കുന്നു. പ്രവാചകന്റെ കാലത്തുണ്ടായ 81 യുദ്ധങ്ങളിൽ 259 വിശ്വാസികളും 759 ശത്രുക്കളുമുൾപ്പെടെ 1018 പേർ മാത്രമാണ് വധിക്കപ്പെട്ടതെന്ന വസ്തുത ഖുർആൻ സ്വീകരിച്ച ഈ സമീപനത്തിന്റെ പ്രത്യക്ഷ ഫലമത്രെ.

വിമർശന വിധേയമായ വാക്യം ഇക്കാര്യം ഊന്നിപ്പറയുന്നതോടൊപ്പം യുദ്ധത്തിൽ പിടികൂടപ്പെടുന്നവരോട് സ്വീകരിക്കേണ്ട സമീപനം വ്യക്തമാക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ യുദ്ധത്തടവുകാരോടു സ്വീകരിക്കേണ്ട സമീപനം ഇസ്‌ലാമിക പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

1. ഭൗതിക താൽപര്യത്താൽ ആരെയും യുദ്ധത്തടവുകാരായി പിടികൂടരുത്.

2. യുദ്ധത്തടവുകാരെ നിരുപാധികം വിട്ടയക്കുകയോ മോചനദ്രവ്യം സ്വീകരിച്ച് സ്വതന്ത്രരാക്കുകയോ ചെയ്യാം.

3. സാധാരണ സാഹചര്യത്തിൽ യുദ്ധത്തടവുകാരെ വധിക്കാൻ പാടില്ല. ശത്രുപക്ഷത്തെ പട്ടാളക്കാരൻ വധാർഹനാവുന്നത് യുദ്ധരംഗത്തു മാത്രമാണ്. യുദ്ധം അവസാനിക്കുകയും പട്ടാളക്കാരൻ പിടിയിലാവുകയും ചെയ്താൽ പിന്നെ അയാളെ കൊല്ലാൻ പാടില്ല. അബ്ദുല്ലാഹിബ്നു ഉമർ, ഹസൻ ബസ്വരി,

അത്വാഅ്, ഹമ്മാദുബ്നു അബീസുലൈമാൻ പോലുള്ള പ്രമുഖ പണ്ഡിതന്മാർ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഹജ്ജാജുബ്നു യൂസുഫ് ഒരു യുദ്ധത്തടവുകാരനെ വധിക്കാൻ അബ്ദുല്ലാഹിബ്നു ഉമറിനോടാവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം അതിനു സന്നദ്ധനായില്ല. ഉപര്യുക്ത ഖുർആൻ സൂക്തം അതു വിലക്കുന്നതായി തറപ്പിച്ചുപറയുകയും ചെയ്തു.

4. പ്രവാചകന്റെയും ഖലീഫമാരുടെയും കാലത്ത് അത്യപൂർവമായി യുദ്ധത്തടവുകാരെ വധശിക്ഷക്ക് വിധേയമാക്കിയിരിക്കുന്നു. അത് അവർ യുദ്ധത്തിൽ പങ്കെടുത്തതിന്റെ പേരിലായിരുന്നില്ല. ഗുരുതരമായ മറ്റു കുറ്റകൃത്യങ്ങൾ കാരണമായിരുന്നു.

5. യുദ്ധക്കുറ്റവാളികളെ തടവിലാക്കാവുന്നതാണ്. ഇവ്വിധം യുദ്ധത്തടവുകാരൻ സർക്കാറിന്റെ തടവിലായിരിക്കുമ്പോൾ, അയാളുടെ ആഹാരം, വസ്ത്രം, രോഗിയോ പരിക്കേറ്റവനോ ആണെങ്കിൽ ചികിത്സ എന്നിവ സർക്കാറിന്റെ ഉത്തരവാദിത്വമാണെന്ന് നബിതിരുമേനിയുടെയും ശിഷ്യന്മാരുടെയും പ്രവർത്തനങ്ങളിലൂടെ സ്ഥിരപ്പെട്ടിരിക്കുന്നു. തടവുകാരനെ പട്ടിണിക്കിടാനോ നഗ്നനാക്കാനോ മർദിക്കാനോ ഇസ്‌ലാമിക നിയമം അനുവദിക്കുന്നില്ല. നേരെമറിച്ച്, അവരോട് നന്നായി വർത്തിക്കാനും ആതിഥ്യമര്യാദയോടെ പെരുമാറാനുമാണ് നിർദേശിച്ചിട്ടുള്ളത്. നബിചര്യയിൽ അതിന്റെ പ്രായോഗികമായ ഉദാഹരണങ്ങൾ കാണാവുന്നതുമാണ്. ബദ്ർ യുദ്ധത്തിൽ പിടികൂടപ്പെട്ടവരെ അനുയായികളുടെ വീടുകളിൽ ബന്ധിതരാക്കിക്കൊണ്ട് തിരുമേനി അരുളി: 'ഈ ബന്ദികളോട് നന്നായി വർത്തിക്കണം.' അക്കൂട്ടത്തിൽ ഒരു തടവുകാരനായിരുന്ന അബുൽ അസീസ് പ്രസ്താവിക്കുന്നു: "എന്നെ ബന്ധനത്തിൽ പാർപ്പിച്ചിരുന്ന അൻസാരി കുടുംബം എനിക്ക് രാവിലെയും വൈകീട്ടും റൊട്ടി തന്നിരുന്നു. അവരോ, വെറും കാരക്ക തിന്നാണ് കഴിഞ്ഞിരുന്നത്...." മറ്റൊരു തടവുകാരനായിരുന്ന സുഹൈലുബ്നു അംറിനെക്കുറിച്ച് ചിലർ തിരുമേനിയോട് പറഞ്ഞു: 'അയാൾ വലിയ തീപ്പൊരി പ്രസംഗകനാണ്. തിരുമേനിക്കെതിരിൽ അയാൾ പ്രസംഗിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് അയാളുടെ പല്ലുകൊഴിക്കാൻ കല്പിച്ചാലും.' തിരുമേനി പറഞ്ഞു: "ഞാൻ അയാളുടെ പല്ലുകൊഴിച്ചാൽ അല്ലാഹു എന്റെയും പല്ല് കൊഴിക്കും– ഞാൻ പ്രവാചകനാണെങ്കിലും."(സീറതു ഇബ്നിഹിശാം). തടവുകാരനായി ഹാജറാക്കപ്പെട്ട യമാമയിലെ മുഖ്യനായിരുന്ന ഥുമാമതുബ്നു ഉഥാലിന് തടവിൽ കഴിഞ്ഞ കാലത്തെല്ലാം നബിതിരുമേനിയുടെ കല്പന പ്രകാരം മേത്തരം ഭക്ഷണവും പാലും ഏർപ്പാട് ചെയ്യപ്പെട്ടിരുന്നു (സീറതു ഇബ്നി ഹിശാം). ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ അനുയായികളുടെയും രീതി. അവരുടെ കാലത്തും യുദ്ധത്തടവുകാരോട് മോശമായി പെരുമാറിയതിന്റെ ഉദാഹരണങ്ങൾ കാണാൻ കഴിയില്ല.

6. തടവുകാരെ എന്നെന്നും തടവറയിൽ പാർപ്പിക്കുകയും സർക്കാർ ബലാൽക്കാരം അവരെക്കൊണ്ട് തൊഴിലെടുപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം ഇസ്‌ലാം തീരെ സ്വീകരിച്ചിട്ടില്ല. തടവുകാരനുമായി, അല്ലെങ്കിൽ അയാളുടെ ജനവുമായി യുദ്ധത്തടവുകാരുടെ കൈമാറ്റത്തിനോ മോചനദ്രവ്യ ഇടപാടിനോ സാധിച്ചില്ലെങ്കിൽ അയാളോട് ഔദാര്യം കാണിക്കാൻ ഇസ്‌ലാം നിശ്ചയിച്ച

രീതി ഇതാണ്: അവരെ ഭൃത്യരാക്കി വ്യക്തികളുടെ അധീനത്തിൽ ഏൽപിച്ചു കൊടുക്കുകയും അവരോട് നല്ല നിലയിൽ വർത്തിക്കണമെന്ന് യജമാനന്മാരോട് നിർദേശിക്കുകയും ചെയ്യുക. നബി(സ)യുടെ കാലത്തും ശിഷ്യന്മാരുടെ കാലത്തും ഈ സമ്പ്രദായം അനുവർത്തിക്കപ്പെട്ടിരുന്നു.

7. ശത്രുത അവസാനിക്കാനും സൗഹൃദം സ്ഥാപിക്കാനും സാധ്യതയുണ്ടെങ്കിൽ യുദ്ധത്തടവുകാരെ വിട്ടയക്കാവുന്നതാണ്. എന്നല്ല; അത്തരം സന്ദർഭങ്ങളിൽ നിരുപാധികം വിട്ടയക്കുകയാണ് വേണ്ടത്.

ബദ്ർ യുദ്ധത്തിലെ തടവുകാരെ പരാമർശിച്ചുകൊണ്ട് നബിതിരുമേനി(സ) പ്രസ്താവിക്കുകയുണ്ടായി: "മുത്ഇമുബ്നു അദിയ്യ് ജീവിച്ചിരിക്കുകയും എന്നിട്ട് അദ്ദേഹം ഈ തടവുകാരെക്കുറിച്ച് എന്നോട് സംസാരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തിനുവേണ്ടി ഇവരെ വിട്ടയക്കുമായിരുന്നു"(ബുഖാരി, അബൂദാവൂദ്, മുസ്നദ്അഹ്മദ്). തിരുമേനി ഇപ്രകാരം പറഞ്ഞതിന്റെ കാരണമിതായിരുന്നു: അദ്ദേഹം ത്വാഇഫിൽനിന്നു തിരിച്ചുവരുമ്പോൾ മുത്ഇം അദ്ദേഹത്തിന് അഭയം നൽകി. മുത്ഇമിന്റെ പുത്രൻ ആയുധമണിഞ്ഞുകൊണ്ട് തിരുമേനിയെ സുരക്ഷിതമായി ഹറമിലെത്തിച്ചു. ആ ഉപകാരത്തിന് ഇപ്രകാരം നന്ദി പ്രകടിപ്പിക്കാനാശിക്കുകയായിരുന്നു തിരുമേനി.

ബുഖാരിയും മുസ്ലിമും മുസ്നദ് അഹ്മദും നിവേദനം ചെയ്യുന്നു: യമാമയിലെ തലവനായ ഥുമാമതുബ്നു ഉഥാൽ തടവുകാരനായി ഹാജറാക്കപ്പെട്ടപ്പോൾ തിരുമേനി അദ്ദേഹത്തോട് ചോദിച്ചു: "ഥുമാമ, താങ്കൾ എന്തു വിചാരിക്കുന്നു?" ഥുമാമ പറഞ്ഞു: "അങ്ങ് എന്നെ വധിക്കുകയാണെങ്കിൽ രക്തത്തിന് വളരെ കുറഞ്ഞ വിലയുള്ള ഒരാളെയാണങ്ങ് വധിക്കുന്നത്. എന്നോട് ഔദാര്യം കാട്ടുകയാണെങ്കിൽ, ഔദാര്യം മനസ്സിലാക്കുന്ന ഒരാളോടാണ് അങ്ങ് ഔദാര്യം കാട്ടുന്നത്. അങ്ങേയ്ക്ക് ധനമാണ് വേണ്ടതെങ്കിൽ ചോദിച്ചുകൊള്ളുക; അത് നല്കപ്പെടും." മൂന്ന് ദിവസം തിരുമേനി ഈ ചോദ്യവും ഥുമാമ ഈ ഉത്തരവും ആവർത്തിച്ചു. ഒടുവിൽ ഥുമാമയെ വിട്ടയക്കാൻ തിരുമേനി ഉത്തരവിട്ടു. വിടുതൽ കിട്ടിയ ഉടനെ ഥുമാമ അടുത്തുള്ള ഒരു ഈത്തപ്പഴത്തോട്ടത്തിൽ പോയി കുളിച്ചു ശുദ്ധിയായി തിരിച്ചുവന്നു. അനന്തരം ഇസ്ലാം സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഇന്നലെ വരെ എനിക്ക് അങ്ങയോളം വെറുപ്പുള്ള മനുഷ്യനോ അങ്ങയുടെ മതത്തോളം വെറുപ്പുള്ള മതമോ ഉണ്ടായിരുന്നില്ല. പക്ഷേ, ഇന്നെനിക്ക് അങ്ങയോളം സ്നേഹമുള്ള മനുഷ്യനോ അങ്ങയുടെ മതത്തോളം ഞാൻ സ്നേഹിക്കുന്ന മതമോ ഇല്ല." അനന്തരം ഉംറക്കുവേണ്ടി മക്കയിലേക്ക് പോയി. അവിടെ ഖുറൈശികളോട് ഇപ്രകാരം വിളംബരം ചെയ്തു: "ഇനി മുതൽ യമാമയിലെ യാതൊരു വിഭവവും മുഹമ്മദ്നബി അനുമതി നൽകുന്നതുവരെ നിങ്ങൾക്ക് എത്തുന്നതല്ല." യമാമക്കാർ അതു നടപ്പിലാക്കുകതന്നെ ചെയ്തു. അവസാനം മക്കക്കാർക്ക് യമാമയിൽനിന്ന് മക്കയിലേക്കുള്ള ചരക്കുവരവ് നിർത്തലാക്കാതിരിക്കാൻ നബിതിരുമേനിയോട് അപേക്ഷിക്കേണ്ടി വന്നു.

ബനൂഖുറൈളാ യുദ്ധത്തടവുകാരിൽ, സബീറുബ്നു ബാത്ത, അംറുബ്നു സഅ്ദ് (അല്ലെങ്കിൽ ഇബ്നു സുഅ്ദ്) എന്നിവരെ തിരുമേനി വിട്ടയക്കുകയു

ണ്ടായി. അനിസ്‌ലാമിക കാലത്തു നടന്ന ബുആഥ് യുദ്ധത്തിൽ ഥാബിതുബ്നു ഖൈസ് എന്ന അൻസാരിക്ക് അഭയം നൽകിയതിന്റെ പേരിലാണ് സബീർ വിട്ടയക്കപ്പെട്ടത്; അയാളുടെ ഉപകാരത്തിന് പ്രത്യുപകാരം ചെയ്യാൻ ഥാബിതിന്റെ അധീനതയിൽതന്നെ അയാളെ ഏല്പിക്കുകയും ചെയ്തു. ബനൂഖുറൈളക്കാർ തിരുമേനിയോടുള്ള കരാർ ലംഘിച്ചുതുടങ്ങിയപ്പോൾ അവരെ അതിൽനിന്ന് വിലക്കാൻ ശ്രമിച്ചയാൾ എന്ന നിലക്കാണ് അംറുബ്നു സഅ്ദ് വിട്ടയക്കപ്പെട്ടത്.(കിതാബുൽ അംവാൽ-അബൂഉബൈദ്)

ഹുദൈബിയാ സന്ധിയുടെ വേളയിൽ എൺപതു മക്കക്കാർ തൻഈമിന്റെ ഭാഗത്തു ചെന്ന് താവളമടിച്ചു. തിരുമേനിയെയും കൂട്ടുകാരെയും രാത്രിയുടെ അന്ത്യയാമത്തിൽ ആക്രമിച്ചു വകവരുത്തുകയായിരുന്നു അവരുടെ ലക്ഷ്യം. പക്ഷേ, അവരെല്ലാവരും പിടിക്കപ്പെട്ടു. നബി(സ) എല്ലാവരെയും വിട്ടയക്കുകയാണുണ്ടായത്. ആ സന്ദിഗ്ധ ഘട്ടത്തിൽ യുദ്ധം അനിവാര്യമായിത്തീരുന്ന ഒരു നടപടി കൈക്കൊള്ളാതിരിക്കുകയായിരുന്നു തിരുമേനി. (മുസ്‌ലിം, അബൂദാവൂദ്, നസാഇ, തിർമിദി, മുസ്നദ് അഹ്മദ്)

മക്കാ വിമോചനവേളയിൽ ഏതാനും പേരൊഴിച്ചുള്ള എല്ലാ മക്കാവാസികൾക്കും തിരുമേനി മാപ്പ് പ്രഖ്യാപിച്ചു. മാപ്പിൽനിന്ന് ഒഴിച്ചുനിറുത്തിയവരിൽതന്നെ മൂന്നോ നാലോ പേർ മാത്രമാണ് വധിക്കപ്പെട്ടത്. മക്കക്കാർ നബി(സ)യോട് ചെയ്ത അതിക്രമങ്ങൾ എല്ലാ അറബികൾക്കും അറിയാമായിരുന്നു. എന്നിട്ടും വിജയവേളയിൽ തിരുമേനി അവർക്ക് ധീരമായി മാപ്പരുളിയത്, അറബികളിൽ, തങ്ങൾ നേരിടുന്നത് നിഷ്ഠൂരനും ശഠനുമായ ഒരു സ്വേഛാധിപതിയെയല്ലെന്നും പ്രത്യുത, ഉദാരനും ദയാമയനുമായ മാർഗദർശകനെയാണെന്നുമുള്ള ആശ്വാസവും സമാധാനവും ഉളവാക്കി. അതുമൂലം മക്കാ വിമോചനത്തിനുശേഷം അറേബ്യൻ ഉപദ്വീപ് മുഴുവൻ ഇസ്‌ലാമിന്റെ തണലിൽ വരുന്നതിന് രണ്ടു വർഷത്തിലധികം വേണ്ടിവന്നില്ല.

ഹുനൈൻ യുദ്ധത്തിനുശേഷം ഹവാസിൻ ഗോത്രത്തിന്റെ നിവേദക സംഘം തങ്ങളുടെ തടവുകാരെ മോചിപ്പിക്കുന്നതിനുവേണ്ടി തിരുമേനിയെ സമീപിച്ചപ്പോൾ തടവുകാരെല്ലാം വീതിക്കപ്പെട്ടു കഴിഞ്ഞിരുന്നു. തിരുമേനി മുസ്‌ലിംകളെ വിളിച്ചുകൂട്ടിയിട്ട് പ്രസ്താവിച്ചു: "ഇതാ ഈ ആളുകൾ പശ്ചാത്തപിച്ചു വന്നിരിക്കുകയാണ്. അവരിലെ തടവുകാരെ നിങ്ങൾ അവർക്ക് തിരിച്ചേൽപിക്കണമെന്നാണ് എന്റെ അഭിപ്രായം. തന്റെ അധീനത്തിലുള്ള തടവുകാരനെ യാതൊരു പ്രതിഫലവും സ്വീകരിക്കാതെ സന്തോഷപൂർവം വിട്ടയക്കാൻ ആഗ്രഹിക്കുന്നവർ അങ്ങനെ ചെയ്യട്ടെ. പ്രതിഫലം വേണമെന്നുള്ളവർക്ക്, ബൈത്തുൽ മാലിൽ (പൊതുഖജനാവിൽ) ആദ്യമെത്തുന്ന ധനത്തിൽനിന്നുതന്നെ നാം പ്രതിഫലം നൽകിക്കൊള്ളാം." ഇങ്ങനെ ആറായിരത്തോളം തടവുകാർ വിമുക്തരായി. പ്രതിഫലം ആവശ്യപ്പെട്ടവർക്ക് ഭരണകൂടത്തിൽനിന്ന് പ്രതിഫലം ലഭിക്കുകയും ചെയ്തു(ബുഖാരി, അബൂദാവൂദ്, മുസ്നദ് അഹ്മദ്, ത്വബഖാത് ഇബ്നു സഅ്ദ്). ബന്ധനസ്ഥർ വീതിച്ചുകൊടുക്കപ്പെട്ടശേഷം ഭരണകൂടത്തിന് സ്വന്തമായി അവരെ മോചിപ്പിക്കാൻ അനുവാദമില്ലെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. അതിന് തടവുകാരനെ അധീന

പ്പെടുത്തിയ വ്യക്തിയുടെ സമ്മതമുണ്ടാവണം. അല്ലെങ്കിൽ അയാൾക്ക് പ്രതിഫലം കൊടുക്കണം.

8. യുദ്ധത്തടവുകാരെ വിട്ടയക്കാൻ മോചനദ്രവ്യമായി ധനം സ്വീകരിച്ച സംഭവം പ്രവാചകന്റെ കാലത്ത് ബദ്ർ യുദ്ധവേളയിൽ മാത്രമേ ഉണ്ടായിട്ടുള്ളൂ. അന്ന് ഒരു തടവുകാരന് ആയിരം മുതൽ 4000 വരെ മോചനദ്രവ്യം സ്വീകരിച്ചാണ് വിട്ടയക്കപ്പെട്ടത് (ത്വബഖാത് ഇബ്നു സഅ്ദ്, കിതാബുൽ അംവാൽ). അനുയായികളുടെ കാലത്ത് ഇതിന് ഉദാഹരണം കാണുന്നില്ല. കർമശാസ്ത്ര പണ്ഡിതന്മാർ പൊതുവിൽ അതിനെ അനഭിലഷണീയമായി വീക്ഷിച്ചിരിക്കുന്നു. എങ്കിലും ഖുർആൻ, മോചനദ്രവ്യം സ്വീകരിക്കുന്നത് അനുവദിച്ചിട്ടുണ്ട്. നബിതിരുമേനി ഒരു പ്രാവശ്യം അതനുസരിച്ച് പ്രവർത്തിച്ചിട്ടുമുണ്ട്. അതുകൊണ്ട് അപ്രകാരം ചെയ്യുന്നത് നിരുപാധികം വിലക്കപ്പെട്ടതല്ല. ഇമാം മുഹമ്മദ് അസ്സിയറുൽ കബീറിൽ പറയുന്നു: “മുസ്ലിംകളെ സംബന്ധിച്ചിടത്തോളം മോചനദ്രവ്യം സ്വീകരിച്ച് യുദ്ധത്തടവുകാരെ വിട്ടയക്കേണ്ടതനിവാര്യമാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതാകുന്നു.”

9. സേവനം ചെയ്യിച്ചു സ്വതന്ത്രരാക്കിയതിനും ബദ്ർ യുദ്ധത്തിൽ ഉദാഹരണം കാണാം. മോചനദ്രവ്യം നൽകി സ്വതന്ത്രരാവാൻ കഴിവില്ലാത്ത ഖുറൈശി യുദ്ധത്തടവുകാരെ മോചിപ്പിക്കുന്നതിന് നബിതിരുമേനി ഉന്നയിച്ച ഉപാധി ഇതായിരുന്നു: ‘അവരിൽ ഓരോരുത്തരും പത്തുവീതം അൻസാരികളെ എഴുത്തും വായനയും പഠിപ്പിക്കുക.’(മുസ്നദ് അഹ്മദ്, ത്വബഖാത് ഇബ്നു സഅ്ദ്, കിതാബുൽ അംവാൽ)

10. യുദ്ധത്തടവുകാരെ പരസ്പരം കൈമാറിയ നിരവധി ഉദാഹരണങ്ങൾ നബിതിരുമേനിയുടെ ജീവിതത്തിൽ തന്നെ കാണാം.

ഇംറാനുബ്നു ഹുസൈൻ നിവേദനം ചെയ്യുന്നു: ഒരിക്കൽ ഥഖീഫ് ഗോത്രക്കാർ രണ്ടു മുസ്ലിംകളെ തടവിലാക്കി. കുറച്ചു കാലത്തിനുശേഷം ഥഖീഫിന്റെ സഖ്യഗോത്രമായ ഉഖൈലിൽപെട്ട ഒരാൾ തടവുകാരനായി മുസ്ലിംകളുടെ കൈവശം വന്നുചേർന്നു. നബിതിരുമേനി അയാളെ ത്വാഇഫിലേക്കയച്ച് പകരം പ്രസ്തുത മുസ്ലിം തടവുകാരെ മോചിപ്പിച്ചു. (മുസ്ലിം, തിർമിദി, മുസ്നദ് അഹ്മദ്)

യുദ്ധത്തടവുകാരോട് ഖുർആനികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ, വിശേഷിച്ചും 47-ാം അധ്യായത്തിലെ നാലാം സൂക്തത്തിന്റെ അടിസ്ഥാനത്തിൽ പ്രവാചകനും അനുയായികളും സ്വീകരിച്ച സമീപനം എത്രമാത്രം ഉദാരപൂർണമായിരുന്നുവെന്ന് ഇതിൽനിന്ന് ഗ്രഹിക്കാം.(വിശദ പഠനത്തിന് സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ തഫ്ഹീമുൽ ഖുർആൻ ഭാഗം: 5, പുറം 17-23 കാണുക).

## എട്ട്

# യുദ്ധം ഖുർആനിലും ഋഗ്വേദത്തിലും

"നബിയേ, നീ വിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുക. നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ ഇരുപതു പേരുണ്ടായാൽ അവർക്ക് ഇരുനൂറു പേരെ ജയിച്ചടക്കാം. നിങ്ങളുടെ കൂട്ടത്തിൽ നൂറു പേരുണ്ടെങ്കിൽ ആയിരം പേരെ അവർക്ക് ജയിച്ചടക്കാവുന്നതാണ്. അവർ കാര്യം ഗ്രഹിക്കാത്ത ജനതയായതിനാലാണിത്." (ഖുർആൻ 8:65)

"ദൈവമാർഗത്തിൽ നിങ്ങൾ വധിക്കപ്പെടുകയോ മരിച്ചുപോവുകയോ ആണെങ്കിൽ അതുവഴി അല്ലാഹുവിങ്കൽ നിന്ന് ലഭിക്കാനിരിക്കുന്ന പാപമോചനവും അനുഗ്രഹവും കപടവിശ്വാസികൾ ഒരുക്കൂട്ടിക്കൊണ്ടിരിക്കുന്നതിനേക്കാളെല്ലാം എത്രയോ മെച്ചമാകുന്നു. നിങ്ങൾ മരണപ്പെടട്ടെ; വധിക്കപ്പെടട്ടെ; രണ്ടായാലും നിങ്ങൾക്കെല്ലാം തിരിച്ചുചെല്ലാനുള്ളത് അല്ലാഹുവിങ്കലേക്കാകുന്നു." (ഖുർആൻ 3:157, 158)

"പരലോകത്തിനുവേണ്ടി ഭൗതിക ജീവിതത്തെ വിറ്റവർ ദൈവിക മാർഗത്തിൽ സമരം ചെയ്യേണ്ടതാകുന്നു. ആർ അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുകയും അങ്ങനെ വധിക്കപ്പെടുകയോ വിജയിക്കുകയോ ചെയ്യുകയും ചെയ്യുന്നുവോ അവന്ന് നാം അതിമഹത്തായ പ്രതിഫലം നൽകുന്നതാകുന്നു. നിങ്ങൾക്കെന്തുകൊണ്ട് യുദ്ധം ചെയ്തുകൂടാ? അല്ലാഹുവിന്റെ മാർഗത്തിലും, 'ഞങ്ങളുടെ നാഥാ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും നിന്റെ വകയായി ഒരു രക്ഷാധികാരിയെയും സഹായിയെയും ഞങ്ങൾക്കു നീ നിശ്ചയിച്ചു തരികയും ചെയ്യേണമേ' എന്നു പ്രാർഥിച്ചുകൊണ്ടിരിക്കുന്ന മർദിച്ചൊതുക്കപ്പെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയും. സത്യവിശ്വാസം സ്വീകരിച്ചവർ ദൈവിക മാർഗത്തിൽ സമരം ചെയ്യുന്നു. സത്യനിഷേധം കൈക്കൊണ്ടവരോ പിശാചിന്റെ മാർഗത്തിലും പടവെട്ടുന്നു. അതിനാൽ നിങ്ങൾ പിശാചിന്റെ മിത്രങ്ങളോടു പോരാടുക. അറിയുക: പിശാചിന്റെ തന്ത്രം നന്നെ ദുർബലം തന്നെ." (ഖുർആൻ 4:74–76)

"ഭദ്രമായ മതിൽക്കെട്ടുപോലെ ഒറ്റക്കെട്ടായി അണിനിരന്ന് അല്ലാഹുവിന്റെ

മാർഗത്തിൽ യുദ്ധം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. തീർച്ച." (ഖുർആൻ 61:4)

ഇസ്‌ലാമിന്റെ വിമർശകർ യുദ്ധ പ്രേരകങ്ങളെന്നാക്ഷേപിച്ച് എടുത്തുദ്ധരിക്കാറുള്ള ഖുർആൻ വാക്യങ്ങളാണിവ. ഈ സൂക്തങ്ങൾ യുദ്ധ പ്രേരകം തന്നെ. ഇതുപോലുള്ള വാക്യങ്ങൾ ഖുർആനിൽ നിന്ന് ഉദ്ധരിക്കാൻ സാധിക്കും; കാരണം ഇസ്‌ലാം ഒരവസരത്തിലും ആയുധമെടുക്കാനോ യുദ്ധം ചെയ്യാനോ അനുവദിക്കാത്ത മതമല്ല. അനിവാര്യമായ സാഹചര്യത്തിൽ അടർക്കളത്തിലിറങ്ങാനും അടരാടാനും അതനുവദിക്കുന്നു. സാഹചര്യത്തിന്റെ തേട്ടമനുസരിച്ച് അതനുവദിക്കുകയും പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും നിരോധിക്കുകയും ചെയ്യുന്നു.

അതിനാൽ ഇതു സംബന്ധമായി ചില മൗലിക സത്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

1. ഖുർആൻ ജാതി, മത, ദേശ, ഭാഷാ ഭേദമന്യെ മുഴുവൻ മനുഷ്യരെയും അത്യധികം ആദരിച്ചിരിക്കുന്നു: "മനുഷ്യ മക്കളെ നാം മഹത്വമേകി മാനിച്ചിരിക്കുന്നു." (17:70)

2. അതിനാൽ അകാരണമായി മനുഷ്യ ജീവനെ ഹനിക്കൽ ഏറ്റം ഗുരുതരമായ അപരാധമാണ്: "അല്ലാഹു ആദരിച്ച മനുഷ്യനെ അന്യായമായി വധിക്കരുത്. ആരെങ്കിലും അന്യായമായി വധിക്കപ്പെട്ടാൽ അതിന് പ്രതിക്രിയാ നടപടി തേടാനുള്ള അധികാരം അവന്റെ അവകാശികൾക്കു നാം നൽകിയിരിക്കുന്നു." (ഖുർആൻ 17:33)

ദൈവത്തിന്റെ ഉത്തമ ദാസന്മാരെ സംബന്ധിച്ച് ഖുർആൻ പറയുന്നു: "അവർ അല്ലാഹു ആദരിച്ച ഒരു ജീവനെയും അന്യായമായി ഹനിക്കുകയില്ല." (25:68)

നിരപരാധിയായ ഒരാളെ വധിക്കുന്നത് മനുഷ്യരാശിയെ ഒന്നാകെ കൊല്ലുന്നതു പോലെയും ഒരാൾക്ക് ജീവിക്കാനവസരമൊരുക്കുന്നത് മുഴുവൻ മനുഷ്യർക്കും ജീവനേകുന്നതുപോലെയുമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു: "ഒരാളെ കൊന്നതിനു പകരമായോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചതുപോലെയാകുന്നു. ഒരുവൻ ആർക്കെങ്കിലും ജീവിതം നൽകിയാൽ അവൻ മുഴുവൻ മനുഷ്യർക്കും ജീവിതം നൽകിയതു പോലെയാകുന്നു." (ഖുർആൻ 5:32)

3. ഇങ്ങോട്ട് യുദ്ധം ചെയ്യുന്നവരോട് തിരിച്ച് യുദ്ധംചെയ്യാൻ അനുമതി നൽകുകയാണ് ഖുർആൻ ചെയ്യുന്നത്. "യുദ്ധത്തിനിരയാകുന്നവർക്ക് അവർ മർദിതരായതിനാൽ തിരിച്ചടിക്കാൻ അനുവാദം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുറ്റവൻ തന്നെ; തീർച്ച." (ഖുർആൻ 22:39)

വിശ്വാസികൾ യുദ്ധം ചെയ്യാൻ ശാസിക്കപ്പെട്ടത് അത്തരക്കാരെ നേരിടാനാണ്. "നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക." (ഖുർആൻ 2:190)

"ബഹുദൈവാരാധകർ എപ്രകാരം ഒറ്റക്കെട്ടായി നിങ്ങളോട് യുദ്ധം ചെയ്യുന്നുവോ അതേ വിധം ഒറ്റക്കെട്ടായി നിന്ന് നിങ്ങൾ അവരോടും യുദ്ധം ചെയ്യുക. അറിയുക: അല്ലാഹു ഭക്തന്മാരുടെ കൂടെയാകുന്നു." (ഖുർആൻ 9:36)

4. യുദ്ധവേളയിൽ പരിധി ലംഘിക്കാൻ പാടില്ലെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു: "എന്നാൽ നിങ്ങൾ പരിധി ലംഘിക്കരുത്. പരിധി ലംഘിച്ച് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടില്ല; തീർച്ച." (2:190)

5. ശത്രുക്കൾ യുദ്ധത്തിൽ നിന്ന് വിരമിച്ചാൽ വിശ്വാസികളും യുദ്ധം നിർത്തണം:

"നിങ്ങളോട് യുദ്ധം ചെയ്യാൻ അവർ മടിക്കുന്നില്ലെങ്കിലോ നിങ്ങളും അവരോടേറ്റുമുട്ടുക. ഇതുതന്നെയാണ് അത്തരം സത്യനിഷേധികൾക്കുള്ള ശിക്ഷ. എന്നാൽ അവർ വിരമിക്കുന്നുവെങ്കിലോ, അറിയുക: അല്ലാഹു മാപ്പേകുന്നവനും ദയാപരനുമാകുന്നു." (ഖുർആൻ 2:191,192)

"കുഴപ്പമുണ്ടാക്കുന്നത് അവസാനിക്കുന്നതുവരെയും അനുസരണം പൂർണമായും ദൈവത്തിനായിത്തീരുന്നതുവരെയും അവരോട് യുദ്ധം ചെയ്യുക. അഥവാ അവർ വിരമിക്കുന്നുവെങ്കിൽ അല്ലാഹു അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും കണ്ടറിയുന്നവനാകുന്നു." (ഖുർആൻ 8: 39)

6. രാജ്യദ്രോഹ പ്രവർത്തനം നടത്തുന്ന കപടവിശ്വാസികളോടും ജനങ്ങളുടെ മേൽ പരമാധിപത്യം നടത്തുക വഴി മൗലിക മനുഷ്യാവകാശങ്ങൾ നിരാകരിക്കുന്ന ഭരണകൂടങ്ങളോടും ഖുർആൻ യുദ്ധം അനുവദിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നുവെങ്കിലും കരാറിലേർപ്പെട്ട നാടുകളോട് അതു പാടില്ലെന്ന് പഠിപ്പിക്കുന്നു: "സത്യവിശ്വാസം സ്വീകരിക്കുകയും സ്വദേശം വെടിയുകയും ദേഹം കൊണ്ടും ധനം കൊണ്ടും ദൈവികമാർഗത്തിൽ സമരം നടത്തുകയും ചെയ്തവരും നാടുവിട്ടുവന്നവർക്ക് അഭയം നൽകുകയും സഹായമേകുകയും ചെയ്തവരുമുണ്ടല്ലോ; അവർ, യഥാർഥത്തിൽ പരസ്പരം രക്ഷാധികാരികളാകുന്നു. വിശ്വാസം സ്വീകരിക്കുകയും സ്വദേശം വെടിയാതിരിക്കുകയും ചെയ്യുന്നവരോ, നിങ്ങൾക്ക് അവരുടെ രക്ഷാകർതൃത്വ ബാധ്യതയില്ല. അവർ നാടുവിട്ടു വരുംവരെ – എന്നാൽ തങ്ങളുടെ മതകാര്യത്തിൽ അവർ സഹായം തേടിയാൽ സഹായിക്കേണ്ടത് നിങ്ങളുടെ ബാധ്യതയാണ്. എന്നാൽ അത് നിങ്ങളുമായി കരാറിലേർപ്പെട്ട ഏതെങ്കിലും ജനതക്കെതിരെയാവരുത്. നിങ്ങൾ ചെയ്യുന്നതൊക്കെ അല്ലാഹു കണ്ടറിയുന്നുണ്ട്." (ഖുർആൻ 8:72)

7. യുദ്ധം അനിവാര്യമായി വരുമ്പോൾ പോലും അത് പരമാവധി മനുഷ്യനാശവും സ്വത്ത് നഷ്ടവും ഒഴിവാക്കിക്കൊണ്ടായിരിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. അതുകൊണ്ടുതന്നെ പ്രവാചകന്റെ കാലത്തു നടന്ന 81 യുദ്ധങ്ങളിൽ 259 മുസ്‌ലിംകളും 759 ശത്രുക്കളുമുൾപ്പെടെ 1018 പേർ മാത്രമേ വധിക്കപ്പെട്ടുള്ളൂ. വളരെ വിശാലമായൊരു രാജ്യത്ത് സമഗ്രമായ ഒരു വിപ്ലവം സൃഷ്ടിക്കാൻ അത്രയും മനുഷ്യ ജീവനേ നഷ്ടമായുള്ളൂവെന്നത് മാനവ ചരിത്രത്തിലെ മഹാ വിസ്മയമായി മാറാനുള്ള കാരണവും മറ്റൊന്നല്ല.

8. സമാധാനം ആഗ്രഹിക്കുന്നവർക്കും സന്ധിക്ക് അപേക്ഷിക്കുന്നവർക്കുമെതിരെ യുദ്ധം ചെയ്യാൻ പാടില്ലെന്ന് ഖുർആൻ പഠിപ്പിക്കുന്നു: "അവർ സമാ

ധാനത്തിലേക്ക് ചായുന്നുവെങ്കിൽ നീയും അതിനു സന്നദ്ധനാവുക. അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുക. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനും തന്നെ; തീർച്ച." (8:61)

"അവർ നിങ്ങളോടു യുദ്ധം ചെയ്യാതെ മാറി നിൽക്കുകയും നിങ്ങളുടെ നേരെ സന്ധിയുടെയും സമാധാനത്തിന്റെയും ഹസ്തം നീട്ടുകയും ചെയ്യുന്നുവെങ്കിൽ പിന്നെ അവരെ ആക്രമിക്കാൻ നിങ്ങൾക്ക് അല്ലാഹു ഒരു വഴിയും അനുവദിച്ചു തന്നിട്ടില്ല." (4:90)

9. യുദ്ധത്തിലായാലും നിരപരാധികളെ വധിക്കുന്നത് ഇസ്‌ലാം വിലക്കിയിരിക്കുന്നു. സ്ത്രീകളെയും കുട്ടികളെയും വൃദ്ധന്മാരെയും ആരാധനാലയങ്ങളിൽ ഒതുങ്ങിക്കഴിയുന്നവരെയും വധിക്കരുതെന്നും കൃഷി നശിപ്പിക്കരുതെന്നും ഫലവൃക്ഷങ്ങൾ വെട്ടി മുറിക്കരുതെന്നും നബിതിരുമേനി കല്പിച്ചിരിക്കുന്നു. ഇങ്ങനെ ഇസ്‌ലാം യുദ്ധത്തെയും ആത്മീയവൽക്കരിക്കുകയും മൂല്യനിരതവും ധർമനിഷ്ഠവുമാക്കുകയും ചെയ്യുന്നു.

അനിവാര്യ ഘട്ടങ്ങളിൽ ആയുധമണിയാൻ അനുവദിക്കാത്ത മതമേയില്ല. ഭൗതിക ദർശനങ്ങളുടെ സ്ഥിതിയും ഭിന്നമല്ല. മാർക്സിസം വിഭാവന ചെയ്യുന്ന സാമൂഹിക നീതി സ്ഥാപിക്കാൻ അത് നിർദേശിക്കുന്ന മാർഗം തന്നെ സായുധവിപ്ലവമാണല്ലോ.

ഇസ്‌ലാം ആക്രമോത്സുകവും ഖുർആൻ യുദ്ധപ്രേരകവുമാണെന്ന് ആരോപണമുന്നയിക്കുന്നവർ പ്രതിനിധീകരിക്കുന്ന ഹിന്ദുത്വം അടിമുടി രണോത്സുകമത്രെ.

ഹൈന്ദവതയിലെ പ്രഥമവും പ്രധാനവുമായ വേദം ഋഗ്വേദമാണല്ലോ. സ്തോത്രമയമായ വേദമെന്നാണല്ലോ അതിന്റെ അർഥം. ഋഗ്വേദത്തിൽ പ്രധാനമായും വാഴ്ത്തപ്പെടുന്നത് ഇന്ദ്രനാണ്. അതിനുകാരണം ദ്രാവിഡരെ കൊന്നൊടുക്കാനും അവരുടെ പുരങ്ങളും പട്ടണങ്ങളും തകർക്കാനും സഹായിച്ചതത്രെ. വി.വി.കെ. വാലത്ത് എഴുതുന്നു:

"അവസാനം ഇന്ദ്രസഹായത്തോടെ ആര്യന്മാർ യുദ്ധം ജയിക്കുന്നു. ഇന്ദ്രൻ പുരന്ദരനാണ്. ദസ്യുക്കളുടെ പുരങ്ങൾ, പട്ടണങ്ങൾ പൊളിക്കാൻ ഇന്ദ്രൻ മാത്രമേ ശക്തനായിട്ടുള്ളൂ."

"രണ്ടു വർഗക്കാരും രണ്ടു വൈരുധ്യമായിരുന്നു. ആര്യന്മാർ സുമുഖന്മാരാണ്. ദസ്യുക്കൾ കറുത്തിരുണ്ടും മൂക്കു പതുങ്ങിയും. ആര്യന്മാരുടെ ആചാരക്രമങ്ങളില്ല. ദേവതകളെ ഉപാസിച്ചില്ല. ആകയാൽ 'ശിശ്നദേവ'രെന്ന ശകാരപ്പേരും കിട്ടി."

"പോകുമടരീന ദുഷ്ടവഴിക്കവൻ
പോരിൽ നേട്ടത്തിനായ് ചുറ്റിനടന്നിടും
ശിശ്നദേവന്മാരെ മർദിച്ചെതിർപെട-
തശ്ശത ദ്വാരസമ്പത്തടക്കും ബലാൽ"

(ഋഗ്വേദം: 10:99:8)

"ഇന്ദ്രൻ ശിശ്നദേവന്മാരെ (ദസ്യുക്കളെ) അമർച്ച വരുത്തി. അവരുടെ പുരങ്ങൾ തകർത്തു. അവരുടെ സർവ സ്വത്തുക്കളും കൈയടക്കുകയും ചെയ്തു." (ഋഗ്വേദത്തിലൂടെ, മൂന്നാം പതിപ്പ്, നാഷ്ണൽ ബുക് സ്റ്റാൾ, പേ. 40)

"ദസ്യുക്കളുടെ പട്ടണ ധ്വംസകനായ ഇന്ദ്രൻ ദസ്യുവായ കരഞ്ജനെ കൊന്നു, പൂർണയനെ കൊന്നു. അതിഥിഗ്വനെന്ന ആര്യ രാജാവിനുവേണ്ടി ഋജിശ്വാവെന്ന മറ്റൊരു ആര്യരാജാവോടൊപ്പം വംഹൃദനെന്ന ദസ്യുരാജാവിന്റെ നൂറു പുരങ്ങൾ ചുട്ടു പൊടിച്ചു. അവസാനം കാറും കോളും ശമിച്ചു. ദസ്യുക്കൾ തോൽപിക്കപ്പെട്ടു." (Ibid, പേ. 41)

"ദസ്യുക്കളുടെ (ദ്രാവിഡരുടെ) സംസ്കാരം ആര്യസംസ്കാരത്തിന് അസൂയ ജനിപ്പിച്ചു. ശംബരൻ (ദസ്യു രാജാവ്) നൂറു നഗരങ്ങളുടെ ഉടമസ്ഥനായിരുന്നു.

"ആർ ശംബരന്റെ നൂറു പുരാതന നഗരങ്ങളെ വജ്രം കൊണ്ട് പിളർത്തിയോ, ആർ വർച്ചിയുടെ നൂറായിരത്തെ വീഴിച്ചുവോ, ആ ഇന്ദ്രന് സോമം കൊണ്ടു വരുവിൻ." (ഋഗ്വേദം II: 14:6 ഉദ്ധരണം Ibid പേജ് 73)

ഋഗ്വേദത്തിൽ ദസ്യുക്കളെ, അഥവാ ദ്രാവിഡരെ കൊന്നൊടുക്കിയതിന്റെ വിവരണം വിവിധയിടങ്ങളിൽ കാണാം.

ആര്യന്മാർ ഇന്ദ്രനോടു നടത്തിയ പ്രാർഥന ഋഗ്വേദം ഇങ്ങനെ ഉദ്ധരിക്കുന്നു: "ഞങ്ങൾ നാലുപാടും ശത്രുക്കളാൽ വലയം ചെയ്തിട്ടാണ്. ദസ്യുവർഗക്കാർ യജ്ഞം ചെയ്യുന്നില്ല. അവർ യാതൊന്നിലും വിശ്വസിക്കുന്നില്ല. അവരുടെ ആചാരങ്ങൾ വ്യത്യസ്തങ്ങളാണ്. അവർ മനുഷ്യരല്ല! അല്ലയോ ശത്രുഹന്താവേ, അവരെ സംഹരിച്ചാലും! ദാസവർഗത്തിന്റെ മൂലച്ഛേദം വരുത്തിയാലും." (10:22,8 വിവ: വി.വി.കെ. വാലത്ത്)

ആദിവേദമായ ഋഗ്വേദം യുദ്ധത്തിനും കൊലയ്ക്കും ഹിംസയ്ക്കും നൽകിയ പ്രാധാന്യമാണല്ലോ ഇതെല്ലാം വ്യക്തമാക്കുന്നത്. ഋഗ്വേദത്തിലെ നാലിലൊന്നും ഇന്ദ്രനെക്കുറിച്ചാണ്. ഇന്ദ്രൻ ചെയ്ത ഏറ്റവും മഹത്തായ കൃത്യമോ ദസ്യുക്കളെയും അവരുടെ പുരങ്ങളെയും നശിപ്പിക്കലും!

വേദതത്ത്വങ്ങളെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനായി ആവിഷ്കരിച്ചവയാണല്ലോ പുരാണങ്ങൾ. അവയിലേറെയും യുദ്ധങ്ങളെയും കൂട്ടക്കൊലകളെയും കവർച്ചകളെയും തട്ടിക്കൊണ്ടുപോകലുകളെയും സംബന്ധിച്ച കഥകളത്രെ.

മഹാഭാരതത്തിൽ കുരുക്ഷേത്ര യുദ്ധത്തിൽ കൗരവരോട് യുദ്ധം ചെയ്യാൻ പാണ്ഡവൻമാർ ചെന്നപ്പോൾ പാണ്ഡവവീരനായ അർജുനന് ബന്ധുജനങ്ങളെ കൊല്ലാൻ വലിയ ദുഃഖം തോന്നി. അർജുനന്റെ തേരാളിയായ കൃഷ്ണൻ അർജുനന്റെ ആ ദൗർബല്യം മാറ്റാനും മടികൂടാതെ യുദ്ധം ചെയ്യാനും ആവശ്യപ്പെട്ടു നൽകിയ ഉപദേശമാണല്ലോ ഗീത.

ഗീതയിലെ ഒന്നാമധ്യായത്തിൽ, താൻ യുദ്ധം ചെയ്തു കൊല്ലേണ്ട ബന്ധുക്കളെയും ആചാര്യന്മാരെയും കണ്ട് ദുഃഖിതനായ അർജുനൻ 'ഇവരെക്കൊന്ന്

രാജ്യം നേടുന്നതിനേക്കാൾ ഭേദം ഭിക്ഷയെടുത്തു പോകുന്നതാണെ'ന്ന് പറഞ്ഞ് അമ്പും വില്ലും ഉപേക്ഷിക്കുമ്പോൾ കൃഷ്ണൻ അതിനെ പരിഹസിക്കുകയും യുദ്ധത്തിന് പ്രേരിപ്പിക്കുകയുമാണ് ചെയ്യുന്നത്. അതിൽ ശ്രീകൃഷ്ണൻ അർജുനനോട് പറയുന്നു:

മരിക്കുകിൽ സ്വർഗമെത്താം
ജയിച്ചാൽ ഭൂമി വാണിടാം
അതിനാലെഴുന്നേൽക്കണം
യുദ്ധം ചെയ്യാനുറച്ചു നീ
(അധ്യായം രണ്ട്, സാംഖ്യയോഗം, ശ്ലോകം 37)

കുട്ടികൃഷ്ണ മാരാര് എഴുതുന്നു:

സനാതന ധർമത്തിനു സംശയമേതുമില്ല, ഹിംസ തന്നെ പ്രമാണം:

"ഗുരും വാ ബാലവൃദ്ധൗ വാ
ബ്രാഹ്മണം വാ ബഹുശ്രുതം
ആതതായിനമായാന്തം
ഹന്യാദേവാവിചാരയൻ

അർഥം: ഗുരുവായാലും ശരി, കുഞ്ഞായാലും വൃദ്ധനായാലും ശരി, വളരെ പഠിപ്പുചെന്ന ബ്രാഹ്മണനായാലും ശരി, ഇങ്ങോട്ടു കൊല്ലാൻ വന്നാൽ ശങ്കിക്കാതെ കൊന്നുവിടുക. എങ്കിൽ "അഹിംസാ പരമോ ധർമ്മഃ" എന്ന പ്രമാണത്തിനെന്തർഥം? ആരെയും അങ്ങോട്ടു കേറി കൊല്ലരുതെന്ന് മാത്രം.

മഹാഭാരതത്തിൽ ഭീഷ്മർ മരുത്തവാക്യമായി പരശുരാമനോടും (ഉദ്യോഗപർവം 178.48) വാല്മീകിരാമായണത്തിൽ ലക്ഷ്മണൻ കൗസല്യയോടും (അയോദ്ധ്യാകാണ്ഡം 21.13) പറയുന്ന പ്രസിദ്ധ പദ്യങ്ങളുടെ പൊരുളും ഇതുതന്നെ.

"ഗുരോരപ്യവലിപ്തസ്യ
കാര്യാകാര്യമജാനതഃ
ഉൽപഥ(ം) പ്രതിപന്നസ്യ
കാര്യം ഭവതിശാസനം

ഭാരത പാഠം.

പരിത്യാഗോ വിധീയതേ."

അർഥം: ചെയ്യേണ്ടതും ചെയ്യരുതാത്തതും തിരിച്ചറിയാതെ അഹങ്കാരം മുഴുത്തു വഴിതെറ്റിപ്പോകുന്ന ഗുരുവിനെപ്പോലും ശാസിക്കണം, മഹാഭാരത പാഠപ്രകാരം കയ്യൊഴിക്കണം. ഗുരുവായതുകൊണ്ട് ആദ്യം നേർവഴി കാണിച്ചു കൊടുക്കാം. കൂട്ടാക്കാഞ്ഞാൽ അനുസരിക്കാതെ നാണം കെടുത്തി വിടുക. ഒടുക്കത്തെ കയ്യിനു കൊല്ലുകയും. ഭീഷ്മർ ജഗദേകവീരനായ ഗുരുവിനെ യുദ്ധത്തിൽ തോല്പിച്ച് നാണം കെടുത്തിവിട്ടതേയുള്ളൂ. ലക്ഷ്മണനാകട്ടെ, സ്വപി

താവ് "വധ്യതാം ബാധ്യതാമപി" കൊല്ലപ്പെടുകയോ കെട്ടിൽ പെടുത്തുകയോ ചെയ്ക. (അയോദ്ധ്യ 21. 12) എന്നു വരെ പറയുന്നുണ്ട്. (ശരണാഗതി, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം 1976, പുറം 198)

വീണ്ടും എഴുതുന്നു: സനാതന ധർമത്തിന് 'അഹിംസാപരമോ ധർമഃ' എന്നതു ശാശ്വത പ്രമാണം തന്നെ; ദുഷ്കർമാത്മാക്കളായ ആസുരരാക്ഷസ ജനങ്ങളേ അതു ലംഘിക്കുകയുള്ളൂ. ചിരന്തനമായ മഹാഭാരതത്തിൽ ശാന്തി പർവാരംഭത്തിൽ യുധിഷ്ഠിരാർജ്ജുന സംവാദമായി അഹിംസയെ സംബന്ധിച്ച ഒരു വിചാരമുണ്ട്. അതിലെ മൂന്നു ശ്ലോകം താഴെ ഉദാഹരിക്കാം:

"നഹി പശ്യാമി ജീവന്തം
ലോകേ കഞ്ചിദഹിംസയാ
സത്ത്വൈഃസത്ത്വാനി ജീവന്തി
ദുർബ്ബലൈർബലവത്തരാഃ (15.20)

അർഥം: ലോകത്തിൽ അഹിംസകൊണ്ടു ജീവിക്കുന്നവരായി ആരെയും ഞാൻ കാണുന്നില്ല. പ്രാണികളെക്കൊണ്ടത്രെ പ്രാണികൾ പൊറുക്കുന്നത്. ബലമേറിയവർ ബലം ചുരുങ്ങിയവരെക്കൊണ്ടു പൊറുക്കുന്നു.

"ലോകയാത്രാർത്ഥമേവാത്ര
ധർമ്മപ്രവചനം കൃതം
അഹിംസാ/സാധുഹിംസേതി
ശ്രേയാൻ ധർമ്മപരിഗ്രഹഃ"

അർത്ഥം: ലോകം നടന്നുപോകാൻ വേണ്ടിയാണ് ഇവിടെ ധർമ പ്രവചനം ചെയ്തു വെച്ചിരിക്കുന്നത്. അഹിംസയെന്നുവെച്ചാൽ നല്ല വഴിക്കു നടക്കാത്ത ആസുര രാക്ഷസ പ്രകൃതികളെ കൊന്നൊടുക്കുകയാണ് ശ്രേയസ്കരമായ ധർമ സ്വീകാരം.

"മാ ച തേ നിഘ്നതഃ ശത്രൂൻ
മന്യുർഭവതു പാർത്ഥിവ
ന തത്ര കില്ബിഷം കിഞ്ചിൽ
കർത്തുർഭവതി പാർത്ഥിവ. (15. 54)

അർഥം: ഭരതവംശജനായ രാജാവേ, അങ്ങു ശത്രുക്കളെ കൊല്ലുന്നത് പക വെച്ചാകരുത്. പകയൊഴിഞ്ഞ കൊലകൊണ്ടു കൊന്നവന്നു പാപമേൽക്കില്ല. ലോകോപകാരത്തിനുവേണ്ടി ദുഷ്ട നിഗ്രഹം ചെയ്യുന്നു എന്നല്ലാതെ കുടിപ്പകവെച്ചു കൂട്ടക്കൊല നടത്തിപ്പോകരുതെന്നു സാരം.

ഇവിടെ ഒരു ചോദ്യം എഴുന്നേറ്റു വരുന്നു. സ്വന്തം കുടുംബത്തിൽ ചതിക്കൊലകൾ പോലും നടത്തിയിട്ടല്ലേ പാണ്ഡവർ ഈ ശാന്തിപർവത്തിലെത്തിയത്? അങ്ങനെത്തന്നെ. ചതിയും കൊലയുമല്ലാതെ മറ്റൊരു തൊഴിലുമറിയാത്ത ആസുര രാക്ഷസ ജനങ്ങളെ അവരുടെ തൊഴിൽ കൊണ്ടുതന്നെ കൊന്നൊടുക്കാമെന്നാണ് ധർമ്മ നിശ്ചയം. അത്രമാത്രമേ പാണ്ഡവർ ചെയ്തി

ട്ടുള്ളൂ. അതു ശരി തന്നെ എന്ന് ശല്യപർവം അറുപത്തൊന്നാമദ്ധ്യായത്തിൽ ശ്രീകൃഷ്ണഭഗവാൻ വിസ്തരിച്ചരുൾ ചെയ്തിട്ടുണ്ട്. " (Ibid 199, 200)

ഈ വിധം യുദ്ധാഹ്വാനം നടത്തുകയും കൂട്ടക്കൊല നടത്തിയതിന്റെ പേരിൽ ഇന്ദ്രനെ വാഴ്ത്തുകയും ചെയ്യുന്ന സനാതന ധർമത്തിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്നവർ അനിവാര്യ സാഹചര്യത്തിൽ മാത്രം യുദ്ധത്തിന് അനുമതിയും ആഹ്വാനവും നൽകുന്ന ഖുർആനെ വിമർശിക്കുന്നത് ഏറെ വിചിത്രമത്രെ. ഖുർആൻ വരച്ചുകാണിച്ചതുപോലുള്ള അനിവാര്യ സാഹചര്യങ്ങളിൽ തികഞ്ഞ അഹിംസാവാദിയായിരുന്ന ഗാന്ധിജിപോലും വ്യത്യസ്തമായ സമീപനമല്ല സ്വീകരിക്കുകയെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നു; ചൗരിചൗരയിലെ തീവെപ്പിനെ സൂചിപ്പിച്ചുകൊണ്ട് 1922-ലെ മഹാവിചാരണാവേളയിൽ ഗാന്ധിജി ഇങ്ങനെയാണ് മൊഴി നൽകിയത്: "ഞാൻ തീ കൊണ്ടാണ് കളിക്കുന്നതെന്ന് എനിക്ക് അറിയാമായിരുന്നു. അതിലടങ്ങിയ അപകട സാധ്യത നേരിടാൻ തന്നെ ഞാൻ തീരുമാനിച്ചു. എന്നെ സ്വതന്ത്രനായി വിടുകയാണെങ്കിൽ ഇതു തന്നെ ഇനിയും ഞാൻ ആവർത്തിക്കും. എന്റെ വിശ്വാസപ്രമാണങ്ങളിൽ അഹിംസ പ്രഥമ സ്ഥാനമർഹിക്കുന്നു. എന്നാൽ എനിക്ക് രണ്ടിലൊന്ന് തെരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. എന്റെ രാജ്യത്തിന് അപരിഹാര്യമാംവിധം വിനാശങ്ങൾ വരുത്തിവെച്ച ഒരു വ്യവസ്ഥിതിക്ക് എന്നും വിധേയനായി കഴിയുകയോ അല്ലെങ്കിൽ എന്റെ നാട്ടുകാർ എന്റെ ചുണ്ടിൽനിന്ന് വസ്തുസ്ഥിതികളുടെ സത്യമെന്തെന്ന് മനസ്സിലാക്കുമ്പോൾ അവരിൽ ആളിക്കത്തിയേക്കാവുന്ന കണ്ണുകാണാത്ത രോഷാഗ്നിയുടെ അപകട സാധ്യത നേരിടുകയോ രണ്ടിലൊന്നു വേണമായിരുന്നു. ഞാൻ രണ്ടാമത്തേത് തെരഞ്ഞെടുത്തു." (ഹിരൺ മുക്കർജി; മഹാത്മാഗാന്ധി: 100 ഇയേർസ്. ഉദ്ധരണം: തായാട്ടുശങ്കരൻ. ഭാരതീയ നവോത്ഥാനത്തിന്റെ രൂപരേഖ പുറം. 88)

എന്നാൽ സത്യത്തിനും ധർമത്തിനും നന്മയ്ക്കും നീതിക്കും സമത്വത്തിനും സ്വാതന്ത്ര്യത്തിനും സമാനമായ മഹത് കാര്യങ്ങൾക്കുമല്ലാതെ വർഗത്തിനോ വർണത്തിനോ ദേശത്തിനോ ഭാഷക്കോ ജാതിക്കോ ഗോത്രത്തിനോ അതുപോലുള്ളവയ്ക്കോ ആയുധമെടുക്കാനോ അടരാടാനോ ഖുർആൻ അനുവദിക്കുന്നില്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ.

## ഒമ്പത്

# നാലുതരം ബന്ധങ്ങൾ

"സത്യവിശ്വാസികളേ, സ്വന്തം പിതാക്കളെയും സഹോദരന്മാരെയും പോലും-അവർ സത്യവിശ്വാസത്തെക്കാൾ സത്യനിഷേധത്തിന് മുൻഗണന നൽകുന്നുവെങ്കിൽ – നിങ്ങളുടെ രക്ഷാധികാരികളാക്കാതിരിക്കുക. നിങ്ങളിൽ ആരെങ്കിലും അങ്ങനെ ചെയ്യുന്നുവെങ്കിൽ അവർ അക്രമികൾ തന്നെ." (ഖുർ ആൻ 9:23)

"സത്യവിശ്വാസികളേ, നിങ്ങൾക്കു മുമ്പ് വേദം ലഭിച്ചവരിൽ നിങ്ങളുടെ മതത്തെ ഹാസ്യവും കളിയുമാക്കിയവരെയും മറ്റു നിഷേധികളെയും നിങ്ങൾ ആത്മമിത്രങ്ങളാക്കാതിരിക്കുക. അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ സത്യവിശ്വാസികളെങ്കിൽ." (5:57)

ഇന്ദ്രപ്രസ്ഥ വിശ്വഹിന്ദുപരിഷത്ത് വിശുദ്ധഖുർആനിൽ നിന്ന് നീക്കം ചെയ്യ ണമെന്നാവശ്യപ്പെട്ട് എടുത്തുചേർത്ത 24 വാക്യങ്ങളിൽ മുകളിലുള്ളവയും ഉൾപ്പെടുന്നു. പരമത വിദ്വേഷ പ്രചാരണപരമെന്നും യുദ്ധ പ്രേരകമെന്നുമാണ് വിമർശകരുടെ അവയെക്കുറിച്ച ആരോപണം.

ഇസ്‌ലാം മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ നാലായി തരം തിരിച്ചിരിക്കുന്നു. ഓരോന്നിലും സ്വീകരിക്കേണ്ട സമീപനം വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു.

1. ആദർശബന്ധം: ഒരേ ആദർശവിശ്വാസമംഗീകരിക്കുകയും അതിനായി നിലകൊള്ളുകയും ചെയ്യുന്നവർ ആദർശസമൂഹത്തിലെ അംഗങ്ങളും പര സ്പരം വിശ്വാസ സഹോദരങ്ങളുമാണ്. അല്ലാഹു അറിയിക്കുന്നു: "സത്യവി ശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. അതിനാൽ, നിങ്ങളുടെ സഹോദ രന്മാർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ ദിവ്യ കാരുണ്യത്തിന് അർഹരായേക്കും." (49:10)

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും പരസ്പരം സഹായികളും ആത്മമിത്രങ്ങളുമാകുന്നു. അവർ നന്മ കൽപിക്കുകയും തിന്മ വിരോധിക്കു കയും ചെയ്യുന്നു." (9:71)

പ്രവാചകൻ (സ) പറയുന്നു: "പരസ്പരസ്നേഹത്തിലും കരുണയിലും ദയാവാത്സല്യത്തിലും സത്യവിശ്വാസികൾ ഒരു ശരീരം പോലെയാണ്. അതിലെ ഏതെങ്കിലും ഒരവയവത്തിന് വേദന വന്നാൽ ശരീരത്തിലെ ഇതര ഭാഗങ്ങളെല്ലാം ഉറക്കമൊഴിച്ചും പനിച്ചും അതിൽ പങ്കുചേരുന്നു." (ബുഖാരി, മുസ്ലിം)

മനുഷ്യരെ കൂട്ടിയിണക്കുന്ന പല ഘടകങ്ങളുമുണ്ട്. വർഗം, വർണം, ദേശം, ഭാഷ, ലിംഗം, ജാതി, കുലം ഇങ്ങനെ പലതും മനുഷ്യ ബന്ധങ്ങൾക്ക് നിദാനമാവാറുണ്ട്. കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി ദേശമാണ് മനുഷ്യ ബന്ധങ്ങളുടെ മാനദണ്ഡമായി വർത്തിക്കുന്നത്. ഇതിന്റെ നിരർഥകതയും അനൗചിത്യവും അല്പം ആലോചിക്കുന്ന ആർക്കും അനായാസം ബോധ്യമാകും. യഥാർഥത്തിൽ ദൈവത്തിന്റെ ഭൂമിയിൽ മനുഷ്യൻ വരക്കുന്ന കൃത്രിമമായ വരയാണ് രാജ്യാതിർത്തികൾ. അത്തരമൊരു വര എല്ലാം തീരുമാനിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. വരയ്ക്ക് ഇപ്പുറമുള്ളവരൊക്കെ മിത്രങ്ങളും വേണ്ടപ്പെട്ടവരുമായി ഗണിക്കപ്പെടുന്നു. അവർ അക്രമികളും അധർമികളും അഴിമതിക്കാരും കൊള്ളക്കാരും കൊലയാളികളുമാണെങ്കിലും നമ്മുടെ സഹോദരങ്ങളാണ്. എന്നാൽ, വരയ്ക്ക് അപ്പുറമുള്ളവർ ശത്രുക്കളും കൊള്ളരുതാത്തവരുമായി കരുതപ്പെടുന്നു. അവർ എത്ര വിശുദ്ധരും നല്ലവരും മഹാന്മാരുമാണെങ്കിലും അകറ്റപ്പെടേണ്ടവരാണ്. വരയ്ക്ക് ഉള്ളിലുള്ളവരെ വധിക്കുന്നത് കൊലപാതകമാണ്. പുറത്തുള്ളവരെ കൊല്ലുന്നത് പ്രശംസാർഹമായ വീരകൃത്യവും. ഇത്രയേറെ ഹീനവും പതിതവുമായ മാനദണ്ഡമാണ് ഏറെപ്പേരുമിന്ന് അംഗീകരിച്ചിട്ടുള്ളത്. പിറന്ന പ്രദേശത്തോട് പ്രിയമുണ്ടാവുക സ്വാഭാവികമാണ്. അത് അനഭിലഷണീയമോ ആക്ഷേപാർഹമോ അല്ല. എന്നാൽ, നന്മ-തിന്മകളുടെയും ശരി-തെറ്റുകളുടെയും ശത്രുത-മിത്രതയുടെയും അടുപ്പത്തിന്റെയും അകൽച്ചയുടെയും അടിസ്ഥാനം അതാകാവതല്ല. അതിനാലാണ് ദേശീയത മനുഷ്യ വംശത്തിന്റെ ആത്മീയ കൂട്ടായ്മയ്ക്ക് എതിരും മാനവിക വിരുദ്ധവുമാണെന്ന് രവീന്ദ്രനാഥ് ടാഗോർ പ്രഖ്യാപിച്ചത്. ദേശീയത കണ്ണോ കാതോ മനസ്സാക്ഷിയോ ധാർമികതയോ ഇല്ലാത്തതും മനുഷ്യനിലെ അധമ വികാരത്തിൽ പടുത്തുയർത്തപ്പെട്ടതുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

ഏതു ദേശത്ത്, ഏതു ജാതിയിൽ, ഏതു ഭാഷയിൽ സംസാരിക്കുന്നവരായി, ഏതു മാതാപിതാക്കളുടെ മക്കളായി ജനിക്കണമെന്ന് തീരുമാനിക്കുന്നത് നാമാരുമല്ലല്ലോ. ജാതിയും വർഗവും വർണവും ദേശവും ഭാഷയും കാലവും കോലവും ലിംഗവും കുലവുമെല്ലാം മനുഷ്യന്റെ ആഗ്രഹാഭിലാഷങ്ങൾക്കും ശ്രമങ്ങൾക്കും അതീതമായി സംഭവിക്കുന്നവയാണ്. അതുകൊണ്ടുതന്നെ മനുഷ്യന് ഒരു പങ്കുമില്ലാത്ത അവയൊന്നും മാനുഷിക ബന്ധങ്ങളുടെ മൗലിക മാനദണ്ഡങ്ങളാകാവതല്ല. മറിച്ച്, മനുഷ്യന് സ്വയം തീരുമാനിക്കാനും തെരഞ്ഞെടുക്കാനും സ്വീകരിക്കാനും പ്രയോഗവൽക്കരിക്കാനും സാധ്യതയും സ്വാതന്ത്ര്യവുമുള്ള വിശ്വാസം, ജീവിത വീക്ഷണം, സ്വഭാവം, പെരുമാറ്റം, സമീപനം പോലുള്ളവയായിരിക്കണം മാനവിക ബന്ധങ്ങളുടെ അടിസ്ഥാനം. അതിനാലാണ് ഇസ്ലാം, ആദർശ വിശ്വാസങ്ങളും ജീവിത രീതികളുമായിരിക്കണം മനുഷ്യബന്ധങ്ങളുടെ മാനദണ്ഡമെന്ന് ഊന്നിപ്പറഞ്ഞത്. പ്രഥമ പരിഗണന

അതിന് നൽകാനുള്ള കാരണവും അതുതന്നെ.

2. രക്തബന്ധം: മനുഷ്യന്റെ ജനനത്തിലും വളർച്ചയിലും നിർണായകമായ പങ്കു വഹിക്കുന്ന മാതാപിതാക്കൾ, ഏറ്റം അടുത്തിടപഴകുന്ന സഹോദരീ സഹോദരന്മാർ, ഉറ്റ ബന്ധുക്കൾ എന്നിവർക്കിടയിൽ ഗാഢബന്ധമുണ്ടാവുക സ്വാഭാവികവും പ്രകൃതിപരവുമത്രെ. ഇസ്‌ലാം അതിനെ അംഗീകരിക്കുകമാത്രമല്ല, പ്രോത്സാഹിപ്പിക്കുക കൂടി ചെയ്യുന്നു. അല്ലാഹു പറയുന്നു: "നിന്റെ നാഥൻ നിർബന്ധപൂർവം നിഷ്കർഷിച്ചിരിക്കുന്നു: അവനെയല്ലാതെ നീ വഴിപ്പെട്ടു ജീവിക്കരുത്. മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണം. അവരിൽ ഒരാളോ അല്ലെങ്കിൽ രണ്ടാളുമോ വാർധക്യം ബാധിച്ച് വിവശരായാൽ നീ അവരോട് അനിഷ്ടകരമായ ഒരക്ഷരംപോലും പറയരുത്. പരുഷമായി പെരുമാറരുത്. മാന്യമായ വാക്കുകൾ മാത്രമേ പറയാവൂ. കാരുണ്യത്തോടെ വിനയമാകുന്ന ചിറക് അവർക്ക് വിടർത്തിക്കൊടുക്കണം. 'നാഥാ! അവരിരുവരും കൊച്ചുനാളിൽ എന്നെ പരിപാലിച്ചു വളർത്തിയപോലെ നീയും അവരോട് കാരുണ്യം കാണിക്കേണമേ' എന്ന് പ്രാർഥിക്കുകയും വേണം" (17: 23, 24). പ്രവാചകൻ (സ) പറഞ്ഞു: "ദൈവപ്രീതി മാതാപിതാക്കളുടെ പ്രീതിയിലാണ്. ദൈവകോപമോ മാതാപിതാക്കളുടെ കോപത്തിലും." (ഹാകിം)

"അല്ലാഹുവിന്റെ നിയമമനുസരിച്ച് രക്തബന്ധമുള്ളവർ അന്യോന്യം കൂടുതൽ അടുത്തവരാകുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും നന്നായി അറിയുന്നവൻതന്നെ, തീർച്ച" (ഖുർആൻ 8: 75).

എന്നാൽ, രക്തബന്ധം പോലും ആദർശവിശ്വാസങ്ങൾക്ക് ക്ഷതമേൽപ്പിക്കാവതല്ല. അതേസമയം ആദർശവിരോധികളായ ബന്ധുക്കളോടുപോലും നല്ലനിലയിലും മാന്യമായും വർത്തിക്കണമെന്ന് ഖുർആൻ കണിശമായി കൽപിക്കുന്നു. അല്ലാഹു പറയുന്നു: "മനുഷ്യനോട് അവന്റെ മാതാപിതാക്കളുടെ കാര്യം നാം ഉപദേശിച്ചിരിക്കുന്നു. കടുത്ത ക്ലേശത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമന്നത്. അവന്റെ മുലകുടി നിർത്താൻ രണ്ടുവർഷം വേണം. അതിനാൽ നീ എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദി കാണിക്കുക. തിരിച്ചുവരവ് എന്റെ അടുത്തേക്കാണ്. നിനക്ക് യാഥാർഥ്യം വ്യക്തമായറിയാത്ത വസ്തുക്കളെ എന്നിൽ പങ്കുചേർക്കണമെന്ന് അവരിരുവരും നിന്നെ നിർബന്ധിച്ചാൽ നീ അവരെ അനുസരിച്ചു പോകരുത്. അതോടൊപ്പം ഐഹികജീവിതത്തിൽ അവരുമായി നല്ല നിലയിൽ സഹവസിക്കുകയും ചെയ്യുക." (31:14,15)

ജീവിതത്തിൽ എന്തെങ്കിലും ആദർശം അംഗീകരിച്ച് അതിനോട് ആത്മാർഥത പുലർത്തുന്ന ഏവരുടേയും സമീപനം ഇതുതന്നെയായിരിക്കും. കമ്യൂണിസ്റ്റുകാരനായ ഒരാളോട് അയാളുടെ ആദർശത്തിനു വിരുദ്ധമായ നിലപാട് സ്വീകരിക്കാൻ ആരുതന്നെ നിർബന്ധിച്ചാലും അയാൾക്ക് തന്റെ ആദർശത്തോട് പ്രതിബദ്ധതയുണ്ടെങ്കിൽ അതംഗീകരിക്കുകയില്ല. ഇപ്രകാരം തന്നെ സ്വകാര്യതകളും രഹസ്യങ്ങളും കരുതിവെയ്പുകളുമില്ലാതെ ആത്മബന്ധം സ്ഥാപിക്കാൻ ആദർശബന്ധുക്കൾക്കേ സാധിക്കുകയുള്ളൂ. ഹിന്ദുത്വവാദിയായ സംഘകുടുംബാംഗം തന്റെ രക്തബന്ധുവായ സഹോദരനോട് പറയാൻ സന്ന

ദ്ധമാവാത്ത പല കാര്യങ്ങളും തന്റെ സംഘകുടുംബത്തിലെ സുഹൃത്തിനോട് പറയാനൊട്ടും മടിക്കുകയില്ല. സ്വകാര്യതകളും രഹസ്യങ്ങളുമില്ലാത്ത ഈ ആത്മബന്ധം ആദർശവിശ്വാസികൾക്കിടയിലേ സാധ്യമാവുകയുള്ളൂ. അതിനാലാണ് വിശുദ്ധഖുർആൻ ആദർശവിരോധികളെ–അവർ ആരായിരുന്നാലും–രക്ഷാധികാരികളാക്കരുതെന്ന് ഒമ്പതാം അധ്യായം 23–ാം വാക്യത്തിലും, സത്യനിഷേധികളെ ആത്മമിത്രങ്ങളാക്കരുതെന്ന് അഞ്ചാം അധ്യായം 57–ാം വാക്യത്തിലും ആവശ്യപ്പെട്ടത്. സത്യസന്ധതയുള്ള ആരും ഇതിൽ അനൗചിത്യമോ അസഹിഷ്ണുതയോ കാണുകയോ ആരോപിക്കുകയോ ഇല്ല.

3. മാനുഷികബന്ധം: തന്റെ ആദർശത്തോട് ശത്രുത പുലർത്താത്ത മുഴുവനാളുകളോടും ഉന്നതമായ മാനുഷികബന്ധവും സാമൂഹികമര്യാദകളും പാലിക്കാൻ എല്ലാ സത്യവിശ്വാസികളും ബാധ്യസ്ഥരാണ്. അത്തരം അയൽക്കാരെയും അതിഥികളെയും ആദരിക്കാൻ മുസ്‌ലിംകൾ കടപ്പെട്ടിരിക്കുന്നു. അഗതികളെയും അവശരെയും അശരണരെയും സംരക്ഷിക്കലും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരലും അവരോട് ഉത്തമസ്വഭാവത്തോടെ വർത്തിക്കലും വിശ്വാസികളുടെ മതപരമായ ചുമതലയത്രെ. അഗതികളെയും അനാഥരെയും സംരക്ഷിക്കാൻ കൽപിച്ചേടത്ത് ഇസ്‌ലാം ജാതിമതപരിഗണനകളോ വിവേചനമോ കൽപിച്ചിട്ടില്ല.

"മതനിഷേധി ആരെന്ന് നീ കണ്ടറിഞ്ഞിട്ടുണ്ടോ? അയാളോ, അയാൾ അനാഥയെ അവഗണിക്കുന്നു. അഗതിയെ ആഹരിപ്പിക്കാൻ പ്രേരിപ്പിക്കുന്നുമില്ല. നമസ്കാരക്കാർക്ക് കൊടിയ നാശം. അവരോ, തങ്ങളുടെ നമസ്കാരത്തെ സംബന്ധിച്ച് അശ്രദ്ധരാണ്. അവർ ആളുകളെ കാണിക്കുകയാണ്. അവർ കൊച്ചുകൊച്ചു ഉപകാരങ്ങൾവരെ തടയുന്നവരാണ്" (ഖുർആൻ: 107: 17).

"നീ അനാഥയെ അവഹേളിക്കരുത്. ചോദിച്ചുവരുന്നവരെ വിരട്ടിവിടരുത്" (ഖുർആൻ 93: 9, 10).

ജീവിതകാലത്തു മാത്രമല്ല, മരണശേഷവും ഇതര മതാനുയായികളോട് മാനവികബന്ധവും ആദരവും പുലർത്തണമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. മുഹമ്മദ് നബിയും അനുയായികളും ഒന്നിച്ചിരിക്കെ അവരുടെ അരികിലൂടെ ഒരു മൃതദേഹം കൊണ്ടുപോയി. അതുകണ്ട പ്രവാചകൻ എഴുന്നേറ്റു നിന്നു. അപ്പോൾ അവിടത്തെ അനുചരരിലൊരാൾ പറഞ്ഞു: "അത് ഒരു യഹൂദന്റെ മൃതദേഹമാണ്." ഉടനെ പ്രവാചകൻ പ്രതിവചിച്ചത്, അയാളും മനുഷ്യനാണെന്നും മനുഷ്യരെയൊക്കെ ആദരിക്കണമെന്നുമാണ്.

സമൂഹത്തിലെ മുഴുവൻ അംഗങ്ങളോടും എല്ലാവിധ മാനുഷികബന്ധങ്ങളും പാലിക്കണമെന്നും ബാധ്യതകൾ നിർവഹിക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു.

4. ശത്രുക്കളോടുള്ള ബന്ധം. ആദർശ ശത്രുക്കൾ രണ്ടു വിധമുണ്ട്:

എ) വിശ്വാസികളെ ദ്രോഹിക്കുകയോ മർദിക്കുകയോ അവരുടെ നാശത്തിനുവേണ്ടി ശ്രമിക്കുകയോ ചെയ്യാത്തവർ. അത്തരക്കാരോട് നല്ല നിലയിൽ വർത്തിക്കുകയും മാനുഷികബന്ധം പുലർത്തുകയും ബാധ്യതകൾ നിർവഹിക്കുകയും വേണം. അല്ലാഹു പറയുന്നു:

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടു

കളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. നിശ്ചയം, മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്രമാണ്-അവരോട് ആത്മബന്ധം സ്ഥാപിക്കുന്നത്-അല്ലാഹു നിരോധിക്കുന്നത്. ആരെങ്കിലും അവരോട് ആത്മബന്ധം പുലർത്തുന്നുവെങ്കിൽ അവർ തന്നെയാണ് അക്രമികൾ."(ഖുർആൻ 60: 8, 9)

ബി) സത്യവിശ്വാസികളെ പീഡിപ്പിക്കുകയും അവരോട് യുദ്ധം നടത്തുകയും ചെയ്യുന്ന ശത്രുക്കൾ. അവരോട് ഇങ്ങോട്ടു യുദ്ധം ചെയ്യുന്നപോലെ അങ്ങോട്ടും അടരാടണമെന്നും, എന്നാൽ പരിധി ലംഘിക്കരുതെന്നും അവർ പിന്തിരിഞ്ഞാൽ യുദ്ധം നിർത്തണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു:

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, അതിക്രമം അരുത്. അതിക്രമകാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ അവരുമായി ഏറ്റുമുട്ടുന്നത് എവിടെവെച്ചായാലും അവരുമായി പടവെട്ടുക. അവർ നിങ്ങളെ പുറംതള്ളിയത് എവിടെനിന്നോ അവിടെനിന്ന് അവരെയും നിങ്ങൾ പുറംതള്ളുക. കാരണം പീഡനം കൊലയേക്കാൾ കഠിനമത്രെ. അവർ നിങ്ങളോട് യുദ്ധം ചെയ്യാത്തിടത്തോളം മസ്ജിദുൽഹറാമിനടുത്തുവച്ച് നിങ്ങൾ അവരോട് ഏറ്റുമുട്ടരുത്. അഥവാ, അവർ അവിടെവെച്ച് നിങ്ങളോട് യുദ്ധം ചെയ്യുന്നുവെങ്കിൽ നിങ്ങൾ അവരോടും പൊരുതുക. ഇതുതന്നെയാകുന്നു അത്തരം നിഷേധികൾക്കുള്ള പ്രതിഫലം. എന്നാൽ, അവർ വിരമിക്കുന്നുവെങ്കിലോ, അറിയുക, അല്ലാഹു മാപ്പേകുന്നവനും കരുണാമയനുമാകുന്നു." (ഖുർആൻ 2: 190–192)

ഇത്തരം കൊടിയ ശത്രുക്കളോടുപോലും അനീതി കാണിക്കരുതെന്നും നീതി പുലർത്തണമെന്നും ഇസ്‌ലാം കൽപിക്കുന്നു:

"സത്യവിശ്വാസം സ്വീകരിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നേർമാർഗത്തിൽ ഉറച്ചുനിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാവുക. ഒരു ജനതയോടുള്ള ശത്രുത അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുവിൻ. അതാണ് ദൈവഭക്തിക്ക് ഏറ്റം അനുയോജ്യമായിട്ടുള്ളത്. അല്ലാഹുവോട് ഭക്തിയുള്ളവരാകുക. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു." (ഖുർആൻ 5:8)

ഇത്രയേറെ ഉദാരവും മാനുഷികവുമായ സമീപനം സ്വീകരിക്കുകയും സഹിഷ്ണുതാപൂർണമായ പരസ്പരബന്ധം പുലർത്താൻ ആവശ്യപ്പെടുകയും ചെയ്ത മറ്റൊരു ദർശനമോ പ്രത്യയശാസ്ത്രമോ മതമോ വേറെ കാണുക സാധ്യമല്ല. ജാതീയതയുടെയും സങ്കുചിത ദേശീയതയുടേയും തടവറകളിൽ നിന്ന് പുറത്തു കടക്കാനാവാത്തവർക്ക് ഇതിന്റെ മഹത്വം മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ അത് ഇസ്‌ലാമിന്റെ കുറ്റമല്ലല്ലോ.

പത്ത്

# ബഹുദൈവാരാധകരും മസ്ജിദുൽഹറാമും

"സത്യവിശ്വാസികളേ, ബഹുദൈവാരാധകർ അവിശുദ്ധരാണ്. അതിനാൽ ഇക്കൊല്ലത്തിനുശേഷം അവർ മസ്ജിദുൽഹറാമിന്റെ അടുത്ത് വരാൻ പാടില്ല." (ഖുർആൻ 9: 28)

ഇസ്‌ലാമിന്റെ വിമർശകർ അതിന്റെ അസഹിഷ്ണുതയുടെ അടയാളമായി എടുത്തുകാണിക്കാറുള്ള ഖുർആൻ വാക്യങ്ങളിലൊന്നാണിത്. ഇതിന്റെ അവതരണപശ്ചാത്തലവും ആശയവും അന്വേഷിച്ചറിയുന്ന ഏവർക്കും ആരോപണം അടിസ്ഥാനരഹിതമാണെന്ന് അനായാസം ബോധ്യമാകും.

ഖുറൈശികളുടെ കടുത്ത എതിർപ്പും കൊടിയ മർദനവും കാരണമായി മുഹമ്മദ്നബിക്കും അനുയായികൾക്കും മക്കയോട് വിടപറയേണ്ടി വന്നു. അതേത്തുടർന്ന് മദീനയിലെത്തിയ പ്രവാചകന്റെ നേതൃത്വത്തിൽ സ്ഥാപിതമായ ഇസ്‌ലാമിക രാഷ്ട്രത്തെ തളർത്താനും തകർക്കാനും ശത്രുക്കൾ പരമാവധി ശ്രമിച്ചു. അതൊന്നും വിജയിച്ചില്ലെന്നു മാത്രമല്ല, നവജാത ഇസ്‌ലാമിക രാഷ്ട്രം അടിക്കടി ശക്തിപ്രാപിക്കുകയും ചെയ്തു.

ഹിജ്റ ഏഴാം വർഷം മുഹമ്മദ്നബിയും അനുചരന്മാരും മക്കാ തീർഥാടനത്തിനായി പുറപ്പെട്ടു. അത് യുദ്ധം വിലക്കപ്പെട്ട മാസത്തിലായിരുന്നതിനാലും ലക്ഷ്യം തീർത്തും ആരാധനാകർമങ്ങളുടെ നിർവഹണമായിരുന്നതിനാലും എല്ലാവരും നിരായുധരായിരുന്നു. എന്നിട്ടും മക്കയിലെ വിഗ്രഹാരാധകരായ ഖുറൈശികൾ അവരെ തടയാൻ തന്നെ തീരുമാനിച്ചു. അതിനായി സൈന്യത്തെ സജ്ജീകരിക്കുകയും ചെയ്തു. പക്ഷേ, മുസ്‌ലിംകൾ ഒരു പോരാട്ടം ഇഷ്ടപ്പെട്ടിരുന്നില്ല. അവരുടെ സമാധാനവാഞ്ഛയുടെ ഫലമായി ഇരുവിഭാഗത്തിനുമിടയിൽ ഒരു കരാർ രൂപംകൊണ്ടു. ഹുദൈബിയാസന്ധി എന്ന പേരിലാണ് അതറിയപ്പെടുന്നത്. ഈ സന്ധി സൃഷ്ടിച്ച സമാധാനാന്തരീക്ഷം ഇസ്‌ലാമിന്റെ വ്യാപനത്തിനു വഴിയൊരുക്കി. മക്കയിലെ ശത്രുക്കളിൽപോലും പലർക്കും മാനസാന്തരമുണ്ടായി. അവർ സന്മാർഗം സ്വീകരിച്ച് ഇസ്‌ലാമിന്റെ അനുയായികളായിമാറി. അങ്ങനെ ഖുറൈശികളുടെ സൈനിക

നേതാവായിരുന്ന ഖാലിദുബ്നുൽ വലീദ് ഉൾപ്പെടെയുള്ളവർ ഇസ്ലാമിന്റെ സംരക്ഷകരായിത്തീർന്നു.

അബൂജഹ്ലിന്റെ മകൻ ഇക്രിമയുടെ നേതൃത്വത്തിലുള്ള ഒരുകൂട്ടം ഖുറൈശികൾ ഹുദൈബിയാ സന്ധിവ്യവസ്ഥകൾ ലംഘിച്ചു. അതോടൊപ്പം മക്കയിലെ പ്രമുഖരായ പലരും ഇസ്ലാമാശ്ലേഷിച്ചു. ഇത് മക്കാ വിമോചനത്തിന് വഴിയൊരുക്കി. രക്തച്ചൊരിച്ചിലൊട്ടുമില്ലാതെയാണ് മക്ക കുഫ്റിൽ നിന്ന് ഇസ്ലാമിലേക്ക് മോചിതമായത്.

ഇബ്റാഹീം പ്രവാചകനും മകൻ ഇസ്മാഈൽനബിയും ചേർന്നുണ്ടാക്കിയ വിശുദ്ധ കഅ്ബയാണല്ലോ മക്കയെ ശ്രദ്ധേയമാക്കിയത്. ഏകദൈവാരാധനയ്ക്കായാണ് അവരത് പണിതത്. എന്നല്ല, ഏകദൈവാരാധനയ്ക്കായി ഭൂമിയിൽ ആദ്യമായി നിർമിക്കപ്പെട്ട ഭവനമാണത്. "നിസ്സംശയം, മനുഷ്യർക്കായി നിർമിക്കപ്പെട്ട പ്രഥമ ദേവാലയം മക്കയിൽ സ്ഥിതിചെയ്യുന്നതുതന്നെയാണ്. അത് അനുഗൃഹീതവും ലോകർക്കാകമാനം മാർഗദർശന കേന്ദ്രമായി നിർമിക്കപ്പെട്ടതുമത്രെ." (ഖുർആൻ 3:96)

വിശുദ്ധ കഅ്ബയിൽ ആദ്യമായി വിഗ്രഹം പ്രതിഷ്ഠിച്ചത് ഖുസാഅ ഗോത്രത്തലവനായ അംറുബ്നു ലുഅയ്യാണ്. മുആബ് പ്രദേശത്തുനിന്ന് കൊണ്ടുവന്ന ഹുബ്ൽ വിഗ്രഹത്തെയാണ് അയാൾ പ്രതിഷ്ഠിച്ചത്. ഇസാഫിന്റെയും നാഇലയുടെയും വിഗ്രഹങ്ങളും കഅ്ബയിൽ സ്ഥാപിക്കപ്പെട്ടിരുന്നു. ഇങ്ങനെയാണ് ഏകദൈവാരാധനയ്ക്കായി സ്ഥാപിക്കപ്പെട്ട കഅ്ബ വിഗ്രഹാലയമായി മാറിയത്. നബിയുടെ നിയോഗഘട്ടത്തിൽ അവിടെ മുന്നൂറിലേറെ വിഗ്രഹങ്ങളുണ്ടായിരുന്നു. എന്നാൽ, മക്കാവിമോചനത്തോടെ അവിടെ അവയെ ആരാധിക്കുകയോ ആദരിക്കുകയോ ചെയ്യുന്ന ആരുമില്ലാതായി. പ്രവാചകനെതിരെ അണിനിരന്ന് വിഗ്രഹാരാധനയ്ക്കും ഇതര അനാചാരങ്ങൾക്കുമായി നിലകൊണ്ടിരുന്ന നേതാക്കൾപോലും പ്രവാചകന്റെ അടുത്ത അനുയായികളായി മാറി. അങ്ങനെ വിഗ്രഹങ്ങളെ ആരാധിക്കുന്ന ആരും അവിടെയില്ലാത്ത അവസ്ഥ സംജാതമായപ്പോൾ നബിതിരുമേനി വിഗ്രഹങ്ങൾ എടുത്തുമാറ്റി കഅ്ബക്ക് അതിന്റെ വിശുദ്ധി പുനഃസ്ഥാപിക്കാൻ ആഗ്രഹിച്ചു. അങ്ങനെയാണ് കഅ്ബ വിഗ്രഹങ്ങളിൽ നിന്ന് മുക്തിനേടിയത്. വിഗ്രഹാരാധനയ്ക്കായി വീറോടെ വാദിക്കുകയും പ്രവാചകനെതിരെ പോർക്കളത്തിൽ പടയോട്ടത്തിന് നേതൃത്വം നൽകുകയും ചെയ്ത അബൂസുഫ്യാനാണ് തന്റെ മതംമാറ്റത്തിനുശേഷം മനാത്ത എന്ന വിഗ്രഹത്തെ ഉടച്ച് കഅ്ബയിൽ നിന്ന് നീക്കംചെയ്തത്. നബി തിരുമേനിക്കെതിരെ പലതവണ പടക്കളത്തിലിറങ്ങിയ ഖാലിദുബ്നുൽ വലീദാണ് ഉസ്സാ വിഗ്രഹത്തെ കഅ്ബയിൽ നിന്ന് പുറത്തെറിഞ്ഞത്. അങ്ങനെ കഅ്ബയിലെ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവർ തന്നെയാണ് ആദർശമാറ്റത്തെത്തുടർന്ന് തങ്ങൾ ആരാധിച്ചിരുന്ന വിഗ്രഹങ്ങളെ നീക്കംചെയ്ത് കഅ്ബയെ പൂർവാവസ്ഥയിലാക്കിയത്. വിഗ്രഹങ്ങൾ ഉണ്ടായിരുന്നപ്പോൾ വിശുദ്ധ കഅ്ബയുടെ താക്കോൽ സൂക്ഷിച്ചിരുന്ന ഉസ്മാനുബ്നു ത്വൽഹ തന്നെയാണ് അവ എടുത്തുമാറ്റിയ ശേഷവും അതിന്റെ താക്കോൽ സൂക്ഷിപ്പുകാരനായതെന്ന കാര്യം ഏറെ ശ്രദ്ധേയമത്രെ. തങ്ങളുടെ ആരാധ്യവസ്തുക്കൾ ഉണ്ടായിരുന്നപ്പോൾ കഅ്ബയുടെ സംരക്ഷണത്തിനു നേതൃത്വം

നൽകിയവർതന്നെ അവയൊക്കെ നശിപ്പിക്കപ്പെട്ട ശേഷവും അതേ സംരക്ഷണം തുടരണമെങ്കിൽ അതിനിടയിൽ നടന്ന മനംമാറ്റവും ആദർശവിശ്വാസ വിപ്ലവവും എത്ര ശക്തവും അഗാധവുമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ആദർശ പരിവർത്തനത്തിലൂടെ മക്കാ നിവാസികളുടെ മനസ്സുകളിൽ നിന്ന് വിഗ്രഹങ്ങളുമായുള്ള ബന്ധത്തിന്റെ അവസാനത്തെ അംശവും നശിപ്പിച്ച് അവയെ ആരാധിക്കുന്ന ആരും അവശേഷിക്കാത്ത അവസ്ഥ സംജാതമായി. വിശുദ്ധ കഅ്ബയിൽ നിന്നും പരിസരത്തുനിന്നും വിഗ്രഹങ്ങളൊക്കെയും അപ്രത്യക്ഷമായി. ആദിയിൽ ഏകദൈവാരാധനയ്ക്കുവേണ്ടി മാത്രം നിർമിക്കപ്പെട്ട വിശുദ്ധ ഗേഹമായിരുന്ന കഅ്ബയിൽ പിൽക്കാലത്ത് വിഗ്രഹങ്ങൾ സ്ഥാപിച്ചത് ഖുറൈശികൾ തന്നെയായിരുന്നു. മക്കാ വിജയത്തെത്തുടർന്ന് അതേ ഖുറൈശികൾ തന്നെ അവയെല്ലാം എടുത്തു മാറ്റുകയായിരുന്നു. കഅ്ബയിൽ നിന്നുള്ള വിഗ്രഹനിഷ്കാസനത്തിലൂടെ നടന്നത് ഒരു വിഗ്രഹാലയത്തെ വിഗ്രഹമുക്ത ദേവാലയമാക്കി മാറ്റുകയായിരുന്നില്ല. മറിച്ച്, ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു വിഗ്രഹവിരുദ്ധ ദേവാലയത്തെ പിൽക്കാലത്തുണ്ടായ വിഗ്രഹാധിനിവേശത്തിൽ നിന്ന് മോചിപ്പിച്ച് അതിന്റെ തനിമ വീണ്ടെടുക്കുകയായിരുന്നുവെന്ന വസ്തുത അടിവരയിട്ടു മനസ്സിലാക്കേണ്ടതാണ്.

വിശുദ്ധ മക്ക വിഗ്രഹാരാധനയിൽ നിന്ന് എക്കാലവും പവിത്രവും നിർഭയവും ആയിരിക്കണമെന്ന് പ്രവാചകൻ പ്രഖ്യാപിച്ചു. ഖുസാഅ ഗോത്രം ഒരു ബഹുദൈവാരാധകനെ വധിച്ച വിവരമറിഞ്ഞ നബിതിരുമേനി അതിൽ അനിഷ്ടം പ്രകടിപ്പിക്കുകയും ജനമധ്യത്തിൽ ചെന്ന് ഇങ്ങനെ പ്രസംഗിക്കുകയും ചെയ്തു: "ജനങ്ങളേ, ആകാശഭൂമികളെ സൃഷ്ടിച്ച നാൾതൊട്ടുതന്നെ അല്ലാഹു മക്കാനഗരത്തിന് പവിത്രത കൽപിച്ചിട്ടുണ്ട്. അന്ത്യനാൾവരെ ആ പവിത്രത പരിരക്ഷിക്കപ്പെടണം. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ആരും അവിടെ വെച്ച് രക്തം ചിന്തുകയോ ഒരു മരംപോലും മുറിക്കുകയോ അരുത്. എനിക്കു മുമ്പ് ആർക്കും അതിന് അനുവാദം നൽകപ്പെട്ടിട്ടില്ല. എനിക്കുശേഷം ആർക്കും നൽകപ്പെടുന്നതുമല്ല."

മക്ക വിഗ്രഹങ്ങളിൽ നിന്നും വിഗ്രഹാരാധകരിൽ നിന്നും വിമോചിതമായിരുന്നുവെങ്കിലും അറേബ്യയുടെ ഇതര ഭാഗങ്ങളിൽ ബഹുദൈവാരാധകരുണ്ടായിരുന്നു. ഈ ഘട്ടത്തിലാണ് ഹിജ്റ ഒമ്പതാം വർഷം അബൂബക്ർ സിദ്ദീഖിന്റെ നേതൃത്വത്തിൽ ഹജ്ജ്കർമം നടന്നത്. അതിനാൽ വിഗ്രഹാരാധകരായ ബഹുദൈവ വിശ്വാസികളും തീർത്തും വിരുദ്ധമായ വിശ്വാസവും ആരാധനാരീതികളും അംഗീകരിച്ച മുസ്‌ലിംകളും ഹജ്ജിനായി മക്കയിൽ ഒത്തുകൂടി. ഏകദൈവാരാധനയ്ക്കായി സ്ഥാപിതമായ ആരാധനാലയം ഇടക്കാലത്ത് വന്നുചേർന്ന വിഗ്രഹങ്ങളിൽ നിന്ന് മോചിതവും വിശുദ്ധവുമായി അതിന്റെ തനിമ വീണ്ടെടുത്ത ശേഷവും അവിടെവെച്ച് ബഹുദൈവാരാധന നടക്കുന്നത് ഏതർഥത്തിലും അനുചിതവും അനാശാസ്യവുമത്രെ. ഈ പശ്ചാത്തലത്തിലാണ് 28-ാം വാക്യമുൾപ്പെടെ ഒമ്പതാം അധ്യായത്തിലെ ആദ്യഭാഗം അവതീർണമായത്. അവ ഉൾക്കൊള്ളുന്ന നിയമം പ്രസ്തുത വർഷത്തെ ഹജ്ജ് വേളയിൽതന്നെ വിളംബരം ചെയ്യപ്പെടുകയുമുണ്ടായി.

വിശുദ്ധ കഅ്ബയുടെ ഭരണം കൈയാളിയിരുന്നവരൊക്കെ വിശ്വാസികളാവുകയും അതിന്റെ ഭരണം മുസ്‌ലിംകളുടെ കൈകളിലർപ്പിതമാവുകയും ചെയ്ത പശ്ചാത്തലത്തിൽ ഏകദൈവാരാധനയ്ക്കായി മാത്രം നിർമിക്കപ്പെട്ട ആ ഭവനത്തിൽ ബഹുദൈവാരാധന അംഗീകരിക്കണമെന്ന് പറയുന്നതിലർഥമില്ല. അതോടൊപ്പം ആ ഭവനത്തിന്റെ തനിമയും പവിത്രതയും എക്കാലവും പരിരക്ഷിക്കപ്പെടാനായി തീർത്തും വിരുദ്ധമായ വിശ്വാസവീക്ഷണങ്ങൾ വെച്ചുപുലർത്തുന്നവർ അവിടെ തീർഥാടനം ചെയ്യുന്നത് വിലക്കേണ്ടതും അനിവാര്യമായിരുന്നു. അതിന്റെ നിർവഹണമത്രെ പ്രസ്തുത ഖുർആൻ വാക്യത്തിന്റെ നിയോഗം.

ബഹുദൈവ വിശ്വാസികൾ അവിശുദ്ധരാണെന്നതിന്റെ ഉദ്ദേശ്യം അവരുടെ ശരീരം മലിനമാണെന്നോ അവർ സ്വയം അവിശുദ്ധരാണെന്നോ അല്ല. മറിച്ച് കഅ്ബയുടെ വിശുദ്ധിയുമായി താരതമ്യം ചെയ്യുമ്പോൾ അവരുടെ വിശ്വാസാചാരങ്ങളും ആരാധനാനുഷ്ഠാനങ്ങളും അവയിലധിഷ്ഠിതമായ ജീവിതരീതിയും അവിശുദ്ധമാണെന്നാണ്. ഏകദൈവ വിശ്വാസവും ഏകദൈവാരാധനയുമാണ് ശരിയും വിശുദ്ധവുമെന്ന് അംഗീകരിക്കുന്ന ഏവരും അതിനു വിരുദ്ധമായ ബഹുദൈവ വിശ്വാസവും ആരാധനയും തെറ്റും അവിശുദ്ധവുമാണെന്ന് പ്രഖ്യാപിക്കാൻ ബാധ്യസ്ഥരാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതിനർഥം അവർക്ക് തങ്ങളുടെ വിശ്വാസത്തിൽ ബോധ്യവും ആത്മാർഥതയുമില്ലെന്നാണ്.

അന്യദൈവങ്ങളെ ആരാധിക്കുന്നവരെ ഭഗവദ്ഗീത അല്പബുദ്ധികളെന്നാണ് വിശേഷിപ്പിക്കുന്നത്:

> കാമൈസ്തൈ സ്തൈർ ഹൃതജ്ഞാനാഃ
> പ്രപദ്യന്തേ ƒന്യദേവതാഃ
> തം തം നിയമമാസ്ഥായ
> പ്രകൃത്യാ നിയതാഃ സ്വയാ.
>
> അന്തവത്തു ഫലം തേഷാം
> തദ്ഭവത്യൽപമേധസാം
> ദേവാൻ ദേവയജോ യാന്തി,
> മദ്ഭക്താ യാന്തി മാമപി.
>
> (അധ്യായം 7 ജ്ഞാനവിജ്ഞാനയോഗം. 20, 23)

(ജനങ്ങൾ സ്വപ്രകൃതിക്കധീനരായി അതാതിച്ഛകളുദിക്കയാൽ യഥാർഥജ്ഞാനമകന്നുപോകകൊണ്ട് അതാതു നിയമങ്ങളെ അടിസ്ഥാനമാക്കി ഭൂതപ്രേതാദികളായ ഇതര ദേവൻമാരെ ഭജിക്കുന്നു...ദേവൻമാരെ ആരാധിക്കുന്നവർ ദേവൻമാരെ തന്നെ പ്രാപിക്കുന്നു. അല്പബുദ്ധികളായ അവർക്ക് അതിൽനിന്നുണ്ടാകുന്ന ഫലം നശ്വരമാകുന്നു. എന്നാൽ എന്റെ ഭക്തൻമാരാകട്ടെ എന്നെത്തന്നെ പ്രാപിക്കുന്നു.) (ശ്രീമദ് ഭഗവദ്ഗീത (സാരാർഥം)–പി.എം. നാരായണൻനായർ, വിദ്യാരംഭം പബ്ലിഷേഴ്സ്).

കാറൽ മാർക്സും എംഗൽസും എതിരാളികളെ ചെറ്റകളെന്നാണ് വിളിക്കുന്നത്.

"ആ 'അപകടം പിടിച്ച വർഗം,' സമുദായത്തിലെ ചെറ്റകൾ സമുദായത്തിന്റെ അടിത്തട്ടിൽ നിന്ന് പൊന്തിവരുന്നതും കിടന്നു ചീയുന്നതുമായ ആ ജനസമൂഹം, തൊഴിലാളിവിപ്ലവത്തിനിടയ്ക്ക് അവിടവിടെ വിപ്ലവ പ്രസ്ഥാനങ്ങളിലേക്ക് അടിഞ്ഞുവരാനിടയുണ്ട്. എന്നാൽ, ഇവരുടെ ജീവിതസാഹചര്യങ്ങൾ നോക്കുമ്പോൾ പിന്തിരിപ്പന്മാരുടെ കൈയിൽനിന്നും കോഴവാങ്ങി അവരുടെ കൂടതന്ത്രങ്ങൾക്കുള്ള ചട്ടുകമായി പ്രവർത്തിക്കാനാണ് ഇവർ അധികം പറ്റുകയെന്ന് കാണാവുന്നതാണ്." *(കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ, പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, 1957 പേജ് 22)*

വിശുദ്ധ ഖുർആൻ, ബഹുദൈവാരാധകർ മസ്ജിദുൽഹറാമിൽ പ്രവേശിക്കുന്നത് വിലക്കിയത് അതിന്റെ പവിത്രതയും സുരക്ഷിതത്വവും സമാധാന സംരക്ഷണവും പരിഗണിച്ചാണ്. ലോക കേന്ദ്രം വിശുദ്ധ കഅ്ബയിലും പരിസരത്തും അത് പ്രതിനിധാനം ചെയ്യുന്നതിനു വിരുദ്ധമായ വിശ്വാസവും ആരാധനാരീതിയും വെച്ചുപുലർത്തുന്നവർ സൈ്വരവിഹാരം നടത്തുന്നത് അതിന്റെ പവിത്രതയ്ക്കു കോട്ടം തട്ടാനും അതുവഴി സമാധാനഭംഗവും അരക്ഷിതത്വവും സംജാതമാകാനും കാരണമായിത്തീരുമെന്നതിൽ സംശയമില്ല. മുസ്‌ലിംകളുമായി സന്ധിയോ സഖ്യമോ നിലവിലുള്ള അവിശ്വാസികൾക്കും അമുസ്‌ലിംകളെ പ്രതിനിധീകരിച്ച് മുസ്‌ലിം ഭരണാധികാരികളെ സന്ദർശിക്കാനായി വരുന്ന ബഹുദൈവവിശ്വാസികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിംകൾ അവിടെ പ്രവേശിക്കുന്നത് ചില പണ്ഡിതന്മാർ വിലക്കുന്നില്ല. ബഹുദൈവ വിശ്വാസികൾ അനിസ്‌ലാമികാചാരങ്ങളും ഹജ്ജും ഉംറയും നിർവഹിക്കാൻ അവിടെ വരുന്നതിനു മാത്രമേ വിലക്കുള്ളൂ എന്നാണ് ഇമാം അബൂഹനീഫയുടെ വീക്ഷണം.

എന്നാൽ, ഇതര പള്ളികളിൽ ബഹുദൈവാരാധകർ പ്രവേശിക്കുന്നതിനെ ഇസ്‌ലാം വിലക്കുന്നില്ല. പ്രവാചകൻ ബഹുദൈവ വിശ്വാസികൾക്ക് മദീനയിലെ പള്ളിയിൽ പ്രവേശനമനുവദിച്ചിരുന്നു. നജ്റാനിലെ ക്രൈസ്തവർക്ക് അദ്ദേഹം പള്ളിയിൽ പ്രവേശനം നൽകിയതോടൊപ്പം പ്രാർഥന നടത്താൻ അവസരമൊരുക്കുകയുമുണ്ടായി. ഇന്നും കേരളത്തിലുൾപ്പെടെ പലയിടങ്ങളിലും അമുസ്‌ലിംകൾ മുസ്‌ലിം പള്ളികളിൽ വരാറുണ്ട്.

## പതിനൊന്ന്

# ആരാണ് കാഫിറുകൾ?

"**കാ**ഫിറുകൾ നിങ്ങളുടെ പ്രത്യക്ഷ ശത്രുക്കൾതന്നെ, തീർച്ച." (ഖുർആൻ 4:101)

ഇന്ദ്രപ്രസ്ഥ വിശ്വഹിന്ദു പരിഷത്ത് ഖുർആനിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട 24 വാക്യങ്ങളിലൊന്നാണിത്. മുസ്‌ലിംകളല്ലാത്തവരെ നിന്ദിക്കാനും ശകാരിക്കാനും ശത്രുക്കളായി കണക്കാക്കാനും ഖുർആൻ പ്രയോഗിക്കുന്ന പദമാണ് 'കാഫിർ' എന്ന് അവർ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ മുസ്‌ലിംകളല്ലാത്തവരെല്ലാം കാഫിറുകളാണെന്നാണ് പലരുടേയും ധാരണ. എന്നാൽ, ഈ ധാരണ തീർത്തും തെറ്റാണ്. പൊതു സമൂഹത്തെ സംബോധന ചെയ്യാനും പരിചയപ്പെടുത്താനും ഖുർആൻ സ്വീകരിച്ച പദം 'ജനങ്ങൾ', 'മനുഷ്യർ' എന്നൊക്കെ അർഥമുള്ള 'അന്നാസ്' എന്നതാണ്.

'മൂടി', 'മറച്ചുവെച്ചു' എന്നൊക്കെ അർഥമുള്ള 'കഫറ' എന്ന പദത്തിൽനിന്നാണ് 'കാഫിർ' എന്നുണ്ടായത്. അതിനാൽ 'മറച്ചുവെയ്ക്കുന്നവൻ' എന്നാണ് കാഫിർ എന്ന പദത്തിന്റെ അർഥം. വിത്ത് മറച്ചുവെയ്ക്കുന്നവൻ എന്ന നിലയിൽ കർഷകനെ കാഫിർ എന്ന് വിശേഷിപ്പിക്കാം. വിശുദ്ധ ഖുർആൻ തന്നെ കർഷകരെക്കുറിച്ച് കാഫിറുകൾ (കുഫ്ഫാർ) എന്ന് പ്രയോഗിച്ചിട്ടുണ്ട്.

"അറിയുക, ഐഹികജീവിതം കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം പെരുമനടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും ദുരഭിമാനം കാണിക്കലും മാത്രമത്രെ. ഒരു മഴ പോലെ. അതു മൂലമുണ്ടാകുന്ന ചെടികൾ കാഫിറുകളെ വിസ്മയിപ്പിക്കുന്നു. പിന്നീട് അതിന് ഉണക്കം ബാധിക്കുന്നു. അപ്പോഴത് മഞ്ഞളിച്ചതായി നിനക്കു കാണാം. പിന്നീട് അത് തുരുമ്പായിത്തീരുന്നു." (ഖുർആൻ 57:20)

ഇവിടെ കാഫിറുകളെന്നതിന്റെ വിവക്ഷ കർഷകരാണെന്നത് സുസമ്മതവും സുവിദിതവുമത്രെ. സത്യവും അസത്യവും വന്നെത്തിയ ശേഷം സത്യത്തെ ബോധപൂർവം മറച്ചുവെയ്ക്കുന്നവനും അതിനെ അവിശ്വസിക്കുന്നവനും നിഷേധിക്കുന്നവനുമാണ് കാഫിർ. 'നന്ദികെട്ടവൻ' എന്ന അർഥത്തിലും ഖുർആൻ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. "അതിനാൽ നിങ്ങൾ എന്നെ സ്മരിക്കുക. എന്നോട് നന്ദിയുള്ളവരായിരിക്കുക. നന്ദികെട്ടവർ(കാഫിറുകൾ)

ആവാതിരിക്കുക."(2:152)

തനിക്കു ലഭിച്ച ഉപകാരങ്ങളും ഔദാര്യങ്ങളും മറച്ചുവെക്കലാണല്ലോ നന്ദികേട്. അതിനാൽ 'മറച്ചുവെക്കുക' എന്നതിൽനിന്നുതന്നെയാണ് നന്ദികേട് എന്ന അർഥവും സിദ്ധിച്ചത്. എന്നാൽ, 'സത്യത്തെ നിഷേധിച്ചവരും അവിശ്വസിച്ചവരും' എന്ന അർഥത്തിലാണ് കാഫിറുകൾ എന്ന പദം കൂടുതലും പ്രയോഗിച്ചിട്ടുള്ളത്. ഖുർആനിൽ 'കുഫ്റ'യും 'കാഫിറു'മായി ബന്ധപ്പെട്ട പദങ്ങൾ അഞ്ഞൂറോളം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. അവയിലൊരിടത്തുപോലും അമുസ്ലിം എന്ന അർഥത്തിൽ അത് പ്രയോഗിച്ചിട്ടില്ല.

മനുഷ്യനെയും അവൻ ജീവിക്കുന്ന പ്രപഞ്ചത്തെയും സൃഷ്ടിച്ച് സംരക്ഷിക്കുന്ന ദൈവത്തെയും അവൻ നൽകിയ സന്ദേശത്തെയും നിഷേധിക്കുന്നവനാണ് കാഫിർ. അവൻ പരമമായ സത്യത്തെ നിഷേധിക്കുന്നവനത്രെ. മനുഷ്യന് ജീവനും ജീവിതവും ജീവിത വിഭവങ്ങളും നൽകിയ സ്രഷ്ടാവിൽ വിശ്വസിച്ച് അവന്റെ ഔദാര്യങ്ങൾക്ക് നന്ദി കാണിക്കാത്തവനെന്ന നിലയിലും അവൻ കാഫിറത്രെ. സത്യം വന്നെത്തിയിട്ടും അതംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യാതെ മറച്ചുവെക്കുന്നവനെന്ന നിലയിലും അത്തരക്കാർ കാഫിറുകളാണ്. സത്യം വന്നെത്തുകയും മനസ്സിലാക്കുകയും ചെയ്യാത്തവർ അതിനെ മറച്ചുവെക്കുന്ന പ്രശ്നം ഉദ്ഭവിക്കുന്നില്ലല്ലോ.

കാഫിർ എന്ന പദം സംബോധനയ്ക്കുള്ള പേരെന്ന നിലയിലല്ല ഖുർആൻ പ്രയോഗിച്ചത്. മറിച്ച്, ഒരവസ്ഥയെ വിശദീകരിക്കാനും അതിന്റെ പരിണതി അറിയിക്കാനുമാണ്. അതിനാൽ, ഖുർആൻ ആരാണ് കാഫിർ എന്ന് വിശദീകരിക്കുന്നു.

"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും വിശ്വാസകാര്യത്തിൽ അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപിക്കാനാഗ്രഹിക്കുകയും 'ഞങ്ങൾ ചിലരെ വിശ്വസിക്കുകയും ചിലരെ അവിശ്വസിക്കുകയും ചെയ്യുന്നു'വെന്ന് പറയുകയും അങ്ങനെ സത്യവിശ്വാസത്തിനും നിഷേധത്തിനുമിടയിൽ മറ്റൊരു മാർഗമവലംബിക്കാനുദ്ദേശിക്കുകയും ചെയ്യുന്നവരോ, അവർ തന്നെയാണ് യഥാർഥ കാഫിറുകൾ. സത്യ നിഷേധികൾക്ക് നിന്ദ്യമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്." (4: 150, 151)

ഖുർആനിൽ ഒരിടത്തുമാത്രമേ ഭൂമിയിലെ കാഫിറുകളെ സംബോധന ചെയ്യുന്നുള്ളൂ; സൂറ അൽകാഫിറൂനിൽ. തീർത്തും പ്രത്യേകമായ പശ്ചാത്തലത്തിൽ പ്രവാചകനോടുള്ള നിർദേശത്തിന്റെ ഭാഗമാണത്. ഇസ്ലാമിക പ്രബോധനത്തിനെതിരെ മക്കയിലെ ഖുറൈശിക്കൂട്ടം എതിർപ്പിന്റെ കൊടുങ്കാറ്റഴിച്ചുവിട്ടു. മർദനത്തിന്റെ സമ്മർദത്തിൽ പ്രവാചകനും അനുചരന്മാരും തങ്ങളുടെ നിർദേശങ്ങൾക്കു വഴങ്ങുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. അങ്ങനെ അവർ പലവിധ നിർദേശങ്ങളും നബി(സ) യുടെ മുമ്പിൽ സമർപ്പിച്ചു. അവയിലൊന്ന് ഇതായിരുന്നു: "മക്കയിലെ ഏറ്റവും വലിയ സമ്പന്നനാകാൻ മാത്രമുള്ള സ്വത്ത് ഞങ്ങൾ നിങ്ങൾക്കു തരാം. നിങ്ങൾക്ക് ഇഷ്ടമുള്ള ഏതു യുവതിയെയും കല്യാണം കഴിച്ചുതരാം. ഞങ്ങൾ നിങ്ങളെ പിന്തുടരാനും സന്നദ്ധമാണ്. നിങ്ങൾ ഞങ്ങളുടെ ഒരു ഉപാധി മാത്രം സ്വീകരിച്ചാൽ മതി, ഞങ്ങളുടെ ദൈവങ്ങളെ വിമർശിക്കരുത്. താങ്കൾക്ക് ഇതു സ്വീകാര്യമല്ലെങ്കിൽ

ഞങ്ങൾക്കും താങ്കൾക്കും ഗുണകരമായ മറ്റൊരു നിർദേശം ഉന്നയിക്കാം." പ്രവാചകൻ (സ) ചോദിച്ചു: "അതെന്താണ്?" അവർ പറഞ്ഞു: "ഒരു കൊല്ലം നിങ്ങൾ ഞങ്ങളുടെ ദൈവങ്ങളായ ലാത്തയെയും ഉസ്സയെയും ആരാധിക്കുക. ഒരു കൊല്ലം ഞങ്ങൾ താങ്കളുടെ ദൈവത്തെ ആരാധിക്കാം." (ഇബ്നുജരീർ, ഇബ്നു അബീഹാതിം, ത്വബ്റാനി)

ഇതിനുള്ള ദൈവിക പ്രതികരണമായാണ് പ്രസ്തുത അധ്യായം അവതീർണമായത്. അതിനാലിത് പൊതുവായ സംബോധനയോ പ്രബോധിതരോടുള്ള സംബോധനയോ അല്ല, തീർത്തും നിരർഥകമായ സന്ധിനിർദേശങ്ങളോടുള്ള നിരാസപരമായ വിടപറയലിന്റെ വേളയിലെ സംബോധനയത്രെ.

സത്യപ്രബോധനം നടത്തേണ്ട ആവശ്യമില്ലാത്ത വിധം സത്യനിഷേധത്തിൽ മൂടുറച്ചുപോയവർ മാത്രമേ 'കാഫിറുകളേ' എന്ന സംബോധനയ്ക്ക് അർഹമാകുന്നുള്ളൂ എന്ന് വിശുദ്ധ ഖുർആൻ പരിശോധിക്കുമ്പോൾ ആർക്കും ബോധ്യപ്പെടും. വിശുദ്ധ ഖുർആനിലെ കാഫിറുകളെ സംബന്ധിച്ച പരാമർശങ്ങളെല്ലാം അവർ ആരെന്ന് വിശദീകരിക്കാനും അവരുടെ സമീപനം വ്യക്തമാക്കാനും അവരോട് സ്വീകരിക്കേണ്ട നയം പഠിപ്പിക്കാനും ഈ ലോകത്തും പരലോകത്തുമുള്ള അവരുടെ അവസ്ഥ വരച്ചുകാണിക്കാനുമാണ്.

അതുകൊണ്ടുതന്നെ ഇന്ത്യയിലെ ഹിന്ദുക്കളെ മുസ്ലിംകൾ കാഫിറുകളെന്ന് വിളിക്കാറില്ല. പത്ത് നൂറ്റാണ്ടുമുമ്പ് ഇന്ത്യ സന്ദർശിച്ച് പന്ത്രണ്ടു വർഷം ഇവിടെ താമസിച്ച് ഇന്ത്യയെയും ഇന്ത്യക്കാരെയും ഹിന്ദുക്കളെയും ഹിന്ദുദർശനത്തെയും സംബന്ധിച്ച് 'കിതാബുൽ ഹിന്ദ്' എന്ന ശ്രദ്ധേയമായ ഗ്രന്ഥം രചിച്ച അബൂറയ്ഹാൻ അൽ ബിറൂനി അക്കാലത്തുപോലും ഇവിടത്തെ അമുസ്ലിംകളെ 'കാഫിറുകൾ' എന്ന് വിളിച്ചിട്ടില്ല. ഹിന്ദുക്കൾ(അൽഹുനൂദ്) എന്നാണ് വിശേഷിപ്പിക്കുകയും വിളിക്കുകയും ചെയ്തത്.

വിമർശന വിധേയമായ നാലാം അധ്യായത്തിലെ 101-ാം വാക്യം പരാമർശിക്കുന്ന 'കാഫിറുകൾ' കേവലം അമുസ്ലിംകളോ സത്യത്തെ നിഷേധിച്ചവരോ അല്ല. മറിച്ച്, സത്യനിഷേധം സ്ഥാപിക്കാനായി സത്യവിശ്വാസികളോട് യുദ്ധം ചെയ്യാൻ ഇറങ്ങിത്തിരിച്ചവരാണ്. അവർ സത്യവിശ്വാസികളുടെ പ്രത്യക്ഷ ശത്രുക്കളാണെന്നത് അനിഷേധ്യവും സുവിദിതവുമാണല്ലോ. പ്രസ്തുത വാക്യത്തിന്റെ പൂർണ രൂപം പാരായണം ചെയ്യുന്ന ആർക്കുമിത് ബോധ്യമാകും. അത് ഇവ്വിധമത്രെ: "നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുമ്പോൾ നമസ്കാരം ചുരുക്കുന്നതിനു വിരോധമില്ല. കാഫിറുകൾ നിങ്ങളെ ദ്രോഹിക്കുമെന്ന് ഭയപ്പെടുമ്പോൾ വിശേഷിച്ചും. കാരണം, കാഫിറുകൾ നിങ്ങളോടുള്ള തുറന്ന ശത്രുതയിൽതന്നെ, തീർച്ച." (4:101)

പ്രവാചകനോടും അനുയായികളോടും പ്രതിയോഗികൾ സ്വീകരിച്ച സമീപനം വ്യക്തമാക്കുക മാത്രമാണ് ഖുർആൻ ഇവിടെ ചെയ്യുന്നത്. ഇത് എങ്ങനെയാണ് ആക്ഷേപകരവും വിമർശനവിധേയവുമാകുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല. ഖുർആൻ സൂക്തത്തിന്റെ ഒരു ഭാഗം എവിടെ, എന്തിന് ഉപയോഗിച്ചു എന്നുപോലും പരിശോധിക്കാതെ ഉദ്ധരിച്ച് തെറ്റുധാരണ സൃഷ്ടിക്കുന്നതിന്റെ മികച്ച ഉദാഹരണങ്ങളിൽ ഒന്നത്രെ ഇത്.

✸

പ്രകാശം അനുഗ്രഹമാണ്;
ഇരുട്ട് ശാപവും.
വെളിച്ചം തേടി അലയുന്ന
എത്രയോ പേരുണ്ട് ഭൂമിയിൽ.
ഇരുട്ടിൽനിന്ന് ഇരുട്ടിലേക്ക്
അവരുടെ യാത്ര നീളുമ്പോൾ,
'വെളിച്ചം ഇതാ
ഇവിടെത്തന്നെയുണ്ട്;
നിങ്ങൾ കണ്ണു തുറന്നാൽ മതി'
എന്ന് സ്നേഹപൂർവം
വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന
ഒരു കൊച്ചു സംഘമുണ്ട്
നമുക്കിടയിൽ.
അവരെപ്പറ്റി,
അവരുടെ ദർശനത്തെപ്പറ്റി,
അത് പ്രസരിപ്പിക്കുന്ന
പ്രകാശത്തെപ്പറ്റി.

വില: 20.00

ISBN 81-7204-666-9
9 788172 046668 00020

പ്രസാധനം
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്

3